# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2014 വാല്യം 41 ലക്കം 7 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 12 വില 5.00 രൂപ


# ബിജെപി സർക്കാരിന്റെ നയങ്ങൾക്കെതിരെ വിശാല ഇടതു സമരനിര:




എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്

## എസ്‌യുസിഐ(സി)യുടെ സമീപനം

**സി**പിഐ(എം) നയിക്കുന്ന ഇടതുമുന്നണി, ദേശീയതലത്തിൽ മറ്റുചില ഇടതുപക്ഷ പ്രസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തി വികസിപ്പിക്കാൻ അവർ തീരുമാനിച്ചതായി വാർത്തകൾ ദേശീയമാദ്ധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ആദ്യഘട്ടത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), സിപിഐഎംഎൽ(ലിബറേഷൻ) എന്നീ പാർട്ടികളെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്നും വാർത്തയിൽ വ്യക്തമാക്കിയിരുന്നു. ഇതുപ്രകാരം, സിപിഐ(എം) ജനറൽ സെക്രട്ടറി സഖാവ് പ്രകാശ് കരാട്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷുമായി ഒക്ടോബർ 16ന് കൊൽക്കത്തയിൽവച്ച് ഒരു ചർച്ച നടത്തുകയുണ്ടായി.

ആഗോളീകരണ നയങ്ങൾക്കും വർഗ്ഗീയ വിപത്തിനുമെതിരെ ദേശീയ തലത്തിൽ ഇടതു-ജനാധിപത്യ-മതേതര ശക്തികളുടെ യോജിച്ച സമരനിര ഉയർന്നുവരേണ്ടതിന്റെ ആവശ്യകത ദീർഘകാലമായി നമ്മുടെ പാർട്ടി ചൂണ്ടിക്കാണിച്ചുവരികയായിരുന്നു. ആ ദിശയിലുള്ള ഗൗരവതരമായ പരിശ്രമങ്ങളിൽ വ്യാപൃതമായിരുന്നു. പ്രത്യേകിച്ചും ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾക്കെതിരെ യോജിച്ച സമരനിര അടിയന്തിര കടമയാണെന്ന് വ്യക്തമാക്കിക്കൊണ്ട് മറ്റ് ഇടതുപാർട്ടികൾക്ക് ഒന്നിലേറെ തവണ നമ്മൾ കത്തുനൽകുകയുമുണ്ടായി. പാർലമെന്ററി താൽപ്പര്യങ്ങൾക്കപ്പുറത്ത്, ജനജീവിതം അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ജനങ്ങളെ പ്രാപ്തരാക്കുന്നതായിരിക്കണം ഇത്തരമൊരു കൂട്ടുകെട്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജനാധിപത്യാവകാശങ്ങൾ പുനഃസ്ഥാപിക്കാനും നിലനിർത്താനും വിപുലീകരിക്കാനും ഇതിലൂടെ കഴിയണം. നാടിന്റെ മതേതര സ്വഭാവം തകർക്കാനും നവോത്ഥാനം സൃഷ്ടിച്ച മൂല്യങ്ങളെയാകെ നിരാകരിക്കാനുമുള്ള എല്ലാ നീക്കങ്ങളെയും ചെറുത്തുപരാജയപ്പെടുത്താൻ ഉതകുന്നതാകണം ഈ വിശാല സമരനിര. ചരിത്രാവബോധവും യുക്തിചിന്തയും ശാസ്ത്രീയ മനോഘടനയും ബലപ്പെടുത്താൻ സഹായകമായ പ്രത്യയശാസ്ത്ര ചർച്ചകൾക്കും സംവാദങ്ങൾക്കും ഈ സമരവേദി ഗൗരവാവഹമായ പരിഗണന നൽകേണ്ടതുണ്ട്. ഇതൊക്കെ എസ്‌യുസിഐ(സി) പലപ്പോഴായി ഇടതുപ്രസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്.

എന്നാൽ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്തരമൊരു ദൗത്യം ഏറ്റെടുക്കാൻ സിപിഐ(എം), സിപിഐ പോലുള്ള പാർട്ടികൾ തയ്യാറായില്ല. തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി തട്ടിക്കൂട്ടുന്ന സഖ്യങ്ങൾക്കപ്പുറത്തൊരു പരിശ്രമവും അവരുടെ ഭാഗത്തുനിന്നുണ്ടായില്ല. താൽക്കാലിക നേട്ടങ്ങളുടെ പിന്നാലെയുള്ള ഈ പരക്കംപാച്ചിൽ രാഷ്ട്രീയമായും സംഘടനാപരമായും വലിയ പതനത്തിലാണ് അവരെ കൊണ്ടെത്തിച്ചത്. ആഗോളീകരണ നയങ്ങൾക്കെതിരെ അനിവാര്യമായിരുന്ന രാജ്യവ്യാപകമായ പ്രക്ഷോഭത്തിന്റെ സാദ്ധ്യതകൾ ഇത് തല്ലിക്കെടുത്തി. ജനങ്ങൾ ദുരിതക്കയത്തിലായി. അധികാരത്തിലേറിയ സന്ദർഭങ്ങളിലെല്ലാം അവർ ആ നയത്തിന്റെ നടത്തിപ്പുചുമതല ഏറ്റെടുക്കുന്ന സ്ഥിതിവരെയെത്തി. ഒരു ഇടതു-ജനാധിപത്യ മുന്നേറ്റത്തിനു മുൻപിൽ കടുത്ത പ്രതിബന്ധങ്ങൾ സൃഷ്ടിച്ച ഈ നിലപാടുകൾ തിരുത്താൻ വൈകിയെങ്കിലും അവർ തയ്യാറാകുന്നെങ്കിൽ അർഹമായ ഗൗരവത്തോടെയും ഉത്തരവാദിത്വബോധത്തോടെയും തന്നെ അതിനെ വീക്ഷിക്കേണ്ടതുണ്ട്, ഒപ്പം വ്യാമോഹങ്ങൾ ഇല്ലാതെയും.

ദേശീയതലത്തിൽ സിപിഐ(എം) നേതൃത്വത്തിലുള്ള ഇടതുമുന്നണിയുടെ നീക്കങ്ങളോട് രാജ്യത്തെ അദ്ധ്വാനിച്ച് ജീവിക്കുന്ന കോടിക്കണക്കിന് ജനങ്ങളുടെ താൽപര്യം മുൻനിർത്തി സഹകരണാത്മകമായ നിലപാ

*(ശേഷം 3-ാം പേജിൽ)*

## ജനതാല്പര്യത്തിനെതിരായി കോടതി മദ്യനയത്തിൽ ഇടപെടരുത്

**ബാ**റുകൾ അടച്ചുപൂട്ടണമെന്ന ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് വിധി തള്ളിക്കളഞ്ഞ് ഒറ്റ രാത്രികൊണ്ട് ബാറുകൾ തുറക്കണമെന്ന ഡിവിഷൻ ബെഞ്ച് വിധി വന്നിരിക്കുകയാണല്ലോ. ഇതിനായി കോടതി ഉന്നയിച്ച വാദമുഖങ്ങൾ ഈ നാടിന്റെ സാമൂഹ്യസാഹചര്യത്തെ തരിമ്പും പരിഗണിച്ചില്ലെന്ന് മാത്രമല്ല, നിയമവ്യവസ്ഥയുടെ അന്തസ്സത്തയെതന്നെ ചോദ്യം ചെയ്യുന്ന ഒന്നായി മാറി. നിയമനിർമ്മാണത്തിനും നയരൂപീകരണത്തിനുമുള്ള ജനാധിപത്യസർക്കാരുകളുടെ അധികാരത്തെയും അവകാശത്തെയും നഗ്നമായി ലംഘിക്കുന്ന ഒന്നാണ് ഈ കോടതി വിധി.

വിവിധ സ്റ്റാർ പദവികളുള്ള ഹോട്ടലുകൾക്കിടയിൽ ലൈസൻസ് നൽകുന്നതിൽ വിവേചനം പാടില്ല എന്ന തികഞ്ഞ സാങ്കേതികത്വത്തിലൂന്നിയാണ് വിധി വന്നിട്ടുള്ളത്. ഫൈവ് സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയാൽ മതി എന്ന നയം എന്തുകൊണ്ട് ഒരു സർക്കാരിനു സ്വീകരിച്ചുകൂടാ. നാടിനെ മദ്യവിപത്തിൽ നിന്നും രക്ഷിക്കാനായി, മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ ഒരു സർക്കാർ നടപടി സ്വീകരിച്ചാൽ

*(ശേഷം 2-ാം പേജിൽ)*

## സംയുക്ത ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്ത ദേശീയ പ്രക്ഷോഭണം

## സംസ്ഥാന കൺവൻഷൻ




സംയുക്ത ട്രേഡ്‌യൂണിയനുകളുടെ ആഭിമുഖ്യത്തിൽ ദേശീയപ്രക്ഷോഭത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന സംസ്ഥാന കൺവൻഷനിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

**കേ**ന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി സെപ്തംബർ 15ന് ഡൽഹി കൺവൻഷനിൽ വച്ച് ആഹ്വാനം ചെയ്ത ദേശീയ പ്രക്ഷോഭണത്തിന്റെ പുതിയ ഘട്ടത്തിന് ഒക്ടോബർ 21ന് തിരുവനന്തപുരത്ത് നടന്ന സംസ്ഥാന കൺവൻഷനിലൂടെ സംസ്ഥാനത്ത് തുടക്കം കുറിച്ചു.16 അംഗ പ്രസീഡിയമാണ് കൺവൻഷൻ നിയന്ത്രിച്ചത്. ആൾ ഇന്ത്യ യു.റ്റി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് ഡി.സുന്ദരേശൻ പ്രസീഡിയത്തിൽ അംഗമായിരുന്നു. എ.ഐ.റ്റി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് കാനം രാജേന്ദ്രൻ സ്വാഗതം പറഞ്ഞു. സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ. സദാനന്ദൻ, ഐഎൻറ്റിയുസി. സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ, ബിഎംഎസ്. സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. ചന്ദ്രശേഖരൻ, എച്ച്എംഎസ് നേതാവ് തമ്പാൻ തോമസ്, സിഐടിയു സംസ്ഥാന സെക്രട്ടറി എളമരം കരീം, യുറ്റിയുസി. അഖിലേന്ത്യാ പ്രസിഡന്റ് എ.എ. അസീസ് തുടങ്ങിയവർ പ്രസംഗിച്ചു.

പാർലമെന്റ് മാർച്ച് നടക്കുന്ന ഡിസംബർ 5ന് കേരളത്തിൽ, തിരുവനന്തപുരത്ത് രാജ്ഭവൻ മാർച്ചും മറ്റ് ജില്ലകളിൽ ജില്ലാ കേന്ദ്രങ്ങളിൽ തൊഴിലാളിറാലിയും നടത്തുവാൻ കൺവൻഷൻ തീരുമാനിച്ചു. നവംബർ മാസത്തിൽ മണ്ഡലം, പഞ്ചായത്ത് തലത്തിൽ കൺവൻഷനുകളും പ്രചാരണപരിപാടികളും നടത്തുവാനും കൺവൻഷൻ തീരുമാനിച്ചു. ■

# മദ്യവില്പനയുടെ കണക്കുനോക്കിയല്ല കോടതി മദ്യനയത്തിന്റെ ശരിതെറ്റുകൾ നിർണ്ണയിക്കേണ്ടത്

(1-ാം പേജിൽ നിന്ന്)

അതത്ര വലിയ കുറ്റവും, ഭരണഘടനാലംഘനവുമാണോ? ഘട്ടം ഘട്ടമായി മദ്യം നിരോധിക്കുക എന്ന ആവശ്യം ദീർഘകാലമായി ഉയർന്നു വന്നതാണ്. അപ്പോൾ അതു നടപ്പിലാക്കണമെങ്കിൽ അതിനൊരു മാനദണ്ഡം സ്വാഭാവികമായി വേണമല്ലോ. അതെന്തായവണമെന്ന് കോടതിക്ക് വല്ല നിർദ്ദേശവും വയ്ക്കാനുണ്ടോ. വിവേചനം പാടില്ല എന്നത് ഈ നിലയിൽ നടപ്പാക്കിയാൽ മദ്യക്കച്ചവടത്തിന് ആര് അനുമതി ചോദിച്ചാലും അത് നൽകേണ്ടി വരില്ലേ? മുറുക്കാൻ കടകൾക്ക് മദ്യവിൽപ്പനയുടെ അനുമതി നിഷേധിക്കുന്നത് വിവേചനമല്ലേ? ശക്തമായ നിയന്ത്രണവും മേൽനോട്ടവും വേണ്ടതായ ഒന്നെന്ന നിലയിൽ മദ്യവിൽപ്പന എവിടെ നടത്താം, എവിടെ നടത്തിക്കൂടാ എന്നത് ഒരു നയത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതല്ലേ? ഇതൊന്നും കോടതി പരിഗണിച്ചതേയില്ല.

ധനികർ മാത്രം മദ്യപിക്കുകയും ദരിദ്രർക്ക് അതിനുള്ള അവസരം നിഷേധിക്കുകയും ചെയ്യുന്നത് അപരാധമാണത്രേ! ചില ചാനൽചർച്ചകളിലും ഉയർന്നുകേട്ട വാദമുഖമാണിത്. കോടതി ഈ വിവേചനത്തിനുമെതിരാണ്! വർഗ്ഗവ്യത്യാസം കൂടാതെ ഏവർക്കും മദ്യത്തിന്റെ ലഭ്യത ഉണ്ടാകണമത്രേ. പാവപ്പെട്ടവർക്കെതിരെയുള്ള ഒരുതരം വിവേചനവും കോടതിയും ചില പണ്ഡിത്മാരും അംഗീകരിക്കില്ല. ഇത്ര പരസ്യമായി ഒരു സാമൂഹ്യവിരുദ്ധ നിലപാട് പ്രഖ്യാപിക്കാനുള്ള ഊറ്റം എങ്ങിനെ ലഭിച്ചുവെന്നത് നാം പരിശോധിക്കണം. പാവപ്പെട്ടവന് കുടിവെള്ളമില്ല, റേഷനരിയില്ല, സർക്കാരാശുപത്രികളിൽ മരുന്നില്ല, വിദ്യാഭ്യാസമില്ല; ഇതൊന്നും വിവേചനമല്ല. മദ്യപിച്ച് മരിക്കാനുള്ള അവസരവും നീതിയും ഉറപ്പാക്കപ്പെടുന്നില്ലെങ്കിൽ അത് നഗ്നമായ വിവേചനമാണത്രേ. റേഷൻ വാങ്ങാനുള്ള പണമുപയോഗിച്ച് മദ്യം വാങ്ങാൻ അവസരം ലഭിക്കുന്നതോടെ ദരിദ്രർ അനുഭവിക്കുന്ന അവസാനവിവേചനവും അപ്രത്യക്ഷമാകും എന്ന് നമുക്ക് പ്രത്യാശിക്കാം. സ്വയം ഇകഴ്ത്തപ്പെടുന്ന തരത്തിലുള്ള അപഹാസ്യമായ ഇത്തരം ജല്പനങ്ങൾ വെളിവില്ലാത്തതുകൊണ്ട് ഉണ്ടാകുന്നതല്ല, മറിച്ച് മദ്യം വിറ്റ് കണക്കറ്റ ലാഭം കൊയ്യുന്ന ശക്തികൾക്കുവേണ്ടി ബോധപൂർവ്വം നടത്തുന്നതാണ്.സർക്കാരിന്റെ മദ്യനയത്തെ അട്ടിമറിച്ചുകൊണ്ട് വിധിപുറപ്പെടുവിച്ച ഡിവിഷൻബെഞ്ചിന്റെ ഒരു പരാമർശം എത്ര അവഹേളനാത്മകമാണെന്ന് നോക്കുക. ജനാഭിലാഷത്തെ മാനിച്ചുകൊണ്ടാണ് സർക്കാർ മദ്യനയമാവിഷ്കരിച്ചത് എന്ന അർത്ഥത്തിൽ സർക്കാർ വാദിച്ചപ്പോൾ അതിന്റെയടിസ്ഥാനത്തിലാണ് തീരുമാനമെങ്കിൽ കോടതികൾ വേണ്ടെന്ന് വെക്കാമല്ലോ എന്നായിരുന്നു കോടതിയുടെ മറുചോദ്യം. പിന്നെ എന്തിന്റെയടിസ്ഥാനത്തിലാണ് കോടതികൾ പ്രവർത്തിക്കുന്നത്, പ്രവർത്തിക്കേണ്ടത്? ഒരു ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളോട് യാതൊരു പ്രതിബദ്ധതയുമില്ലാതെ നിയമത്തെ യാന്ത്രികമായി വ്യാഖ്യാനിച്ചുകൊണ്ട് നിലകൊള്ളുമെന്ന് പറയുന്ന കോടതി നിക്ഷിപ്ത താല്പര്യ സംരക്ഷണത്തിന് പഴുതു കണ്ടെത്തുകയാണെന്നതല്ലേ യാഥാർത്ഥ്യം?

സർക്കാരിന്റെ മദ്യനയരൂപീകരണവും അതിൻമേലുള്ള തുടർനടപടികളും ആത്മാർത്ഥതയില്ലാത്തതും അർധമനസ്സോടെയുള്ളതും ജനകീയ സമ്മർദ്ദത്തിന്റെ പ്രേരണകൊണ്ടുമാത്രം കൈക്കൊള്ളാൻ നിർബന്ധിതമായിത്തീർന്നതുമാണെന്ന് വ്യക്തമായിരിക്കുന്നു. സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകന്റെ നടപടികൾ തെളിയിക്കുന്നതും ഇതാണ്. ജനാഭിപ്രായത്തെ മാനിച്ചുകൊണ്ടും ജനങ്ങളുടെ വിശാലമായ താല്പര്യത്തെ മുൻനിർത്തിക്കൊണ്ടും കേരളത്തിൽ ഘട്ടംഘട്ടമായി മദ്യഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള സുനിശ്ചിതമായ നീക്കമാണ് മദ്യനയത്തിലൂടെ തങ്ങൾ ഉന്നം വയ്ക്കുന്നത് എന്ന് അസന്ദിഗ്ധമായി കോടതിയെ ബോധ്യപ്പെടുത്താൻ സർക്കാർ ഭാഗത്തുനിന്ന് ഉചിതവും കാര്യക്ഷമവുമായ നീക്കം ഉണ്ടായില്ല എന്നതാണ് സത്യം. പകരം, നല്ല ഉദ്ദേശത്തോടെ തങ്ങൾ ശ്രമം നടത്തി പക്ഷെ കോടതി അതിന് തടയിടുന്നു എന്നുവരുത്തിത്തീർത്ത് തടിയൂരാനാണ് സർക്കാരിന്റെ ലാക്ക്.

418 ബാറുകൾ അടച്ചശേഷം കേരളത്തിൽ മദ്യവില്പന കുറഞ്ഞിട്ടില്ല എന്നു സ്ഥാപിക്കാനാണ് ബാറുടമകൾ കോടതിയിൽ ശ്രമിച്ചത്. അതിനെ മുൻ നിർത്തി ബിവറേജസ് ഔട്ട്ലറ്റിന്റെ പ്രതിദിന വിറ്റുവരവിന്റെ കണക്ക് ഹാജരാക്കാൻ കോടതി ആവശ്യപ്പെട്ടതായി മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. ബാറുകളിലൂടെ കേരളത്തിൽ വിറ്റിരുന്ന മദ്യത്തിന്റെ കണക്ക് സർക്കാരിനല്ല ഒരു ശക്തിക്കുമറിയില്ല എന്നതല്ലേ യാഥാർത്ഥ്യം. ഓരോ ദിവസവും 'സെക്കന്റ്സ്' എന്ന ഓമനപ്പേരിൽ വിറ്റ കോടികളുടെ മദ്യത്തിന്റെ കണക്ക് ഹാജരാക്കാൻ ആർക്കു കഴിയും. രാഷ്ട്രീയ, ഭരണ – നീതിന്യായ സംവിധാനങ്ങളെ സ്വാധീനിക്കാൻ ഇന്നൊഴുക്കുന്ന പണം ഇതിന്റെ ഒരു ചെറുവിഹിതം മാത്രമാണല്ലോ. മദ്യവില്പനയുടെ കണക്കുനോക്കി മദ്യനയത്തിന്റെ ശരിതെറ്റുകൾ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്ന കോടതി, നമ്മുടെ സർക്കാരിനോട് മദ്യം സമൂഹത്തിൽ സൃഷ്ടിക്കുന്ന കെടുതികളുടെ, അക്രമങ്ങളുടെ, സാമ്പത്തിക നഷ്ടങ്ങളുടെ ഒരു കണക്കെടുക്കാൻഎന്തുകൊണ്ടാവശ്യപ്പെടുന്നില്ല.

ഘട്ടം ഘട്ടമായി മദ്യശാലകളുടെ എണ്ണം കുറച്ച് മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്ന പ്രഖ്യാപനവുമായി യുഡിഎഫ് സർക്കാർ കൊണ്ടുവന്ന മദ്യനയം ഒടുവിൽ കോഴ വിവാദത്തിലും വന്നു നിൽക്കുകയാണല്ലോ. 418 ബാറുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം വന്നതിനുശേഷമുണ്ടായ കോളിളക്കങ്ങൾ അന്തമില്ലാതെ തുടരുകയാണ്. ആദ്യം പ്രമുഖ ഭരണകക്ഷിയിലും, തുടർന്ന് ഭരണമുന്നണിയിലും ശക്തമായ ചേരിതിരിവുകൾ അത് സൃഷ്ടിച്ചു. പ്രതിപക്ഷനിരയിൽ അത്തരം പ്രശ്നമൊന്നുമുണ്ടായില്ല. ബാറുകൾ ഉടൻ തുറക്കണമെന്ന കാര്യത്തിൽ അത്രയധികം ഐക്യമായിരുന്നു അവിടെ. പ്രസ്തുത ആവശ്യമുന്നയിച്ചുകൊണ്ട് ബാർ തൊഴിലാളികളെ മുൻനിർത്തി സിപിഐ(എം), സിപിഐ നേതാക്കൾ സംസ്ഥാനം മുഴുവൻ പ്രസംഗിച്ചുനടന്നു. മദ്യനയം പ്രഖ്യാപിക്കപ്പെട്ട് ഇരുണ്ട് വെളുത്തപ്പോൾ ഇതേ പ്രതിപക്ഷം പൊടുന്നനെ അതിനെ സ്വാഗതം ചെയ്തു. ദിവസങ്ങൾ കഴിയുന്തോറും നിലപാട് മയപ്പെട്ട് വീണ്ടും ബാർ മുതലാളിമാരുടെ പക്ഷത്തായി. അങ്ങിനെ എന്തെല്ലാം അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കാനാണ് ബാറുകൾ നമുക്ക് അവസരം തന്നത്. ബാറുകൾ തുറക്കരുതെന്നാവശ്യപ്പെട്ട് കൊച്ചിയിൽ മഹാസംഗമം പ്രഖ്യാപിച്ച ക്രൈസ്തവസഭകൾ, മദ്യനയം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഇത്രയും വേഗം അത് വേണ്ടിയിരുന്നില്ലെന്ന് പ്രസ്താവിച്ചു. അങ്ങിനെ ബാർ മുതലാളിമാരുടെ സ്വാധീനം പള്ളിയുടെ മേൽ എത്രത്തോളമുണ്ടെന്ന് വ്യക്തമായി.

ബാറടയ്ക്കണമെന്ന ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി ഒറ്റ രാത്രികൊണ്ട് ബാർ തുറക്കണമെന്ന ഡിവിഷൻ ബഞ്ച് വിധിയാക്കി മാറ്റാൻ കഴിവുള്ള, രാത്രി 11 മണിക്ക് താഴിട്ടു പൂട്ടിയ ബാറുകൾ രാവിലെ 11 മണിക്ക് ആഘോഷപൂർവ്വം തുറക്കാൻ പ്രാപ്തിയുള്ള മദ്യലോബിയുടെ ശക്തിയിൽ ആർക്കും ഇനി സംശയമുണ്ടാവില്ല. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡനത്തിനിരയാക്കിയ കശ്മലന്മാരെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് 18 വർഷമായി കോടതി വരാന്തനിരങ്ങുന്ന ഇരകളുടെ രക്ഷിതാക്കൾക്ക് നമ്മുടെ കോടതികളുടെ പ്രവർത്തനക്ഷമത തിരിച്ചറിയാൻ കൂടി ഇതൊരവസരമായി മാറി. മലയാള ഭൂമിയിലെ യഥാർത്ഥ ദൈവങ്ങൾ ബാർ മുതലാളിമാരാണെന്ന് അങ്ങിനെ സംശയത്തിനിടയില്ലാതെ സ്ഥാപിക്കപ്പെട്ടു. ഏറ്റവുമൊടുവിൽ മന്ത്രി കെ.എം.മാണിക്ക് തങ്ങൾ ഒരു കോടി രൂപ കൈക്കൂലി നൽകിയതായി ബാർ ഉടമകളുടെ സംഘടനയുടെ നേതാവ് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. ഗൂഢാലോചന, ആര് ആർക്കെതിരെ നടത്തി എന്ന കാര്യത്തിൽ മാത്രമേ ഇനി സന്ദേഹം ബാക്കിയുള്ളൂ. കെ.എം. മാണിക്കെതിരായ ആരോപണത്തിന്റെ ഗുണം മുഖ്യമന്ത്രിക്കാണെന്ന് കണ്ടെത്തിയ പിണറായി വിജയൻ, അങ്ങിനെ മാണിയെ ആദ്യം കുറ്റവിമുക്തനാക്കി. സമസ്താധികാരവും കൈയാളുന്ന മദ്യമുതലാളിമാരെ തൊട്ടാൽ ഏതുശക്തിയും ഉലയുമെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ആകെ ഉണ്ടായ ഈ കൂട്ടക്കുഴപ്പങ്ങളുടെ ഗുണഭോക്താക്കൾ ബാർ മുതലാളിമാർ മാത്രമാണ്.

ഏതൊരു സാമൂഹ്യസാഹചര്യത്തിലാണ് ഇപ്രകാരമൊരു മദ്യനയം രൂപീകരിക്കുവാൻ സർക്കാർ നിർബന്ധിതമായത് എന്നത് നാം വിസ്മരിക്കരുത്. കേരളത്തിൽ മദ്യഉപഭോഗം ഭയാനകമായി വർദ്ധിച്ച ഒരു ഘട്ടമെത്തിയിരുന്നു.സമൂഹത്തിന്റെ നാനാതലങ്ങളിൽ അത്യന്തം വിപത്കരമായ അളവിൽ അതിന്റെ പ്രത്യാഘാതങ്ങളും പ്രതിഫലനങ്ങളും പ്രത്യക്ഷപ്പെടുകയായിരുന്നു. ലോകത്തേറ്റവും അധികം മദ്യഉപഭോഗം നടക്കുന്ന പ്രദേശമെന്ന വിപത്തിൽ കേരളം അകപ്പെടുകയായിരുന്നു. കേരളത്തിൽ ഒരാൾ മദ്യപിച്ചു തുടങ്ങുന്ന ശരാശരി പ്രായം 18 ൽ നിന്ന് ഏതാനും വർഷങ്ങൾ കൊണ്ട് 13 ആയി കുറഞ്ഞു എന്നു വെളിപ്പെടുത്തിയത് സർക്കാരാണ്. സ്കൂളുകളിൽ കുട്ടികളുടെ മദ്യപാനശീലം വ്യാപകമായതോടെ ലഹരി വിരുദ്ധ ക്ലബ്ബുകളടക്കം രൂപീകരിക്കേണ്ട ഞെട്ടിപ്പിക്കുന്ന സ്ഥിതിയിലെത്തി. സ്കൂളധികൃതരെ ഏറ്റവും അധികം അലട്ടുന്ന ഒരു പ്രശ്നമായി കുട്ടികളുടെ മദ്യപാനം കേരളത്തിൽ മാറി. കഴിഞ്ഞ 10 വർഷം കേരളത്തിലെ ഹൈക്കോടതി മുതൽ വിവിധകീഴ്കോടതികളിലും കുടുംബകോടതികളിൽ വരെ വന്നിരിക്കുന്ന കേസ്സുകൾ ഒന്നു പരിശോധിച്ചാൽ മാത്രം മതി കുത്തൊഴുക്ക് കേരളത്തെ എവിടെ എത്തിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാൻ. പലപ്പോഴായി കോടതികൾ തന്നെ മദ്യവിപത്ത് തടയാൻ സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ടിട്ടുമുള്ളതാണ്.

നന്മയുടെ മനഃസാക്ഷി പേറുന്നവരുടെ ഉള്ളിലെ കാളലും സ്ത്രീകളുടെ അലമുറയും കണ്ണീരും ഊറിക്കൂടി ഒരു സമരക്കൊടുങ്കാറ്റ് രൂപംകൊള്ളുന്ന ഘട്ടത്തോളമെത്തിയിരുന്നു കാര്യങ്ങൾ. മദ്യവിഷയത്തിൽ എന്തെങ്കിലും ഒരു നടപടി കൈക്കൊള്ളാതെയിരിക്കാനാവില്ല എന്ന സ്ഥിതിവിശേഷം സർക്കാരിനെ സംബന്ധിച്ചും സംജാതമായിരുന്നു. അത്രമാത്രം പ്രകമ്പനങ്ങളും നീറിപ്പുകയുന്ന രോഷവും സമൂഹത്തിന്റെ അന്തരാളത്തിൽ രൂപപ്പെട്ടുവരുന്നത് അവഗണിച്ചു തള്ളാൻ അധികാരികൾക്ക് കഴിയുമായിരുന്നില്ല. അപ്പോഴാണ് വേണ്ടത്ര നിലവാരമില്ല എന്ന പേരിൽ 418 ബാറുകളുടെ പ്രവർത്തനം നിരോധിക്കാൻ കോടതി ഉത്തരവുണ്ടാകുന്നത്. സർക്കാരിനിത് വീണുകിട്ടിയ സൗകര്യമായി. എന്നാൽ ഭരണതലത്തിൽ തന്നെ ശക്തമായ വടംവലികൾക്കിത് കാരണമായി. ജനഹിതത്തെ മാനിക്കുന്നുവെന്ന് വരുത്തിതീർത്ത് കയ്യടി വാങ്ങാൻ ഒരുവിഭാഗം സന്നദ്ധമായപ്പോൾ മദ്യലോബിയുടെ പിണിയാളന്മാരായ ഭരണപക്ഷത്തുതന്നെയുള്ള കരുത്തരായ മറ്റൊരുവിഭാഗം ഈ നീക്കത്തെ തകിടംമറിക്കാനുള്ള പരിശ്രമവും അപ്പോൾതന്നെ ആരംഭിച്ചു. ബാറുകൾ പൂട്ടിയ

(ശേഷം 5-ാം പേജിൽ)

## മദ്യനയം: സർക്കാർ നിലപാടിൽ ഉറച്ചു നിൽക്കുക




മദ്യവിരുദ്ധ ജനകീയ സമരസമിതി ഹൈക്കോടതി ജംഗ്ഷനിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മയിൽ സംസ്ഥാന കൺവീനർ ഷൈല കെ.ജോൺ പ്രസംഗിക്കുന്നു. ഡോ.വിൻസന്റ് മാളിയേക്കൽ, മിനി.കെ.ഫിലിപ്പ്, കെ.കെ.ഗോപിനായർ, എൻ.ആർ.മോഹൻകുമാർ, പി.വി.പീതാംബരൻ, തുടങ്ങിയവർ സമീപം

## പ്രതിഷേധ കൂട്ടായ്മ

സ്ത്രീകളടക്കം ലക്ഷക്കണക്കിന് ജനങ്ങൾ നടത്തിയ സമരങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഫലമായാണ് ഉമ്മൻചാണ്ടി സർക്കാരിന് പുതിയ മദ്യനയം പ്രഖ്യാപിക്കേണ്ടിവന്നതെന്നും ഇതിനെ അട്ടിമറിക്കാൻ മദ്യലോബി നടത്തുന്ന ശ്രമങ്ങളെ ചെറുക്കണമെന്നും മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ അഭിപ്രായപ്പെട്ടു.

അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത്, മദ്യനയത്തിൽ കോടതി ഇടപെടരുത്, ഘട്ടം ഘട്ടമായി മദ്യത്തിന്റെ ലഭ്യതകുറയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മദ്യവിരുദ്ധ ജനകീയ സമരസമിതി എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷനിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ അദ്ധ്യക്ഷത വഹിച്ച കൂട്ടായ്മയിൽ ഷൈല കെ.ജോൺ, മിനി.കെ.ഫിലിപ്പ്, എൻ.ആർ.മോഹൻകുമാർ, പി.വി.പീതാംബരൻ, മേരി തോമസ്, ഷീല കെ.ജെ, പി.എം. ദിനേശൻ, ശോഭ കെ.കെ. എം.കെ.ഉഷ, ഉഷാകുമാരി, സുധ എം. പി., തുടങ്ങിയവർ പ്രസംഗിച്ചു. ■

# വിശാല ഇടതു സമരനിര: എസ്‌യുസിഐ(സി)യുടെ സമീപനം

(1-ാം പേജിൽ നിന്ന്)

ടാണ് പാർട്ടി കൈക്കൊണ്ടിരിക്കുന്നത്. ബംഗാളിലും കേരളത്തിലുംനിലനിൽക്കുന്ന വ്യത്യസ്ത സാഹചര്യങ്ങൾക്കനുസരിച്ച് നിലപാടെടുക്കാനുള്ള സ്വാതന്ത്ര്യം നിലനിർത്തിയിട്ടുമുണ്ട്.

*സഖാവ് പ്രകാശ് കാരാട്ടുമായി നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ സഖാവ് പ്രൊവാഷ് ഘോഷ് തന്നെ പത്രസമ്മേളനം വിളിച്ചുകൂട്ടി വിശദീകരിക്കുകയുണ്ടായി. അതിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു.*

കഴിഞ്ഞ ആഗസ്റ്റിൽ സിപിഐ(എം) പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടറി ബിമൻ ബോസ് താൽപര്യപ്പെട്ടതനുസരിച്ച് ഞാൻ അദ്ദേഹവുമായി ഒരു ചർച്ച നടത്തിയിരുന്നു. ഇടതുപക്ഷ പാർട്ടികളുടെ ആഹ്വാന പ്രകാരം സെപ്റ്റംബർ 1ന് കൽക്കത്തയിൽ നടക്കുന്ന സാമ്രാജ്യത്വ വിരുദ്ധ റാലിയിൽ പങ്കെടുക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. സി.പി.ഐ(എം) ബംഗാൾ ഭരിക്കുകയും ഞങ്ങൾ ആ ഗവൺമെന്റിനെതിരെ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലയളവിൽ തന്നെ അഞ്ചുതവണ അവരുമൊത്ത് സംയുക്ത പരിപാടികളിൽ ഞങ്ങൾ പങ്കെടുത്തിട്ടുണ്ട്. ബാബറിമസ്ജിദ് തകർക്കപ്പെട്ടതിനുശേഷമുള്ള ഈ കാലയളവിൽ സാമ്രാജ്യത്വത്തിനും വർഗ്ഗീയതയ്ക്കും എതിരെ സംഘടിപ്പിക്കപ്പെട്ടതായിരുന്നു ആ പരിപാടികൾ. ഇക്കുറിയും ഞങ്ങൾ പങ്കെടുക്കാമെന്ന് സമ്മതിച്ചു.

ഏതാനും ദിവസങ്ങൾക്കു ശേഷം, ബിമൻ ബോസ്, അവരുടെ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് എന്നെ കാണാൻ ആഗ്രഹിക്കുന്നുവെന്നറിയിച്ചു. ഞാൻ കടുത്ത ആസ്തമാ രോഗിയാണെന്നും ഒന്നിലേറെത്തവണ ബാധിച്ചിട്ടുണ്ടെന്നും ഇപ്പോഴത്തെ കാലാവസ്ഥയിൽ എനിക്ക് ഡൽഹി യാത്ര ബുദ്ധിമുട്ടാണെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ബിമൻ ബോസ് അവരുടെ ഡൽഹി ഓഫീസുമായി ബന്ധപ്പെട്ടതിനു ശേഷം, എന്നെ കാണാൻ പ്രകാശ് കാരാട്ട് കൊൽക്കത്തയ്ക്ക് വരാൻ തയ്യാറാണെന്നറിയിച്ചു. ഡൽഹിയിൽ വച്ച് പ്രകാശ് കാരാട്ട് ഞങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പർ കൃഷ്ണചക്രവർത്തിയുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു. ഇന്ന് (ഒക്ടോബർ 16) ആ ചർച്ച നടന്നു. ഞാനും ഞങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പർ രഞ്ജിത് ധറും അവരുടെ ഓഫീസിൽ വച്ച് രാവിലെ 11.30ന് നടന്ന ചർച്ചയിൽ പങ്കെടുത്തു. വലതു പിന്തിരിപ്പൻ വർഗ്ഗീയ ശക്തികൾക്കെതിരെ അഖിലേന്ത്യാ തലത്തിൽ ഞങ്ങൾ കൂടി ഉൾപ്പെട്ട ഒരു വിശാല ഇടത് ഐക്യം രൂപപ്പെടുത്തുന്നതിനുള്ള മൂർത്തമായ നിർദ്ദേശം സിപിഐ(എം) ജനറൽ സെക്രട്ടറി ഞങ്ങൾക്കു മുമ്പാകെ വച്ചു. ബിജെപി ഗവൺമെന്റിന്റെ നവ ഉദാരവൽക്കരണ, കുത്തകാനുകൂല സാമ്പത്തിക നയങ്ങൾക്കെതിരെ യോജിച്ച പ്രചാരണം സംഘടിപ്പിക്കണമെന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവച്ചു. ഈ ലക്ഷ്യത്തോടെ നവംബർ 1ന് ഡൽഹിയിൽ, സിപിഐ(എം), എസ്‌യുസിഐ(സി), സിപിഐ, സിപിഐഎംഎൽ(ലിബറേഷൻ), ആർഎസ്‌പി, ഫോർവേഡ് ബ്ലോക്ക് എന്നീ ആറ് ഇടതുപക്ഷ പാർട്ടികളുടെ ഒരു യോഗം ചേരണമെന്ന നിർദ്ദേശവും അദ്ദേഹം അവതരിപ്പിച്ചു. ഈ സഖ്യത്തിൽ മറ്റേതെങ്കിലും പാർട്ടികളെയോ സംഘടനകളെയോ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നകാര്യം ഈ ആറു പാർട്ടികൾ ചർച്ച ചെയ്തു തീരുമാനിക്കും. ഏതാനും കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയുള്ള അന്തിമ പ്രഖ്യാപനവും മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളടങ്ങുന്ന പട്ടികയും നവംബർ 1 ന് ഡൽഹിയിൽ പരസ്യപ്പെടുത്തും. അംഗ സംഘടനകളുടെ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമുള്ള ഈ കരട് രേഖയുടെ ഒരു പകർപ്പ് ഞങ്ങൾക്ക് തരികയും ചെയ്തു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്ന് ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആകെ അലങ്കോലമായിരിക്കുന്നുവെന്നും ഇന്ത്യയിൽ ഒരു ഇടതുപക്ഷമുന്നേറ്റത്തിന്റെ അഭാവത്തിൽ ഇടതുപക്ഷരാഷ്ട്രീയം പ്രതിസന്ധിയെ നേരിടുകയാണെന്നും ഞാൻ സിപിഐ(എം) നേതാക്കളോടു പറഞ്ഞു. അഖിലേന്ത്യാ തലത്തിൽ ഒരു ഐക്യം രൂപപ്പെട്ടുവരേണ്ടത് അനിവാര്യതയാണ്. ഞങ്ങളുടെ പാർട്ടിയും ഇതിനുള്ള പരിശ്രമങ്ങളാണ് എക്കാലവും നടത്തിയിരുന്നത്. ഇത്തരമൊരു സഖ്യത്തിൽ പ്രാദേശികവാദ, ജാതീയ, വിഭാഗീയ ശക്തികൾക്കുള്ള ഉൾപ്പെടുത്താനാവില്ലെന്നും ഞങ്ങൾ പറഞ്ഞു.

ഇന്ത്യയിൽ നമ്മൾ അഭിമുഖീകരിക്കുന്നത് വലതുപിന്തിരിപ്പൻ ശക്തികളുടെ ആക്രമണം മാത്രമല്ല. കോൺഗ്രസ്സ് ഭരണമാരംഭിച്ചതുമുതൽ ഭരണപരമായ ഫാസിസത്തിന്റെ സാന്നിദ്ധ്യമുണ്ട്. ഇന്ത്യൻ മുതലാളിത്തം വളരെ മുമ്പുതന്നെ കുത്തകസ്വഭാവമാർജിച്ചിരുന്നു. അതായത് മൂലധനം ഒരുപിടിയാളുകളുടെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണകൂടം വളരെമുമ്പുതന്നെ കുത്തകമൂലധനത്തിന്റെ ദാസ്യത്തിലാണ്.ഒരു വ്യവസായ-മിലിട്ടറി-ബ്യൂറോക്രാറ്റിക് സംവിധാനത്തിന്റെ പക്കൽ അധികാരമെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നു. അവരാണ് യഥാർത്ഥത്തിൽ ഭരണം നടത്തുന്നത്. ഇതെല്ലാം ഫാസിസത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ അടിത്തറയായി വർത്തിക്കുന്നു. മറുവശത്ത്, ആശയങ്ങളുടെയും ചിന്തയുടെയും മേഖലയിൽ, ആശയവാദ, മദ്ധ്യയുഗ ചിന്താഗതികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു.

ശാസ്ത്രത്തിന്റെ സാങ്കേതിക വശത്തിന് മാത്രമാണ് ഊന്നൽ. ജനങ്ങളുടെ ശാസ്ത്രീയവും യുക്ത്യധിഷ്ഠിതവുമായ മനോഘടന തകർക്കുക എന്ന ഹീനലക്ഷ്യമാണിതിനു പിന്നിൽ. ഇത് ഫാസിസത്തിന്റെ ആഗമനത്തിന് ആക്കം വർദ്ധിപ്പിക്കുന്നു.അതായത് ഫാസിസത്തിന്റെ അപകടം ഇന്ത്യയിൽ കോൺഗ്രസ്സ് വാഴ്ചക്കാലത്തുതന്നെ ഉണ്ടായിരുന്നു എന്നാണിത് വ്യക്തമാക്കുന്നത്. ബിജെപി അധികാരത്തിലെത്തിയതോടെ അത് കൂടുതൽ കരുത്താർജ്ജിച്ചിരിക്കുന്നു. ബിജെപിയുടെ ഒത്താശയോടെ ആർഎസ്എസ് അതിന്റെ വിഷലിപ്തമായ ആശയങ്ങൾ രാജ്യമെമ്പാടും പടർത്തുന്നു. വർഗ്ഗീയ വിദ്വേഷം വളർത്തുകയും വർഗ്ഗീയ ലഹളകൾക്ക് പ്രേരണ ചെലുത്തുകയും ചെയ്യുന്നു. ഇതിനെ തുരത്താൻ വമ്പൻ പ്രക്ഷോഭണവും പ്രത്യയശാസ്ത്ര സംഘർഷങ്ങളും ആവശ്യമാണ്.

കോൺഗ്രസിന്റെ വീക്ഷണം ഒരിക്കലും മതേതരത്വമായിരുന്നില്ലെന്ന കാര്യം ഞങ്ങൾ സിപിഐ(എം) നേതാക്കളോടു പറഞ്ഞു. മതേതരത്വം എന്ന ആശയത്തെ സർവ്വമത പ്രോത്സാഹനമായി അവർ വളച്ചൊടിച്ചു.കപട മതേതര മുദ്രാവാക്യങ്ങളുടെ മറവിൽ ഒളിഞ്ഞും തെളിഞ്ഞും അവർ അനുവർത്തിച്ചത് ഇതാണ്. ബിജെപിയാകട്ടെ ഒരു തുറന്ന വർഗ്ഗീയപാർട്ടിയാണ്. ബിജെപിയുടെ പ്രത്യയശാസ്ത്ര മാർഗ്ഗദർശിയായ ആർഎസ്എസിന്റെ അടിത്തറ തന്നെ വർഗ്ഗീയ പദ്ധതിയായ ഹിന്ദുത്വമാണ്. അതുകൊണ്ടുതന്നെ അപകടം അതീവഗുരുതരമാണ്. സാമ്പത്തിക രംഗത്താണെങ്കിൽ, കോൺഗ്രസ് എക്കാലവും സ്വദേശ-വിദേശ ബഹുരാഷ്ട്ര കുത്തകകളുടെ താൽപര്യമാണ് സംരക്ഷിച്ചുപോരുന്നത്. ഇതിനായി രൂപം കൊടുത്തിട്ടുള്ള നവ-ഉദാരവൽക്കരണ നയങ്ങളും കോൺഗ്രസ്സിന്റെ സൃഷ്ടിയാണ്. മുതലാളി വർഗ്ഗം ഈ നയങ്ങൾ കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യപ്പെടുന്നു. മുന്നണി ഭരണത്തിന്റെ സമ്മർദ്ദം മൂലം കോൺഗ്രസ്സിന് അതിന് കഴിഞ്ഞില്ല. അഴിമതിയും ജനവിരുദ്ധ സ്വഭാവവും മൂലം അവർക്ക് ജനപിന്തുണയും നഷ്ടപ്പെട്ടു. ഇത്തരമൊരു സാഹചര്യത്തിലാണ് സ്വദേശ-വിദേശ കുത്തകകൾ ബിജെപിയെയും നരേന്ദ്രമോദിയെയും പിന്തുണയ്ക്കുന്നതും അവരെ അധികാരത്തിൽ എത്തിക്കുന്നതും. അതുകൊണ്ടുതന്നെ, കോൺഗ്രസ്സിനേക്കാൾ മെച്ചപ്പെട്ട വിധത്തിൽ കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ മോദി പ്രതിജ്ഞാബദ്ധനാണ്. തന്റെ ഗവൺമെന്റിന്റെ നയങ്ങളിലൂടെയും നടപടികളിലൂടെയും മോദി അത് തെളിയിച്ചു. ഇതോടൊപ്പം തന്നെ, വിഷലിപ്തമായ ഹിന്ദുത്വവാദം പ്രചരിപ്പിക്കുന്നതിലൂടെ, ഇന്ത്യൻ നവോത്ഥാനത്തിന്റെ സംഭാവനകളും നേട്ടങ്ങളും തുടച്ചുനീക്കാനാണ് ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട് ശ്രമിക്കുന്നത്. അവരിതിൽ വിജയിച്ചാൽ, സമൂഹത്തിൽ അവശേഷിക്കുന്ന യുക്തിബോധവും ജനാധിപത്യ മൂല്യങ്ങളുംമനോഭാവവും ശാസ്ത്രീയ വീക്ഷണവുംകൂടി നശിപ്പിക്കപ്പെടും.

വർഗ്ഗീയവിരുദ്ധ നിലപാടുകൊണ്ടുമാത്രം മതേതരത്വമാകുന്നില്ല എന്ന കാര്യവും ഞാൻ ചൂണ്ടിക്കാണിച്ചു. രാഷ്ട്രീയം, ഭരണകൂടം, വിദ്യാഭ്യാസം, നിയമം എന്നിവയൊക്കെ മതത്തിന്റെ സ്വാധീനത്തിൽ നിന്ന് മുക്തമായിരിക്കുന്ന അവസ്ഥയാണ് മതേതരത്വം. മതം പൗരന്റെ സ്വകാര്യവിഷയം മാത്രമാണ്. വിശ്വാസികളെയും അവിശ്വാസികളെയും ഭരണകൂടം തുല്യാവകാശങ്ങളുള്ള വ്യക്തികളായാണ് കാണുക. ഒരു ആധുനിക ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അവശ്യോപാധിയെന്ന നിലയിൽ ഈ ആശയം ലോകത്ത് അവതരിപ്പിച്ചത് യൂറോപ്പിലെ നവോത്ഥാനമാണ്. എന്നാൽ, ഇന്ത്യയിൽ ഇത് ഒരിക്കലും പിന്തുടരപ്പെട്ടില്ല. അതുമൂലം മതാന്ധത, വർഗ്ഗീയത, ജാതീയത എന്നിവയൊക്കെ ജനങ്ങളെ ഭിന്നിപ്പിച്ച് തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ ആഗ്രഹിച്ച കുബുദ്ധികളായ രാഷ്ട്രീയ ശക്തികളുടെ കയ്യിൽ, എളുപ്പം പ്രയോഗിക്കാവുന്ന ആയുധങ്ങളായിമാറി. ആർഎസ്എസ്-ബിജെപി ശക്തികൾ അധികാരമേറ്റതോടെ ജനൈക്യം അതീവ ഗുരുതരമായ വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ്. ഇതിനെ ചെറുക്കണമെങ്കിൽ, മതഭ്രാന്തിനും ആശയവാദ ചിന്താഗതികൾക്കുമെല്ലാമെതിരെ ശക്തമായ പ്രത്യയശാസ്ത്ര സമരം കെട്ടഴിച്ചുവിടേണ്ടതുണ്ട്. മറുവശത്ത്, അധികാരമേറ്റനാൾ മുതൽ അവർ, തൊഴിലാളികളുടെയും കർഷകരുടെയും താഴെയിടത്തരക്കാരായ ജനങ്ങളുടെയും മേൽ കടുത്ത സാമ്പത്തിക ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ കൺവെൻഷനുകളും മീറ്റിങ്ങുകളും മറ്റും സംഘടിപ്പിച്ചാൽ മാത്രം പോരാ. സംസ്ഥാനതലങ്ങളിലും അഖിലേന്ത്യാ തലത്തിലും സുസംഘടിതമായ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കണം. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഐക്യവും പ്രവർത്തനങ്ങളും ഈ അടിസ്ഥാനത്തിലാണ് കെട്ടിപ്പടുക്കേണ്ടത്. ഞങ്ങൾ എന്നും ഇടതുപക്ഷ ഐക്യത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്. പ്രകാശ് കാരാട്ടുമായി എനിക്ക് അടുത്ത പരിചയമില്ല. 1950കളിൽ ഇടതുപക്ഷ പ്രക്ഷോഭങ്ങൾ ബംഗാളിൽ കരുത്താർജ്ജിച്ച സാഹചര്യം പ്രകാശ് കാരാട്ടിന് പരിചിതമായിരിക്കില്ല എന്നു ഞാൻ പറഞ്ഞു. സിപിഐയെ സംയുക്ത സമരത്തിൽ ഉൾപ്പെടുത്തുന്നതിനോട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അന്ന് യോജിപ്പുണ്ടായിരുന്നില്ല. ആർഎസ്‌പി, ഫോർവേഡ് ബ്ലോക്ക്, ആർസിപിഐ എന്നീ പാർട്ടികൾ അന്ന് ശക്തമായിരുന്നു. സ്വാതന്ത്ര്യസമരത്തിലെ സിപിഐയുടെ പങ്കിനെച്ചൊല്ലിയായിരുന്നു അഭിപ്രായവ്യത്യാസം. നേതാജിയെയും ഐഎൻഎയെയും അന്നവർ ജപ്പാൻ ചാരൻ എന്ന് വിശേഷിപ്പിച്ചിരുന്നു. രണദിവെയുടെ ഇടതുപക്ഷ അതിസാഹസിക നിലപാടുകളോടും വിയോജിപ്പുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ ഇടതുസഖ്യത്തിന് പുറത്തായിരുന്നു സിപിഐ. എന്നാൽ സിപിഐ ഇല്ലാതെ ഒരു സംയുക്ത പ്രക്ഷോഭം സാദ്ധ്യമല്ലെന്നായിരുന്നു ഞങ്ങളുടെ പാർട്ടിയുടെ സ്ഥാപകനും ഗുരുനാഥനും മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ നിലപാട്. ഭക്ഷ്യസമരം ബംഗാളിൽ കരുത്താർജ്ജിച്ചുവരികയായിരുന്നു. സുരേഷ് ബാനർജി എന്ന പ്രമുഖ വ്യക്തിത്വത്തിന്റെ നേതൃത്വത്തിലായിരുന്നു സമരം. സിപിഐ അന്ന് വേറൊരു സമര സമിതിയിലായിരുന്നു. സിപിഐയെ കൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഞങ്ങൾ സുരേഷ് ബാനർജിയെ ധരിപ്പിക്കുകയും അതിനദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് അത് ബോദ്ധ്യപ്പെടുകയും സിപിഐയെ ഉൾപ്പെടുത്തുകയും ചെയ്തു. 1950 മുതൽ 1970 വരെ ഞങ്ങൾ സിപിഐയുമായും 64ൽ രൂപംകൊണ്ടതിനുശേഷം സിപിഐ(എം)മായും ഐക്യത്തിലായിരുന്നു. ഈ മുന്നണിയുടെ നേതൃത്വത്തിൽ ശക്തമായ പല സമരങ്ങളും നടന്നു. പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടായെങ്കിലും ഐക്യം നിലനിന്നു. അഭിപ്രായവ്യത്യാസങ്ങൾ ഞങ്ങൾ തുറന്നുപറഞ്ഞിരുന്നു. 1967ലും 69ലും ഐക്യമുന്നണി ഗവൺമെന്റ് രൂപീകരിക്കുന്ന സമയത്ത് ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായി. വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാനുള്ള ഒരു ഉപകരണം എന്നനിലയിൽ ഐക്യമുന്നണി ഗവൺമെന്റിനെ വീക്ഷിക്കണം എന്നായിരുന്നു ഞങ്ങളുടെ അഭിപ്രായം. ബൂർഷ്വാ പാർട്ടികൾ നയിക്കുന്ന സർക്കാരുകൾ പോലെയാകരുത് ആ ഗവൺമെന്റ്. അത് ജനതാൽപര്യം മുൻനിർത്തി സമരങ്ങൾ വളർത്തിയെടുക്കണം. ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ അത് പോലീസിനെ ഉപയോഗിക്കരുത്. ഇക്കാര്യത്തിൽ സിപിഐ(എം)നും മറ്റും വ്യത്യസ്ത അഭിപ്രായമായിരുന്നു.

1970-ൽ വർഗ്ഗാടിസ്ഥാനത്തിലുള്ള മുന്നണി എന്ന മുദ്രാവാക്യമുയർത്തി സിപിഐ(എം) ഐക്യമുന്നണി ഗവൺമെന്റ് പൊളിച്ചു. ഞങ്ങളുടെ പാർട്ടിയുമായുള്ള ഐക്യവും തകർന്നു. 1971ൽ ഞങ്ങൾ എട്ടു പാർട്ടികളുടെ മുന്നണിക്ക് രൂപം നൽകി. സിപിഐയും ഫോർവേഡ് ബ്ലോക്കും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. സിപിഐ (എം) മറ്റൊരു ആറു പാർട്ടികളുടെ സഖ്യത്തിലായിരുന്നു. 1972ൽ ഒമ്പത് പാർട്ടികളുടെ ഒരു സഖ്യത്തിൽ സിപിഐ(എം) വീണ്ടും ഞങ്ങളോടൊപ്പം ചേർന്നു. 1974ൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭത്തിൽ പങ്കെടുക്കുന്നതിന്റെ പേരിൽ ഈ മുന്നണിയും തകർന്നു. 74-ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ദുർഭരണത്തിനെതിരെയായിരുന്നു ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭം. ആ സമരവും അതിന്റെ ഡിമാന്റുകളും ജനാധിപത്യപരമായിരുന്നു എന്ന അഭിപ്രായമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. ഇടതുപാർട്ടികളുടെ അഭാവത്തിൽ ജനസംഘം പോലുള്ള വലതുപക്ഷ ശക്തികൾ ഈ പ്രക്ഷോഭത്തിൽ നിന്ന് മുതലെടുപ്പ് നടത്തി. നമുക്ക് അതിൽ പങ്കാളികളായി അതിന് ഒരു ഇടതുപക്ഷ ബദൽ നേതൃത്വം പ്രദാനം ചെയ്യാൻ ശ്രമിക്കാമെന്ന അഭിപ്രായം ഞങ്ങൾ മുന്നോട്ടുവച്ചു. സിപിഐ അന്ന് ഇന്ദിരാകോൺഗ്രസ്സിന് പരസ്യമായി പിന്തുണ നൽകി.സിപിഐ(എം) ഓരോരോ ന്യായങ്ങൾ പറഞ്ഞ് സമരത്തിൽനിന്ന് വിട്ടുനിന്നു. ജനസംഘവും മറ്റും ഈ സാഹചര്യം ഉപയോഗപ്പെടുത്തി കരുത്താർജിച്ചു. ഇക്കാര്യത്തിൽ ഞങ്ങൾ സിപിഐ(എം)നെ വിമർശിച്ചു. ഒരു ഐക്യമുന്നണിയിൽ നിൽക്കുമ്പോൾ നിങ്ങൾക്കെങ്ങനെയാണ് ഞങ്ങളെ വിമർശിക്കാൻ കഴിയുക, ഇത് ശരിയല്ല എന്നാണ് സിപിഐ(എം) പറഞ്ഞത്. ഐക്യം,സമരം,ഐക്യം എന്ന തത്ത്വമാണ് ഐക്യത്തെ സംബന്ധിച്ച മാർക്സിസ്റ്റ് കാഴ്ചപ്പാട് എന്ന് ഞങ്ങൾ പറഞ്ഞു. പൊതുശത്രുവിനെതിരെ ഒന്നിച്ചുനിൽക്കുമ്പോൾ ത്തന്നെ ഘടകകക്ഷികൾക്കിടയിൽ പ്രത്യയശാസ്ത്ര സമരം നടത്തുകയും പരസ്പര ധാരണ മെച്ചപ്പെടുത്തുകയും ചെയ്യുന്നത് ഐക്യത്തെ ദൃഢപ്പെടുത്തുകയേയുള്ളൂ എന്നർത്ഥം. ഇതാണ് ഐക്യത്തെ സംബന്ധിച്ച ശരിയായ സമീപനം. ഈ കാഴ്ചപ്പാടിനോട് സിപിഐ(എം) വിയോജിക്കുകയും ഐക്യം തകരുകയും ചെയ്തു. 1974 മുതൽ ഞങ്ങൾക്ക് സിപിഐ(എം)മായി ഒരു സഖ്യവുമില്ല.

1977ൽ സിപിഐ(എം) ബംഗാ

(ശേഷം 4-ാം പേജിൽ)

## കാലിക്കട്ട് യൂണിവേഴ്സിറ്റിയിലേക്ക് പാരലൽ വിദ്യാർത്ഥിമാർച്ച്





പാരലൽ-റഗുലർവിവേചനം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് പാരലൽ കോളേജ് അസോസിയേഷൻ സംഘടിപ്പിച്ച കാലിക്കട്ട് യൂണിവേഴ്സിറ്റി വിദ്യാർത്ഥിമാർച്ചിൽ സംസ്ഥാന ജനറൽ സെക്രട്ടറി രാജേഷ് മേനോൻ പ്രസംഗിക്കുന്നു. മാർച്ച് വിജയിപ്പിക്കാൻ എഐഡിഎസ്ഒ സജീവമായി രംഗത്തിറങ്ങി. എഐഡിഎസ്ഒ സംസ്ഥാനപ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് വിദ്യാർത്ഥിമാർച്ചിനെ അഭിസംബോധനചെയ്തു.

## (ഐഎൻപിഎ) സംസ്ഥാനവ്യാപകമായി പ്രക്ഷോഭപരിപാടികൾ സംഘടിപ്പിച്ചു




വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക, ജപ്തിനടപടികൾ നിർത്തിവയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഐഎൻപിഎ എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 31 ന് ജപ്തിനടപടികൾ നേരിടുന്നവർ നടത്തിയ കളക്ട്രേറ്റ് മാർച്ച്. ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി, ജില്ലാ നേതാക്കളായ എൻ.ആർ.മോഹൻകുമാർ, മേരി തോമസ്, എൻ.ജെ.പയസ്, കെ.എക്സ്. ജോർജ്, ജോസഫ് ലാൽ, പി.പി.എബ്രഹാം, എം.പി.സുധ, ജോളി തുടങ്ങിയവർ നയിക്കുന്നു



നവംബർ10 ന് തൃശൂർ കളക്ട്രേറ്റിലേക്ക് ഐഎൻപിഎ നടത്തിയ നിവേദനമാർച്ച് സംസ്ഥാന പ്രസിഡന്റ് ഡോ. ഡി. സുരേന്ദ്രനാഥ് ഉൽഘാടനം ചെയ്യുന്നു. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് പി.എസ്. ബാബു അദ്ധ്യക്ഷത വഹിച്ചു, ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ. കെ.ബി. ഉണ്ണിത്താൻ സമരപ്രഖ്യാപനം നടത്തി, ജില്ലാ കോർഡിനേറ്റർ സി.കെ. ശിവദാസൻ, ടി. വാസുദേവൻ എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി സിസിലി ഏലിയാസ്, പി.ഡി. പോൾ, എം. എ. മത്തായി തുടങ്ങിയവർ മാർച്ചിനു നേതൃത്വം നൽകി.




ഐഎൻപിഎ പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റിന് മുന്നിൽ ഒക്ടോബർ 10 ന് നടന്ന പ്രതിഷേധ സംഗമം. സംസ്ഥാന വൈസ് പ്രസിഡന്റ് എം. വി. ചെറിയാൻ ഉദ്ഘാടനം ചെയ്തു. പി.ആർ വിജയൻ, രവീന്ദ്രൻ പിള്ള, എസ്. രാധാമണി, സനില ജോർജ്ജ്, ബിനുബേബി, ജേക്കബ് ഇരവിപേരൂർ എന്നിവർ പ്രസംഗിച്ചു. ഒ. ജെ മുരളി, പി.കെ. ബാബു, ഇ. എം ജോർജ്ജ്, സനൽ കുമാർ, അനിതാ സത്യൻ തുടങ്ങിയവർ നേതൃത്വം നൽകി.

## വിശാല ഇടതു സമരനിര: എസ്‌യുസിഐ(സി)യുടെ സമീപനം

*(3-ാം പേജിൽ നിന്ന്)*

ളിൽ അധികാരത്തിൽ വന്നു. ആ ഗവൺമെന്റ് ഇടതുപക്ഷേതരവും ജനവിരുദ്ധവുമായ നയങ്ങൾ സ്വീകരിക്കുവാൻ തുടങ്ങി. ഇതിനെതിരെ ഞങ്ങൾ ശക്തമായ സമരങ്ങൾ വളർത്തിയെടുത്തു. ഇക്കാര്യങ്ങളൊക്കെ ചുരുക്കത്തിൽ ഞാൻ പ്രകാശ് കാരാട്ടിനോട് പറഞ്ഞു. എന്നാൽ ഈ സമരങ്ങളൊക്കെ നടത്തുമ്പോഴും കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ദേശീയ തലത്തിൽ സിപിഐ(എം)മായി യോജിച്ച പ്രക്ഷോഭണങ്ങൾക്ക് ഞങ്ങൾ തയ്യാറായിരുന്നു എന്ന കാര്യവും ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. അന്നത്തെ സിപിഐ(എം) നേതാക്കളോടും ഇക്കാര്യം പറഞ്ഞിരുന്നു. എന്നാൽ, അവർ പറഞ്ഞത്, ബംഗാൾ ഗവൺമെന്റിനെതിരായ സമരം നിർത്തിയാലേ അഖിലേന്ത്യാ തലത്തിൽ ഐക്യത്തിന് സാദ്ധ്യതയുള്ളു എന്നാണ്. ഞങ്ങൾക്ക് ഇതിനോട് യോജിക്കാനാവില്ല. ഇതുകൊണ്ടാണ് ദേശീയതലത്തിൽ ഐക്യം ഉണ്ടാകാതിരുന്നത്. ഇക്കാര്യങ്ങളെല്ലാം വ്യക്തമായി പ്രകാശ് കാരാട്ടിനോട് പറഞ്ഞു. സിംഗൂർ-നന്ദിഗ്രാം സമരങ്ങളുമായി ബന്ധപ്പെട്ട് തൃണമൂൽ കോൺഗ്രസുമായി ധാരണ ഉണ്ടാക്കിയപ്പോഴും ഞങ്ങൾ മുന്നോട്ടുവച്ച പ്രധാന ഉപാധി അവർ മാർക്സിസത്തേയും ഇടതുപക്ഷീയതയേയും അപകീർത്തിപ്പെടുത്തരുത് എന്നതായിരുന്നു. ടിഎംസി ഇത് അംഗീകരിക്കുകയും അവസാനംവരെ പാലിക്കുകയും ചെയ്തു. മറ്റ് ഉപാധികൾ അവർ പാലിച്ചില്ല. ടിഎംസി അധികാരത്തിലെത്തിയാലും ഇടതുപക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് ആ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ തെരുവിലിറങ്ങുമെന്ന് തെരഞ്ഞെടുപ്പിന് മുമ്പുതന്നെ ഞങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഞങ്ങൾ അതുപ്രകാരമാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഞങ്ങളെന്നും ഇടതുപക്ഷ ഐക്യത്തിനുവേണ്ടിയാണ് നിലകൊണ്ടിട്ടുള്ളത്. ഞങ്ങളുടെ രാഷ്ട്രീയ ലൈൻ ഇതാണ്. ഇടതുപക്ഷ സമരങ്ങളും വർഗ്ഗബഹുജനപ്രക്ഷോഭങ്ങളും കെട്ടിപ്പടുക്കുന്നതിനെ ഗൗരവത്തോടെയാണ് കാണുന്നതെങ്കിൽ അതിനുവേണ്ടി യോജിക്കാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ, കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണെന്നും ഞങ്ങൾ പ്രകാശ് കാരാട്ടിനോട് പറഞ്ഞു. അവിടെ ഇതിനകംതന്നെ ആർഎംപി, എംസിപിഐ(യു) എന്നീ ഇടതുപക്ഷ പാർട്ടികളുമായി ഞങ്ങൾ ഒരു ഐക്യമുന്നണിയായി പ്രവർത്തിച്ചുവരികയാണ്. അതിനാൽ കേരളത്തിൽ സിപിഐ(എം)മായി ഐക്യമുന്നണി ഉണ്ടാക്കാനാവില്ല.

പശ്ചിമബംഗാളിലെ സാഹചര്യം സംബന്ധിച്ച് ബിമൻ ബോസിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ പറഞ്ഞത്, സമരരംഗത്ത് ഞങ്ങളുടെ 161 സഖാക്കൾ സിപിഐ(എം) ഗുണ്ടകളുടെ ആക്രമണത്തിലോ പോലീസ് വെടിവെയ്പിലോ കൊല്ലപ്പെട്ടിട്ടുണ്ട് എന്നാണ്. കള്ളക്കേസിൽപ്പെട്ട് 49 സഖാക്കൾ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നു. ഒരിക്കൽ ഞാൻ സഖാക്കളുമൊത്ത് ഈ ഓഫീസിൽ വന്ന് ബിമൻ ബോസിനെയും റൈറ്റേഴ്സ് ബിൽഡിംഗിൽ പോയി അന്ന് മുഖ്യമന്ത്രിയായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യയേയും കണ്ടിട്ടുണ്ട്. ഞങ്ങളുടെ നേതാക്കളും പ്രവർത്തകരുമാണ് കൊല്ലപ്പെടുന്നത് എന്ന കാര്യം ഞാൻ അവരോട് പറഞ്ഞു. ഞങ്ങൾ ശമ്പളം കൊടുത്ത് കേഡർമാരെ റിക്രൂട്ട് ചെയ്യാറില്ല. ആദർശ പ്രേരിതരായി രാഷ്ട്രീയത്തിലേക്ക് വരുന്ന, നാടിന്റെ ആ ശ്രേഷ്ഠ സന്താനങ്ങളെയാണ് നിങ്ങളുടെ പാർട്ടിക്കാർ അരുംകൊല ചെയ്യുന്നത്. നിങ്ങളിത് നിർത്തണം. എന്നാൽ, കൊലപാതകങ്ങൾക്ക് അറുതിവരുത്താൻ രണ്ടുപേരും ഒന്നും ചെയ്തില്ല. അതുകൊണ്ടുതന്നെ താഴെത്തലങ്ങളിൽ ഞങ്ങളുടെയും നിങ്ങളുടെയും പ്രവർത്തകർക്കിടയിൽ നല്ല ബന്ധമല്ല നിലനിൽക്കുന്നത്. വിദ്വേഷം നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ ദേശീയതലത്തിൽ നമ്മൾ വിഭാവന ചെയ്യുന്ന സർവ്വതലസ്പർശിയായ ഐക്യം ബംഗാളിൽ ഇപ്പോൾ പ്രാവർത്തികമല്ല. സാവധാനത്തിലും പടിപടിയായും മാത്രമേ നമുക്ക് മുന്നോട്ട് പോകാനാകൂ. സാമ്രാജ്യത്വവിരുദ്ധ, വർഗ്ഗീയവിരുദ്ധ പരിപാടികൾപോലെ വിഷയാധിഷ്ഠിത പരിപാടികൾ നമുക്ക് സംഘടിപ്പിക്കാം. ഇപ്രകാരം താഴെത്തലങ്ങളിൽ പരസ്പരധാരണ വികസിച്ചുവരുന്നതിനനുസരിച്ച് ഐക്യവും ശക്തിപ്പെട്ടുവരും. നവംബർ ഒന്നിന് ഡൽഹിയിൽ നടക്കുന്ന മീറ്റിംഗിൽ ഞങ്ങളുടെ പ്രതിനിധി പങ്കെടുക്കുമെന്നും ഞാൻ പറഞ്ഞു. വീറുറ്റ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൾ ഒഴിവാക്കിക്കൊണ്ട് ഇടതുപക്ഷ ശക്തികൾക്ക് മുന്നേറാനാവില്ല എന്ന കാര്യം ഒടുവിൽ ഒന്നുകൂടി ആവർത്തിച്ച് ഞാൻ ഓർമ്മിപ്പിക്കുകയും ചെയ്തു. ഇന്ന് ഇത്രയും കാര്യങ്ങളാണ് സിപിഐ(എം) നേതാക്കളുമായി ഞങ്ങൾ സംസാരിച്ചത്.

**റിപ്പോർട്ടർമാരുടെ ചോദ്യങ്ങൾ**

റിപ്പോർട്ടർ: താങ്കളുടെ അഭിപ്രായങ്ങളോട് പ്രകാശ് കാരാട്ടിന്റെ പ്രതികരണം എന്തായിരുന്നു?

പ്രൊവാഷ് ഘോഷ്: അദ്ദേഹം നിശ്ശബ്ദമായി എല്ലാം കേട്ടു. അഭിപ്രായമൊന്നും പറഞ്ഞില്ല.

റിപ്പോർട്ടർ: ബംഗാളിലും കേരളത്തിലുമാണ് നിങ്ങൾക്ക് രണ്ടുകൂട്ടർക്കും കൂടുതൽ സ്വാധീനമുള്ളത്. രണ്ടിടത്തും പൂർണ്ണാർത്ഥത്തിലുള്ള ഐക്യം സാദ്ധ്യമല്ലെങ്കിൽ ദേശീയതലത്തിൽ ഇത് വിജയപ്രദമാകുമോ?

പ്രൊവാഷ് ഘോഷ്: അവർക്ക് ബംഗാളിലും കേരളത്തിലും ശക്തമായ സ്വാധീനമുണ്ട്. ഞങ്ങൾക്കുമുണ്ട്. ഇതുകൂടാതെ കർണാടക, ഒഡിഷ, ബീഹാർ, യുപി, ഡൽഹി, ഹരിയാന, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, തമിഴ്നാട്, ത്രിപുര, ആസ്സാം, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ഞങ്ങളുടെ പാർട്ടി ശക്തി പ്രാപിച്ചുവരികയാണ്. ഹിമാചൽപ്രദേശ്, നാഗാലാന്റ്, മണിപ്പൂർ, മിസോറം എന്നിവയൊഴികെയുള്ള ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും ഞങ്ങൾക്ക് പ്രവർത്തനമുള്ള കാര്യം ഞാൻ പ്രകാശ് കാരാട്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി. അക്കാര്യം തനിക്കറിയാമെന്ന് അദ്ദേഹം പറഞ്ഞു. കാശ്മീരിലെ പ്രളയബാധിത പ്രദേശങ്ങളിൽ ഞങ്ങൾ മെഡിക്കൽ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുന്ന കാര്യം അദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തു. ചുരുക്കത്തിൽ, ഈ സംസ്ഥാനങ്ങളിലും അഖിലേന്ത്യാതലത്തിലും പൂർണ്ണാർത്ഥത്തിലുള്ള ഐക്യം നിലവിൽവരും. ബംഗാളിൽ അത് പടിപടിയായി കൈവരിക്കും. കേരളത്തിൽ മാത്രം സിപിഐ(എം)മായി ഐക്യമുണ്ടാകില്ല. ഞങ്ങളുടെ ചർച്ച ക്രിയാത്മകമായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് കരട് പ്രഖ്യാപനത്തിന് നവംബർ ഒന്നിന് ഡൽഹിയിൽ അന്തിമരൂപം നല്കും.

റിപ്പോർട്ടർ: നിങ്ങളുടെ പാർട്ടി ബംഗാളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ സമരം സംഘടിപ്പിക്കുമോ?

പ്രൊവാഷ് ഘോഷ്: എന്തിനാണ് ഭാവികാലത്തിൽ സംസാരിക്കുന്നത്? പശ്ചിമബംഗാളിലടക്കം നിരവധി സംസ്ഥാനങ്ങളിൽ ഞങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരായ സമരത്തിലാണല്ലോ. മാദ്ധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്യുന്നില്ല. പക്ഷേ, മാദ്ധ്യമപ്രവർത്തകരായ നിങ്ങൾ ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കണം. ഞങ്ങളുടെ പാർട്ടി പ്രസിദ്ധീകരണങ്ങൾ നോക്കിയാൽ ഇതിന്റെ വാർത്തകൾ കാണാൻ കഴിയും. നന്ദി.

# ജനാനുകൂല മദ്യനയത്തെ സംരക്ഷിക്കാനായി പൊരുതുക

(2-ാം പേജിൽ നിന്ന്)

തുകൊണ്ട് മദ്യ ഉപഭോഗത്തിൽ യാതൊരു കുറവും വന്നിട്ടില്ല എന്നും മറിച്ച് ഉപഭോഗം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള കള്ളക്കണക്കുകളുമായി വ്യാപകമായ പ്രചാരണങ്ങൾ അവർ ആരംഭിച്ചു. കൂടുതൽ നിയമക്കുരുക്കിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കാനും അവർക്ക് മടിയുണ്ടായില്ല. ഈ പശ്ചാത്തലത്തിലാണ് കേരളസർക്കാർ മദ്യനയം പ്രഖ്യാപിക്കാൻ നിർബന്ധിതമാകുന്നത്. മദ്യവിരുദ്ധമായ ഒരു നിലപാട് യുഡിഎഫിനോ പ്രതിപക്ഷത്തിരിക്കുന്ന എൽഡിഎഫിനോ ഇല്ല. ഇക്കൂട്ടർ വാശിയോടെ നടപ്പാക്കിയ നയങ്ങളാണ് കേരളത്തിൽ മദ്യം കുത്തിയൊഴുക്കാൻ ഇടയാക്കിയത്. അതേ യുഡിഎഫ് നേതൃത്വം ഇന്ന് ബാറുകൾ അടച്ചുപൂട്ടാൻ തീരുമാനിക്കുന്നത് ജനങ്ങളെ ഭയന്നിട്ട് മാത്രമാണ്.

സംസ്ഥാനത്ത് ഒരു ബാറോ മദ്യവിൽപ്പനയുടെ ഒരു ഔട്ട്ലെറ്റോ അടച്ചുപൂട്ടിയാൽ അത്രയും അനുഗ്രഹമായി എന്ന് കേരളത്തിന്റെ മനസ്സാക്ഷി ആശ്വസിക്കുന്ന നിലയിലായിരുന്നു നാടിന്റെ പതനം. അപ്പോൾ ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ അടച്ചു പൂട്ടാനും പ്രതിവർഷം 10% ബിവറേജസ് ഔട്ട്ലറ്റുകൾ പൂട്ടാനും ഞായറാഴ്ചകൾ ഡ്രൈഡേ ആക്കാനുമുള്ള തീരുമാനം എത്രയോ ശരിയായ ഒന്നായിരുന്നു. നല്ലവരായ ജനങ്ങളുടെ, പ്രത്യേകിച്ചും സ്ത്രീകളുടെ മനസ്സിൽ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും കുളിർമഴ പെയ്യിച്ച ഒന്നായിരുന്നു ആ തീരുമാനം. എന്നാൽ കേരളം പിന്നീട് കണ്ടത് അതീവ ഖേദകരമായ, വേദനാകരമായ കാര്യങ്ങളാണ്. പെരുംലാഭം കുന്നുകൂട്ടിക്കൊണ്ടിരുന്ന മദ്യമുതലാളിമാരും രാഷ്ട്രീയനേതാക്കളും ചില മത- സാമുദായിക നേതാക്കളും ഒരുമിച്ച് ഒരു ഗൂഢാലോചനയിലേർപ്പെട്ട്, ഈ മദ്യനയത്തെ തകർക്കാനുള്ള ആസൂത്രിതപദ്ധതി നടപ്പാക്കുകയാണ് തുടർന്നുണ്ടായത്. ചില മാധ്യമങ്ങളുടെ സഹായവും ഇവർക്ക് ലഭിച്ചു. അങ്ങിനെ സംഘടിതമായ ഒരു പ്രചാരവേല ആരംഭിച്ചു. മദ്യനിരോധനം ഈ ഭൂമിയിലേ പ്രായോഗികമല്ല എന്നതാണ് പ്രചാരണത്തിന്റെ കേന്ദ്രബിന്ദു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കാനെടുത്ത തീരുമാനത്തെ മദ്യനിരോധനം നടപ്പാക്കി എന്ന മട്ടിൽ അവതരിപ്പിച്ചുകൊണ്ട് നിരോധനം നടപ്പാക്കിയ സംസ്ഥാനങ്ങളിലെ, എന്തിന് അമേരിക്കയുടെപോലും, ഉദാഹരണങ്ങൾ നിരത്തി ഓരോ വ്യക്തിക്കും ഒരു മദ്യശാല സ്ഥാപിച്ചാൽപോലും തെറ്റില്ല എന്ന രീതിയിൽ പ്രചാരണം മുന്നേറി. ഒരു ബാറെങ്കിലും അടച്ചുപൂട്ടിയാൽ അത് കേരളത്തിൽ ഉണ്ടാക്കാൻ സാധ്യതയുള്ള അപകടത്തെക്കുറിച്ചായിരുന്നു ചർച്ചയപ്പാടെ. കണക്കറ്റ് പണവും, സമൂഹത്തെ സ്വാധീനിക്കാൻ ശേഷിയുള്ള ചില വിഭാഗങ്ങളുടെ പിന്തുണയും കൈവശമുണ്ടെങ്കിൽ സമൂഹത്തിന്റെ നേർബുദ്ധിയെ ആകെ വെല്ലുവിളിക്കാനാവുമെന്ന് മദ്യലോബി തെളിയിക്കുകയായിരുന്നു. പടിപടിയായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നത് കേരളത്തിൽ അടിയന്തിരപ്രാധാന്യത്തോടെ നടപ്പാക്കേണ്ട ഒന്നായിരിക്കേയാണ് മദ്യനയത്തിനെതിരെ ഈ വിധത്തിൽ ചർച്ച ഉണ്ടായത് എന്നത് മദ്യലോബിയുടെ അതിരറ്റ ദുസ്വാധീനത്തെയാണ് വെളിവാക്കുന്നത്.

സ്പിരിറ്റ് നിറം ചേർത്ത് വ്യാജമദ്യമുണ്ടാക്കി അത് ബാറുകളിലൂടെ സെക്കന്റ്സ് എന്ന പേരിൽ ഒരു ചില്ലിത്തുട്ട് പോലും നികുതിയടയ്ക്കാതെ വിറ്റ് കണ്ണഞ്ചിപ്പിക്കുന്ന ലാഭമുണ്ടാക്കുന്ന അടിമുടി നിയമവിരുദ്ധമായ ബിസിനസ്സ് നടത്തുന്ന മദ്യമുതലാളിമാർ ഇപ്പോൾ കോഴവാങ്ങിയ രാഷ്ട്രീയ നേതൃത്വങ്ങൾക്കെതിരെ വെളിപ്പെടുത്തലുകൾ നടത്തുന്നത് എന്തെങ്കിലും ധാർമ്മികതയ്ക്കുവേണ്ടിയല്ലെന്നത് ഒരു കൊച്ചുകുട്ടിയ്ക്കും അറിയാവുന്നതാണ്. വ്യവസ്ഥാപിത രാഷ്ട്രീയ നേതൃത്വങ്ങളുമായി കൂട്ടുകെട്ട് ഉണ്ടാക്കി നാട്ടുകാരെ കുടിപ്പിച്ച് കൊല്ലുക എന്ന പങ്കുകച്ചവടം ദീർഘകാലമായി നടത്തിക്കൊണ്ടിരുന്നവർ ഒരു ദിനം മാലാഖമാരായതല്ല. മറിച്ച് മരണവ്യാപാരം തുടർന്നും നടത്തിക്കൊണ്ടുപോകാൻ അനുമതി നേടലാണ് അവരുടെ ലക്ഷ്യം. അതിനായി അവർ ഭരണനേതൃത്വത്തെ ബ്ലാക്ക്മെയിൽ ചെയ്യുകയാണ്. കോടികൾ രാഷ്ട്രീയക്കാർക്ക് നൽകിയിട്ടുണ്ട് എന്നത് നൂറുശതമാനവും വസ്തുതയാണ്. അതിന്റെ തെളിവുകൾ ഉണ്ടാവുക എന്നതും സ്വാഭാവികം. ആയതിനാൽ തെളിവുകൾ പുറത്തുവിടുമെന്ന് പ്രഖ്യാപിച്ചാൽ ഭരണമുന്നണി നേതൃത്വം ഭയന്ന് വിറയ്ക്കുമെന്ന് അവർക്കറിയാം. അങ്ങിനെ ഭയപ്പെടുത്തി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയം പൂട്ടിക്കെട്ടിക്കണം അതാണ് അവരുടെ ലക്ഷ്യം. ദീർഘകാലമായി നടക്കുന്ന പങ്കിടപാടിൽ നിന്ന് ഒരു കക്ഷി പിൻവാങ്ങിയാൽ മറുകക്ഷിയ്ക്കുണ്ടാകുന്ന വൈരാഗ്യവും അതുപയോഗപ്പെടുത്തിയുള്ള ബ്ലാക്ക് മെയിലിംഗുമാണ് ബാറുടമകളുടെ വെളിപ്പെടുത്തലിൽ ഉള്ളത്. അതിന് ധാർമ്മികതയുമായി കണികപോലും ബന്ധമില്ല. സ്ത്രീകളുടെ കണ്ണീരിന്റെയും പാവപ്പെട്ടവന്റെ അത്താഴത്തിന്റെയും വിലയാണ് ഈ സാമൂഹ്യവിരുദ്ധ ശക്തികളുടെ കൈവശമുള്ള കോടികളുടെ സമ്പാദ്യം. നാലുവർഷത്തിനുള്ളിൽ 20 കോടി രൂപ കോഴ നൽകാൻ കഴിയണമെങ്കിൽ ഇവരുടെ സമ്പാദ്യം എത്ര കോടികളുടേത് ആയിരിക്കും. സമൂഹമധ്യത്തിൽ നാലാൾ കേൾക്കെ ഒരഭിപ്രായം പോലും പറയാൻ യോഗ്യതയില്ലാത്ത ഈ മദ്യമുതലാളിമാരാണ് സമൂഹത്തെ രക്ഷിക്കാനിറങ്ങിയിട്ടുള്ള അവതാരപുരുഷന്മാരായി നെടുങ്കൻ പ്രഭാഷണങ്ങൾ നടത്തുന്നത്.

**മദ്യനയത്തെ സംരക്ഷിക്കാനായി പൊരുതുക**

മദ്യനയത്തിലേക്ക് പെട്ടെന്നൊരു ദിവസം സർക്കാർ എത്തിയതല്ല. സുദീർഘമായി കേരളത്തിൽ നടന്നു വരുന്ന ജനകീയ പ്രക്ഷോഭങ്ങളുടെ വിജയമാണത്. അതിനാൽ കോടതിയുടെ അന്തിമവിധിയിലൂടെ കോഴ കൊടുത്തവരും വാങ്ങിയവരും വിജയിക്കാനിടവരരുത്. കോടികൾ മുടക്കി അതിവിദഗ്ധ അഭിഭാഷകരെ അണിനിരത്തി നിയമത്തിന്റെ തലനാരിഴ കീറി നീതി നേടിയെടുക്കാൻ, ഇന്നാട്ടിലെ മനുഷ്യസ്നേഹികൾക്കും സ്ത്രീകൾക്കും ആവില്ലല്ലോ. അതിനാൽ ജനകീയ പ്രക്ഷോഭം തന്നെയാണ് ജനങ്ങളുടെ മുമ്പിലുള്ള മാർഗ്ഗം. മദ്യനയം സംരക്ഷിക്കപ്പെടുന്നതിലൂടെ മാത്രമേ കോഴ വാങ്ങിയവരെയും നൽകിയവരെയും നമുക്ക് പരാജയപ്പെടുത്താനാകൂ. കോഴ നൽകി എന്ന് വിളിച്ചുകൂവുന്നവർ, ബാറുകൾ തുറക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ നൽകിയതിലും വലിയ തുക നൽകാൻ തയ്യാറാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. ബാർ മുതലാളിമാരുമായി ഒത്തുതീർപ്പുണ്ടാക്കി, കോഴക്കേസിൽ നിന്ന് തലയൂരാൻ സർക്കാർ കഴിവതും പണിപ്പെടും. മദ്യനയം പൂട്ടിക്കെട്ടുകയായിരിക്കും ആത്യന്തികഫലം. ജനങ്ങൾ സർവശക്തിയുമുപയോഗിച്ച് ഇതിനെ ചെറുക്കേണ്ടിയിരിക്കുന്നു. കേരള സമൂഹത്തെ നാശഗർത്തത്തിലാഴ്ത്തുന്നഅളവിൽ വർദ്ധിച്ച മദ്യഉപഭോഗത്തെ സർക്കാർ തലത്തിൽ പ്രോത്സാഹിപ്പിക്കുന്നത് എന്തു വിലകൊടുത്തും അവസാനിപ്പിക്കണം. സമൂഹനന്മകാംക്ഷിക്കുന്ന ജനങ്ങളുടെയൊട്ടാകെയുള്ള സംഘടിതശ്രമം കൊണ്ടുമാത്രമേ ഇത് സാധ്യമാകൂ. ■

## ദേശീയപാത45 മീറ്റർ : സർക്കാർ തീരുമാനം ബി.ഒ.ടി ലോബികളുടെ താൽപ്പര്യാർത്ഥം. സർക്കാർ ജനഹിതത്തോടൊപ്പം നിലകൊള്ളണം – എൻ.എച്ച് 17 കേരളാ സ്റ്റേറ്റ് ആക്ഷൻ കൗൺസിൽ

### നവംബർ 20ന് സംസ്ഥാന വ്യാപകമായി എല്ലാ കളക്ട്രേറ്റുകളിലേക്കും പ്രതിഷേധ മാർച്ച്

ദേശീയപാത 45 മീറ്ററിൽ ഭൂമി ഏറ്റെടുക്കുമെന്ന സർക്കാർ തീരുമാനം ബി.ഒ.ടി ലോബികളുടെ താൽപ്പര്യാർത്ഥം മാത്രമാണെന്നും മർക്കട മുഷ്ടി അവസാനിപ്പിച്ചുകൊണ്ട് സർക്കാർ ജനഹിതത്തോടൊപ്പം നിലകൊണ്ടില്ലെങ്കിൽ കൂടുതൽ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടുപോകുമെന്നും എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ ഇ.വി. മുഹമ്മദലി, ജനറൽ കൺവീനർ ടി.കെ.സുധീർ കുമാർ എന്നിവർ പ്രസ്താവിച്ചു. കുറ്റിപ്പുറത്തു ചേർന്ന ആക്ഷൻ കൗൺസിൽ യോഗം ശക്തമായ സമരപരിപാടികൾക്ക് ആഹ്വാനം നൽകി.

ഇടപ്പള്ളിമുതൽ കാസർഗോഡ് വരെയുള്ള ദേശീയപാത പദ്ധതിയിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം കഴിഞ്ഞ മാർച്ച് മാസം 5-ാം തിയതി പുറപ്പെടുവിക്കുകയും, പാത മുപ്പതുമീറ്ററിൽ സംസ്ഥാന സർക്കാർ നിർമ്മിക്കുമെന്ന് തീരുമാനമെടുക്കുകയും ചെയ്തതാണ്. അതിന്റെ രൂപരേഖ സർക്കാർ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. എന്നിട്ടും ധൃതിയിൽ ഇത്തരത്തിൽ മലക്കം മറിഞ്ഞതിനും പിന്നിൽ ബിഒടി ലോബിയുടെ ഒത്തുകളിയാണെന്ന് അവർ പറഞ്ഞു.

ദേശീയപാത 45 മീറ്ററിൽ ബി.ഒ.ടി വികസനത്തിനുപിന്നിൽ 2ജി സ്പെക്ട്രത്തെക്കാൾ വലിയ അഴിമതി ഉണ്ടെന്ന് പ്രഖ്യാപിച്ചത് വി.എം സുധീരനാണ്. ഇന്ന് അദ്ദേഹം നേതൃത്വം കൊടുക്കുന്ന പാർട്ടി ഇതേ അഴിമതിപ്പാതക്കുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന് തെളിഞ്ഞിരിക്കുകയാണ്. സെന്റിന് നാലുലക്ഷവും അതിന്റെ നാലിരട്ടിയും നഷ്ടപരിഹാരമായി കൊടുക്കുമെന്ന് പറയുന്ന മുഖ്യമന്ത്രിയും ഇത് എവിടെനിന്ന് കൊടുക്കുമെന്ന് പറയുന്നില്ല. സെന്റിന് 4 ലക്ഷംവച്ച് കൂട്ടിയാൽ എൻഎച്ച് 17ലും 47 ലുമായി 5000 ഏക്കർ സ്ഥലമാണ് 45 മീറ്റർ പാതയ്ക്കായി ഏറ്റെടുക്കുവാൻ അധികാരികൾ ശ്രമിക്കുന്നത്. 20,000 കോടിരൂപയെങ്കിലും ഈ ഇനത്തിൽ വകയിരുത്തേണ്ടതുണ്ട്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാരത്തിന് 4000 കോടിരൂപയിൽ അധികം കേന്ദ്രസർക്കാരും നൽകുവാൻ തയ്യാറല്ല. സംസ്ഥാന സർക്കാർ കടക്കെണിയിലാണ്. ഈ യാഥാർത്ഥ്യം നിലനിൽക്കെ മാർക്കറ്റ് വിലയുടെ നാലിരട്ടിയും ആറിരട്ടിയും വില കൊടുക്കുമെന്ന പ്രഖ്യാപനം തട്ടിപ്പ് മാത്രമാണ്. മുപ്പതുമീറ്റർ വീതിയിൽ പാത വികസിപ്പിക്കുവാനുള്ള യുദ്ധകാല നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുക, 45 മീറ്റർ ബിഒടി പദ്ധതി ഉപേക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ശക്തമായ സമരപരിപാടികളുമായി മുന്നോട്ടുപോകുവാനും ആദ്യപടിയായി നവംബർ 20ന് സംസ്ഥാന വ്യാപകമായി എല്ലാ കളക്ട്രേറ്റുകളിലേക്കും പ്രതിഷേധ മാർച്ച് നടത്തുവാനും യോഗം തീരുമാനിച്ചു. വൈസ്പ്രസിഡന്റുമാരായ ഹാഷിം ചേന്നാമ്പിള്ളി, എ.ജി.ധർമ്മരത്നം, ഉസ്മാൻ ഹാജി, ജില്ലാ കൺവീനർമാരായ കെ.കെ. സുരേഷ് (കാസർഗോഡ്), പോൾ ടി.സാമുവൽ (കണ്ണൂർ), മഹേഷ് വടകര (കോഴിക്കോട്), അബുലൈസ് തേഞ്ഞിപ്പലം (മലപ്പുറം), സി.കെ. ശിവദാസൻ (തൃശൂർ), സത്യൻമാഷ് (എറണാകുളം) എന്നിവരും സംസാരിച്ചു.

**ബി.ഒ.ടി.പാതക്കെതിരെ ചാവക്കാട് ഇരകളുടെ പ്രതിഷേധം ഇരമ്പി**

കേരളത്തിലെ ദേശീയപാതകൾ 45 മീറ്ററിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ മാത്രമേ നിർമ്മിക്കുകയുള്ളു എന്ന മന്ത്രിസഭാ തീരുമാനത്തിനെതിരെ എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ തൃശൂർ ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ വിവിധയിടങ്ങളിൽ പ്രതിഷേധ പ്രകടനങ്ങളും യോഗങ്ങളും നടന്നു. ചാവക്കാട് സംഘടിപ്പിച്ച പ്രതിഷേധയോഗം ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി. മുഹമ്മദലി ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ സി.കെ. ശിവദാസൻ, മേഖലാ പ്രസിഡന്റ് വി. സിദ്ധിഖ്, ജില്ലാ ജോ.കൺവീനർ കെ.ഇ. നസീർ മേഖലാ കൺവീനർ സി.ഷറഫുദ്ദീൻ എന്നിവർ പ്രകടനത്തിന് നേതൃത്വം കൊടുത്തു. അണ്ടത്തോട്, പുന്നയൂർ, എടക്കഴിയൂർ, തിരുവത്ര, മണത്തല, ഒരുമനയൂർ വില്ലേജ് കമ്മിറ്റികളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പരിപാടിനടന്നത്. മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, ചെന്ത്രാപിന്നി, എടമുട്ടം, തൃപ്രയാർ, തളിക്കുളം, വാടാനപ്പള്ളി, തൃത്തല്ലൂർ, ഏങ്ങണ്ടിയൂർ വില്ലേജ് കമ്മിറ്റികളുടെ സംയുക്താഭിമുഖ്യത്തിൽ തളിക്കുളത്ത് നടന്ന പ്രതിഷേധ പ്രകടനം ആക്ഷൻ കൗൺസിൽ ജില്ലാ പ്രസിഡന്റ് എ.ജി. ധർമ്മരത്നം ഉദ്ഘാടനം ചെയ്തു. ജില്ലാ ഉപദേശക സമിതി ചെയർമാൻ കെ.ഡി. മേനോൻ, പി.കെ. നൂറുദ്ദീൻ എന്നിവർ സംസാരിച്ചു. ■



ചാവക്കാട് നടത്തിയ പ്രതിഷേധയോഗം ഇ.വി.മുഹമ്മദാലി ഉദ്ഘാടനം ചെയ്യുന്നു



എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ ചാവക്കാട് നടത്തിയ പ്രതിഷേധപ്രകടനം

# ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ കൺവൻഷനുകൾ




തിരുവനന്തപുരം ജില്ലാ കൺവൻഷനിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ: സഖാക്കൾ സി.ശ്രീനിവാസദാസ്, എസ്.രാജാദാസ്, ജി.എസ്.പത്മകുമാർ, വി.വേണുഗോപാൽ, വി.കെ.സുരേഷ്, ജി.ബാലകൃഷ്ണപിള്ള, കെ.കെ.രമ തുടങ്ങിയവർ

## തിരുവനന്തപുരം ജില്ലാ കൺവൻഷൻ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഇടതുപക്ഷ ഐക്യമുന്നണിയുടെ തിരുവനന്തപുരം ജില്ലാ കൺവൻഷൻ നവംബർ 8 ന് നടന്നു

എംസിപിഐ(യു) ജില്ലാ സെക്രട്ടറി സ. സി.ശ്രീനിവാസദാസ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സ. ജി.എസ്. പത്മകുമാർ സ്വാഗതം ആശംസിച്ചു. ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗം സ. കെ.കെ.രമ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സ.സി.കെ.ലൂക്കോസ് മുഖ്യപ്രസംഗം നടത്തി. എംസിപിഐ(യു) സംസ്ഥാന സെക്രട്ടേറിയറ്റംഗം സ. എസ്.രാജാദാസ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന സെക്രട്ടേറിയറ്റംഗം സ. വി. വേണുഗോപാൽ, ആർഎംപി ജില്ലാ സെക്രട്ടറി സ. ജി.ബാലകൃഷ്ണപിള്ള, സ. പേരൂർക്കട മോഹനൻ (ആർഎംപി) എന്നിവർ പ്രസംഗിച്ചു.

സഖാക്കൾ വി.കെ.സുരേഷ് (എംസിപിഐ(യു) ചെയർമാനും, ആറ്റുകാൽ വിക്രമൻ (ആർഎംപി) വൈസ് ചെയർമാനും, ആർ.ബിജു (എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൺവീനറും സി.ശ്രീനിവാസദാസ്, ജി.എസ്.പത്മകുമാർ, പേരൂർക്കട മോഹനൻ, അഡ്വ.വി.പ്രതാപ്സിംഗ്, എസ്.എസ്.മുകുന്ദേഷ്, ഡി.സുന്ദരേശൻ, എം.ഷാജർഖാൻ, അലക്സാണ്ടർ, ഡി.സുകു എന്നിവർ അംഗങ്ങളുമായ ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ ക്കമ്മിറ്റിക്ക് കൺവൻഷൻ രൂപം നൽകി.

## എറണാകുളം ജില്ലാ കൺവൻഷൻ

ഇടതുപക്ഷ ഐക്യമുന്നണി എറണാകുളം ജില്ലാ കൺവൻഷൻ നവംബർ രണ്ടിന് ആലുവ എഫ്ബിഒഎ ഹാളിൽ ചേർന്നു. എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗവും എൽയുഎഫ് സംസ്ഥാന വൈസ്ചെയർമാനുമായ സഖാവ് കെ.ആർ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ച കൺവൻഷൻ ആർഎംപി സംസ്ഥാന ചെയർമാൻ സഖാവ് ടി.എൽ.സന്തോഷ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റംഗം സഖാവ് വി.വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ടി.എസ്.നാരായണൻമാസ്റ്റർ എൽയുഎഫ് ജില്ലാ കമ്മിറ്റിയുടെ പാനൽ അവതരിപ്പിച്ചു. എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്. ഹരിഹരൻ, സഖാക്കൾ ടി.കെ.സുധീർകുമാർ, ഇ.കെ.മുരളി തുടങ്ങിയവരും പ്രസംഗിച്ചു.

ജനദ്രോഹനയങ്ങൾ നടപ്പാക്കുന്നതിൽ കോൺഗ്രസ്സിനെ കടത്തിവെട്ടിയിരിക്കുകയാണ് മോദിയുടെ ബിജെപി സർക്കാർ. ആസന്നമായ ജനമുന്നേറ്റത്തിന് തടയിടാൻ വർഗ്ഗീയമായ ചേരിതിരിവുകളെ പ്രോത്സാഹിപ്പിക്കാനും ഫാസിസ്റ്റ് മനോഭാവം അടിച്ചേൽപ്പിക്കാനുമുള്ള ഗൂഢശ്രമങ്ങളെ ഗൗരവത്തോടെ കാണണമെന്ന് കൺവൻഷൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇടതുജനാധിപത്യമുന്നേറ്റങ്ങൾ വളർത്തിയെടുക്കാൻ ഉത്തരവാദിത്തപ്പെട്ട വ്യവസ്ഥാപിത ഇടതുപക്ഷം തങ്ങളുടെ ദീർഘകാലത്തെ അവസരവാദ പാർലമെന്ററി രാഷ്ട്രീയം വഴി ഉള്ളടക്കവും പ്രതിച്ഛായയും നഷ്ടപ്പെട്ട് പരിതാപകരമായ അവസ്ഥയിലാണ്. ഇത്തരമൊരു രാഷ്ട്രീയ സാഹചര്യത്തിലാണ് ഇടതുപക്ഷ സമരരാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഇടതുപക്ഷ ഐക്യമുന്നണിയുടെ പ്രസക്തി വർദ്ധിക്കുന്നതെന്നും കൺവൻഷൻ അഭിപ്രായപ്പെട്ടു.

സഖാക്കൾ ടി.കെ.സുധീർകുമാർ (ചെയർമാൻ), ഇ.കെ.മുരളി (കൺവീനർ), കെ.ബിനോജ്, പി.എ.അബ്ദുൾ സമദ്, എൻ.ആർ. മോഹൻകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ, പി.എം.ദിനേശൻ, എം.കെ.വിജയൻ, പി.പി. സാജു, വി.പി.നാരായണപിള്ള, കെ.പി. സാൽവിൻ, അനൂപ് എന്നിവർ അംഗങ്ങളായി എൽയുഎഫ് ജില്ലാ കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു.

## ഇടുക്കി ജില്ലാ കൺവൻഷൻ

ഇടതുപക്ഷ ഐക്യമുന്നണി ഇടുക്കി ജില്ലാ കൺവൻഷൻ ഒക്ടോബർ 12 ന് തൊടുപുഴ ബിഎസ്എൻഎൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ഹാളിൽ ചേർന്നു. എസ്‌യുസിഐ(സി) ഇടുക്കി ജില്ലാ സെക്രട്ടറി എൻ.വിനോദ്കുമാർ അദ്ധ്യക്ഷത വഹിച്ച കൺവൻഷൻ എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്തു.എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ്, സഖാവ് പി.സി.ജോളി തുടങ്ങിയവർ പ്രസംഗിച്ചു. സ.എം.ബി. രാജശേഖരൻ സ്വാഗതവും സ. എം.എൻ. അനിൽ നന്ദിയും പറഞ്ഞു. സ.എൻ.വിനോദ്കുമാർ കൺവീനറായും സഖാവ് പി.സി.ജോളി ജോ.കൺവീനറായും 13 അംഗ ജില്ലാ കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു.

## കോഴിക്കോട് ജില്ലാ കൺവൻഷൻ

ഒക്ടോബർ 12 ന് വടകര ടൗൺഹാളിൽ സഖാവ് കെ.പി.പ്രകാശന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഇടതുപക്ഷ ഐക്യമുന്നണി കോഴിക്കോട് ജില്ലാ കൺവൻഷൻ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ മുഖ്യപ്രഭാഷണം നടത്തി. ആർഎംപി സംസ്ഥാന സെക്രട്ടറി സഖാവ് എൻ.വേണു, എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്.ഹരിഹരൻ, എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സ. ജ്യോതികൃഷ്ണൻ, ആർഎംപി നേതാവ് സ. കുഞ്ഞികണാരൻ, എസ്‌യുസിഐ ജില്ലാ സെക്രട്ടറി സ. എ.ശേഖർ എന്നിവരും പ്രസംഗിച്ചു. ■




കോഴിക്കോട് ജില്ലാ കൺവൻഷനിൽ ആർഎംപി സംസ്ഥാന സെക്രട്ടറി സഖാവ് എൻ. വേണു പ്രസംഗിക്കുന്നു. വേദിയിൽ: സഖാക്കൾ എം രാജൻ, സി.കെ.ലൂക്കോസ്, കെ.എസ്. ഹരിഹരൻ, എ.ശേഖർ, കെ.പി.പ്രകാശൻ തുടങ്ങിയവർ.




എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്.ഹരിഹരൻ ഇടുക്കി ജില്ലാ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ എൻ.വിനോദ്കുമാർ, എം രാജൻ, പി.സി.ജോളി, ജയ്സൺ ജോസഫ്, എം.എൻ.അനിൽ, എം.ബി.രാജശേഖർ, സിജു.ടി.സി.




എറണാകുളം ജില്ലാ കൺവൻഷനിൽ സഖാവ് വി.വേണുഗോപാൽ പ്രസംഗിക്കുന്നു. വേദിയിൽ സഖാക്കൾ ടി.എസ്.നാരായണൻമാസ്റ്റർ, കെ.ആർ.സദാനന്ദൻ, കെ.എസ്.ഹരിഹരൻ, ടി.എൽ സന്തോഷ്, ടി.കെ.സുധീർകുമാർ, പി.എം.ദിനേശൻ, ഇ.കെ.മുരളി, സി.ബി.അശോകൻ, പി.പി.അഗസ്റ്റിൻ തുടങ്ങിയവർ



എറണാകുളം ജില്ലാ കൺവൻഷന്റെ സദസ്സ്

# അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കിന്റെയും പെരിനാട് കലാപത്തിന്റെയും ശതാബ്ദി ആചരിച്ചു



സമ്മേളനം പി.രാമഭദ്രൻ ഉദ്ഘാടനം ചെയ്യുന്നു. എസ്.രാധാകൃഷ്ണൻ, രവി കുമാർ, കെ.ഒ. മാത്യുപണിക്കർ, വൈ.റോബർട്ട്, പഴങ്ങാലം ബദറുദ്ദീൻ, ജി.ധ്രുവകുമാർ, എസ്.രാഘവൻ, ബി.രാമചന്ദ്രൻ, ഡി.സന്തോഷ്, കെ.പി.വിൽഫ്രഡ് എന്നിവർ വേദിയിൽ

അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരിച്ചുകൊണ്ട് കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടന്ന ആചരണപരിപാടികളുടെ സമാപനം കുറിച്ചുകൊണ്ടും പെരിനാട് കലാപത്തിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആചരണത്തിന് തുടക്കം കുറിച്ചുകൊണ്ടും ഒക്ടോബർ 23,24 തീയതികളിൽ കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ നവോത്ഥാനശക്തി എക്സിബിഷനും സമ്മേളനങ്ങളും നടന്നു. അയ്യൻകാളി അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിലായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്.

ഒക്ടോബർ 23 ന് രാവിലെ 10 മണിക്ക് പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് നടന്ന സമ്മേളനം പി.രാമഭദ്രൻ ഉദ്ഘാടനം ചെയ്തു. എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. രവി കുമാർ, കെ.ഒ.മാത്യു പണിക്കർ, വൈ.റോബർട്ട്, പഴങ്ങാലം ബദറുദ്ദീൻ, ജി.ധ്രുവകുമാർ, എസ്.രാഘവൻ, ബി.രാമചന്ദ്രൻ, ഡി.സന്തോഷ്, കെ.പി.വിൽഫ്രഡ് എന്നിവർ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് നടന്ന കവിസംഗമം ചവറ കെ.എസ്.പിള്ള ഉദ്ഘാടനം ചെയ്തു. എം. കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. സി.ടി.കുമാരൻ, ടി.എൻ.തൊടിയൂർ, ടിങ്കിൾ പ്രഭാകരൻ എന്നിവർ കവിതകൾ അവതരിപ്പിച്ചു. എസ്.ശ്രീജയ സ്വാഗതവും വി.ലീല നന്ദിയും പറഞ്ഞു.

24ന് രാവിലെ പത്ത് മണിക്ക് പെരിനാട് കലാപവും കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടന്നു. ആർ.പാർവ്വതീദേവി ഉദ്ഘാടനം ചെയ്തു. ഷൈല.കെ.ജോൺ അദ്ധ്യക്ഷത വഹിച്ചു. ഡോ.സി.അനിതാശങ്കർ, മിനി.കെ.ഫിലിപ്പ്, എ.ജെയിംസ്, എൻ.കെ.ബിജു, എൻ.ടെന്നിസൺ, എസ്.ഷൈലജ, പി.ജി.ഷീജ എന്നിവർ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് നടന്ന സമാപന സമ്മേളനം പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ജ്യോതി കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജി. എസ്.പത്മകുമാർ വിഷയാവതരണം നടത്തി. ഡോ.വി.വേണുഗോപാൽ, ഇരവിപുരം ഭാസി, വി.എസ്.മോഹൻലാൽ, പി.പി.പ്രശാന്ത്കുമാർ, ബി.വിനോദ്, കെ.ശശാങ്കൻ എന്നിവർ പ്രസംഗിച്ചു.

അയ്യൻകാളിയുടെ ഇതിഹാസസമാനമായ ജീവിതത്തിന്റെയും കേരളീയ നവോത്ഥാനത്തിന്റെയും ഈടുറ്റ ഏടുകൾ ചിത്രീകരിക്കുന്ന എക്സിബിഷൻ കാണാനും സമ്മേളനത്തിൽ പങ്കെടുക്കാനും രണ്ടു ദിവസങ്ങളിലായി നൂറുകണക്കിനാളുകൾ എത്തിയിരുന്നു. ■



കവിസംഗമം ചവറ കെ.എസ്.പിള്ള ഉദ്ഘാടനം ചെയ്യുന്നു



സെമിനാർ ആർ.പാർവ്വതീദേവി ഉദ്ഘാടനം ചെയ്യുന്നു



സമാപനസമ്മേളനം കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു

# അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളിസമരത്തിന്റെ ശതാബ്ദിയാചരിച്ചു

അയ്യൻകാളി നയിച്ച കർഷകത്തൊഴിലാളിസമരത്തിന്റെ ശതാബ്ദിയാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 27 ന് പാലക്കാട്, ചിറ്റൂർ ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽവച്ച് അയ്യൻകാളിയും കേരളനവോത്ഥാനവും എന്ന വിഷയത്തിൽ ചർച്ചാസമ്മേളനം നടന്നു. ഡോ.എൻ.എ.കരിം ചെയർമാനായി സംസ്ഥാനതലത്തിൽ രൂപീകൃതമായിട്ടുള്ള ആചരണക്കമ്മിറ്റിയുടെ പാലക്കാട് ജില്ലാഘടകത്തിന്റെയും ബാനർ സാംസ്കാരികസമിതി ചിറ്റൂർ ഘടകത്തിന്റെയും സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി. ആചരണക്കമ്മിറ്റി പാലക്കാട് ജില്ലാഘടകം ചെയർമാനും പ്രമുഖ പരിസ്ഥിതി പ്രവർത്തകനുമായ



ചർച്ചാ സമ്മേളനം ഡോ.പി.എസ്.പണിക്കർ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ: പ്രൊഫ. കെ.ശശികുമാർ, അഡ്വ.ജയപാലമേനോൻ, വിളയോടി വേണുഗോപാൽ, എ.കണ്ടച്ചാമി, പ്രൊഫ.ടി.വി.ശശി, പി. ആർ. ജയശീലൻ, എം. ശിവകുമാർ, ജി.എസ്.പത്മകുമാർ, എ.അബ്ദുൾ അസീസ് എന്നിവർ.

ഡോ.പി.എസ്. പണിക്കരുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. അഡ്വ.പി.ജയപാലമേനോൻ, പ്രൊഫ.കെ.ശശികുമാർ, പ്രൊഫ. ടി.വി.ശശി, വിളയോടി വേണുഗോപാൽ, പി.ആർ.ജയശീലൻ, എം. ശിവകുമാർ, എ.കണ്ടച്ചാമി, മുരളി തരൂർ, കെ.അബ്ദുൾ അസീസ്, കെ.എം.ബീവി എന്നിവർ പ്രസംഗിച്ചു. കെ.കേശവൻകുട്ടി സ്വാഗതവും പി.മണികണ്ഠൻ കൃതജ്ഞതയും പറഞ്ഞു.

നവോത്ഥാനം ഉയർത്തിപ്പിടിച്ച ജനാധിപത്യമൂല്യങ്ങൾക്ക് കേരളീയ സമൂഹത്തിൽ തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അയ്യൻകാളിയെപ്പോലുള്ള നവോത്ഥാന നായകന്മാരുടെ ജീവിതവും മൂല്യങ്ങളും അനുസ്മരിക്കുന്നതിന് വലിയ സാമൂഹ്യ പ്രസക്തിയുണ്ടെന്ന് ഡോ.പി.എസ്.പണിക്കർ പറഞ്ഞു. ജനാധിപത്യവിശ്വാസികൾക്ക് അയ്യൻകാളിയുടെ പോരാട്ടങ്ങളിൽ നിന്ന് വിലപ്പെട്ട പാഠങ്ങൾ ഉൾക്കൊള്ളാനുണ്ടെന്ന് അഡ്വ.പി.ജയപാലമേനോൻ പറഞ്ഞു. നവോത്ഥാനമാണ് കേരളത്തിൽ മനുഷ്യനെ സൃഷ്ടിച്ചതെന്നും ആ മഹത്തായ പ്രസ്ഥാനത്തിൽ അയ്യൻകാളി വഹിച്ചത് അദ്വിതീയമായ സ്ഥാനമാണെന്നും പ്രൊഫ.കെ.ശശികുമാർ പറഞ്ഞു. നവോത്ഥാനാദർശങ്ങളായ ജനാധിപത്യവും മതേതരത്വവും പ്രഭാഷണത്തിലൊതുക്കുകയും പ്രവൃത്തിയിൽ വരുത്താതിരിക്കുകയും ചെയ്യുന്നുവെന്നതാണ് കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെ ദുഃസ്ഥിതിയെന്ന് പ്രൊഫ. ടി.വി.ശശി ചൂണ്ടിക്കാട്ടി. അധഃസ്ഥിത ജനതയുടെ അതിജീവനസമരങ്ങൾക്ക് ഇന്നും ഊർജ്ജം പകരുന്നവയാണ് അയ്യൻകാളി നയിച്ച അവകാശസമരങ്ങളെന്ന് വിളയോടി വേണുഗോപാൽ പറഞ്ഞു. ■

# സേവ് എജ്യുക്കേഷൻ കമ്മിറ്റി വിദ്യാഭ്യാസ ശില്പശാല




പ്രൊഫ.അനീഷ്കുമാർ റോയ് ശില്പശാല ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ: ഡോ.എൻ.എ കരീം, ഡോ.വി വേണുഗോപാൽ, പ്രൊഫ.ശാർങ്ഗധരൻ, പ്രൊഫ.പി.എൻ തങ്കച്ചൻ, പ്രൊഫ.ഹരിദാസൻ, അഡ്വ.ബി.കെ.രാജഗോപാൽ, ആർ.അച്യുതൻനായർ, എം.ഷാജർഖാൻ എന്നിവർ

വിദ്യാഭ്യാസമേഖലയെ വാണിജ്യവൽക്കരിക്കുക മാത്രമല്ല വർഗ്ഗീയവൽക്കരണത്തിലൂടെ നമ്മുടെ സമൂഹത്തെ ഫാസിസത്തിലേയ്ക്ക് നയിക്കുകയുമാണ് വിനാശകരമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളെന്ന് പ്രൊഫ.അനീഷ് കുമാർ റോയ് പറഞ്ഞു. ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി നവംബർ 9 ന് തിരുവനന്തപുരം ഐക്കഫ് സെന്ററിൽ നടത്തിയ ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ചരിത്രം തന്നെ തിരുത്തിയെഴുതാനാണ് മോദി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എൻസിഇആർടി കരിക്കുലം പൊളിച്ചെഴുതാൻ ബിജെപി സർക്കാർ നടത്തുന്ന നീക്കങ്ങൾക്കെതിരെ വിദ്യാഭ്യാസ സ്നേഹികൾ ഒത്തൊരുമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ മതേതരത്വം തല്ലിതകർക്കാനാണ് മോദി സർക്കാരിന്റെ ശ്രമമെന്നും അതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്നും ശില്പശാലയിൽ അദ്ധ്യക്ഷത വഹിച്ച ഡോ.എൻ.എ കരീം പറഞ്ഞു.

നന്മയുടെ പ്രതീകമായി, സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ജ്വലിച്ച് നിന്ന, മാതൃക അദ്ധ്യാപികയായ അന്തരിച്ച പ്രൊഫ.ഹൃദയകുമാരിക്ക് ശില്പശാല ആദരാഞ്ജലികൾ അർപ്പിച്ചു.അനുശോചന പ്രമേയം പി.എസ് ഗോപകുമാർ അവതരിപ്പിച്ചു.

ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി ജനറൽ സെക്രട്ടറി പ്രൊഫ.ഗൗരി ശങ്കർ ഘട്ടക്കിന്റെ അകാല നിര്യാണത്തിലുള്ള അനുശോചന പ്രമേയം പ്രൊഫ.പി.എൻ തങ്കച്ചൻ അവതരിപ്പിച്ചു.

ഡോ.വി വേണുഗോപാൽ, പ്രൊഫ.ശാർങ്ഗധരൻ, പ്രൊഫ.ഹരിദാസൻ, അഡ്വ.ബി.കെ രാജഗോപാൽ, ആർ.അച്യുതൻ നായർ എന്നിവർ പ്രസംഗിച്ചു. എം. ഷാജർഖാൻ സ്വാഗതം പറഞ്ഞു. 33 അംഗ പ്രിപ്പറേറ്ററി കമ്മിറ്റിക്കും രൂപം നൽകി. ■

സൈദ്ധാന്തിക പാഠങ്ങൾ

# ഒക്ടോബർ വിപ്ലവത്തിന്റെ സാർവ്വദേശീയ സ്വഭാവം



**(ഒക്ടോബർ വിപ്ലവത്തിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് 1927 നവംബർ 7 ന് മഹാനായ ജോസഫ് സ്റ്റാലിൻ നടത്തിയ പ്രസംഗം. നവംബർ വിപ്ലവത്തെയാണ് പഴയ റഷ്യൻ കലണ്ടർ പ്രകാരം ഒക്ടോബർ വിപ്ലവമെന്ന് പരാമർശിക്കുന്നത്.)**

ഒക്ടോബർ വിപ്ലവത്തെ ദേശീയ അതിരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു വിപ്ലവമായി കണക്കാക്കാവുന്നതല്ല. അത് അടിസ്ഥാനപരമായും ഒരു സാർവ്വദേശീയ വിപ്ലവത്തിന്റെ സ്വഭാവമുള്ളതാണ്. എന്തുകൊണ്ടെന്നാൽ അത് മനുഷ്യചരിത്രത്തിലെ വിപ്ലവകരമായ ഒരു വഴിത്തിരിവിനെ സൂചിപ്പിക്കുന്നു. പഴയ മുതലാളിത്ത ലോകത്തിൽ നിന്നും പുതിയ സോഷ്യലിസ്റ്റ് ലോകത്തിലേയ്ക്കുള്ള ഒരു മാറ്റം.

മുൻപൊക്കെ വിപ്ലവങ്ങളുടെ ഫലമായി ഒരു കൂട്ടം മർദ്ദകരെ ഗവൺമെന്റിന്റെ തലപ്പത്തുനിന്ന് മാറ്റി മറ്റൊരു കൂട്ടം മർദ്ദകരെ അവിടെ പ്രതിഷ്ഠിക്കുകയാണ് സംഭവിച്ചിരുന്നത്. ചൂഷകർ മാറിയെങ്കിലും ചൂഷണം തുടർന്നുവന്നു. അടിമകളുടെ വിമോചനസമരത്തിന്റെ കാലത്തെ സ്ഥിതിയിതായിരുന്നു. കൃഷിക്കാരുടെ വിപ്ലവപ്രസ്ഥാനങ്ങളുടെ കാലത്തെ സ്ഥിതിയിതായിരുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെ മഹത്തായ വിപ്ലവങ്ങളുടെ കാലത്തെ സ്ഥിതിയിതായിരുന്നു – ചരിത്രത്തെ മുതലാളിത്തത്തിനെതിരെ തിരിച്ചുവിടാൻ തൊഴിലാളിവർഗ്ഗം നടത്തിയ പരാജയപ്പെട്ടുപോയ ആദ്യത്തെ മഹത്തായ, ധീരോദാത്തമായ പാരീസ് കമ്മ്യൂണിന്റെ കാര്യം ഒഴികെ.

ഈ വിപ്ലവങ്ങളിൽ നിന്നെല്ലാം താത്ത്വികമായി വ്യത്യസ്തമാണ് ഒക്ടോബർ വിപ്ലവം. അതിന്റെ ഉദ്ദേശ്യം ഒരു തരം ചൂഷണത്തിന് പകരം മറ്റൊരു തരം ചൂഷണം സ്ഥാപിക്കലോ ഒരു കൂട്ടം ചൂഷകരുടെ സ്ഥാനത്ത് മറ്റൊരു കൂട്ടം ചൂഷകരെ പ്രതിഷ്ഠിക്കലോ ആയിരുന്നില്ല. മറിച്ച് തൊഴിലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യം, ഇന്നേവരെയുണ്ടായിട്ടുള്ളതിൽ വച്ചേറ്റവും വിപ്ലവകരമായ മർദ്ദിത ജനവിഭാഗത്തിന്റെ അധികാരം സ്ഥാപിക്കലും ഒരു പുതിയ വർഗ്ഗരഹിത, സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കലുമായിരുന്നു.

ചുരുക്കത്തിൽ മനുഷ്യചരിത്രത്തിന്റെയും മുതലാളിത്തത്തിന്റെ ചരിത്രപരമായ ഭാഗധേയത്തിന്റെയും ലോക തൊഴിലാളിവർഗ്ഗത്തിന്റെ വിമോചന പ്രസ്ഥാനത്തിന്റെയും ലോകമെമ്പാടുമുള്ള മർദ്ദിത ജനവിഭാഗങ്ങളുടെ സമരമാർഗ്ഗങ്ങളുടെയും സംഘടനാ രൂപങ്ങളുടെയും ജീവിതത്തിന്റെയും ചര്യകളുടെയും സംസ്കാരത്തിന്റെയും പ്രത്യയശാസ്ത്രങ്ങളുടെയും കാര്യങ്ങളിൽ വിപ്ലവകരമായ ഒരു വ്യതിയാനം ഒക്ടോബർ വിപ്ലവത്തിന്റെ വിജയം സൂചിപ്പിച്ചുവെന്നു പറയുന്നത് ഇതുകൊണ്ടാണ്.

ഒക്ടോബർ വിപ്ലവം ഒരു സാർവ്വദേശീയ വിപ്ലവത്തിന്റെ നിലവാരത്തിലായിരിക്കുന്നതിനുള്ള അടിസ്ഥാന കാരണമതാണ്. എല്ലാ രാജ്യങ്ങളിലുമുള്ള മർദ്ദിത വർഗ്ഗം ഒക്ടോബർ വിപ്ലവത്തോട് അങ്ങേയറ്റം അനുഭാവം പ്രകടിപ്പിക്കുന്നതിനും അതിനെ തങ്ങളുടെ തന്നെ വിമോചനത്തിനുള്ള ഒരു വാഗ്ദാനമായി കരുതുന്നതിനുമുള്ള കാരണവും അതുതന്നെയാണ്.

ലോകത്തെമ്പാടുമുള്ള വിപ്ലവപ്രസ്ഥാനങ്ങളുടെ വളർച്ചയെ ഒക്ടോബർ വിപ്ലവം എപ്രകാരം സ്വാധീനിക്കുന്നുവെന്നതിന് അടിസ്ഥാനപരമായ നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്.

1. ലോകസാമ്രാജ്യത്വത്തിന്റെ പോർനിരയെ തകർത്തുവെന്നതും, ഏറ്റവും വലിയ മുതലാളിത്ത രാജ്യങ്ങളിലൊന്നിലെ സാമ്രാജ്യത്വ ബൂർഷ്വാസിയെ മറിച്ചിട്ട് സോഷ്യലിസ്റ്റ് തൊഴിലാളിവർഗ്ഗത്തെ അധികാരത്തിലേറ്റിയെന്നതുമാണ് ഒക്ടോബർ വിപ്ലവത്തിന്റെ ഏറ്റവും ശ്രദ്ധേയമായ വശം.

കൂലിവേലക്കാരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും മർദ്ദിതരുടെയും ചൂഷിതരുടെയും വർഗ്ഗം മനുഷ്യചരിത്രത്തിൽ ആദ്യമായി ഭരണവർഗ്ഗം എന്ന നില കൈവരിച്ചുകൊണ്ട് ലോകത്തെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന് ഒരു മാതൃക–പടർന്നുവ്യാപിക്കുന്ന ഒരു മാതൃക–കാണിച്ചുകൊടുത്തു.

ഒക്ടോബർ വിപ്ലവം ഒരു പുതിയ കാലഘട്ടം, സാമ്രാജ്യത്വ നുകത്തിൻകീഴിലുള്ള രാജ്യങ്ങളിലെല്ലാം തൊഴിലാളിവർഗ്ഗ വിപ്ലവം സാദ്ധ്യമാക്കുന്നതിന്റെ കാലഘട്ടം, വിളംബരം ചെയ്തുവെന്നതാണിതിനർത്ഥം.

ഭൂപ്രഭുക്കളിൽനിന്നും മുതലാളിമാരിൽനിന്നും ഉൽപ്പാദനോപകരണങ്ങൾ പിടിച്ചെടുത്തുകൊണ്ട് അവയെ പൊതുസ്വത്താക്കി മാറ്റാൻ, ബൂർഷ്വാ സ്വത്തിനെ സോഷ്യലിസ്റ്റ് സ്വത്താക്കിമാറ്റാൻ അതിനു കഴിഞ്ഞു. അങ്ങനെ ബൂർഷ്വാ സ്വത്തെന്നത് അലംഘനീയമായ, ദൈവീകമായ, നിതാന്തമായ എന്തോ ആണെന്ന മുതലാളിത്ത നുണ തകർക്കപ്പെട്ടു.

ബൂർഷ്വാസിയിൽനിന്ന് അധികാരം പിടിച്ചെടുത്തുകൊണ്ട്, ബൂർഷ്വാസിക്ക് അവകാശങ്ങൾ നിഷേധിച്ചുകൊണ്ട്, ബൂർഷ്വാ ഭരണകൂടത്തെ തകർത്ത് അധികാരം സോവിയറ്റുകൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് മുതലാളിത്ത ജനാധിപത്യപരമായ പാർലമെന്ററി ജനാധിപത്യത്തിന്റെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗ ജനാധിപത്യപരമായ സോവിയറ്റുകളുടെ സോഷ്യലിസ്റ്റ് ഭരണം സ്ഥാപിക്കപ്പെട്ടു...

ഇന്നത്തെ കാലഘട്ടത്തിൽ ബൂർഷ്വാ പാർലമെന്ററി വ്യവസ്ഥയിലൂടെ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം സാധ്യമാണെന്ന സോഷ്യൽ ഡെമോക്രാറ്റുകാരുടെ നുണയും ഒക്ടോബർ വിപ്ലവത്തിലൂടെ പൊളിഞ്ഞു.

ഒക്ടോബർ വിപ്ലവത്തിന് ബൂർഷ്വാസിയെ കൂടാതെയും ബൂർഷ്വാസിക്ക് എതിരായും വ്യവസായവൽക്കരണം വിജയകരമാക്കാൻ കഴിയും എന്നും, ബൂർഷ്വാസിയെ കൂടാതെയും ബൂർഷ്വാസിക്ക് എതിരായും സമ്പദ്‌വ്യവസ്ഥയെ ഭരിക്കാൻ കഴിയും എന്നും മുതലാളിത്ത ഉപരോധത്തെ അതിജീവിച്ചുകൊണ്ട് സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിയും എന്നും യുഎസ്എസ്ആറിൽ നിർമ്മാണ രംഗത്ത് സോഷ്യലിസം കൈവരിച്ച അവിതർക്കിതമായ വിജയം തെളിയിക്കുന്നു.

വയറില്ലാതെ തലയടക്കമുള്ള ശരീരത്തിന്റെ മറ്റ് അവയവങ്ങൾക്ക് നിലനിൽക്കാൻ ആവില്ലെന്നതുപോലെ ചൂഷകരില്ലാതെ ചൂഷിതർക്കും നിലനിൽക്കാൻ ആവില്ലെന്ന സിദ്ധാന്തം മുറുകെപ്പിടിക്കുന്ന കാര്യത്തിൽ പ്രാചീന റോമൻ സെനറ്ററായ മെനിയസ് അഗ്രിപ്പ ഒറ്റക്കല്ല. സോഷ്യൽ ഡെമോക്രസിയുടെ പൊതുവെയും, സാമ്രാജ്യത്വ ബൂർഷ്വാസിയുമായി ഐക്യമുന്നണി വേണമെന്ന സോഷ്യൽ ഡെമോക്രാറ്റിക് പരിപാടിയുടെ പ്രത്യേകിച്ചും, രാഷ്ട്രീയ തത്ത്വചിന്ത യുടെ ആണിക്കല്ല് ഈ സിദ്ധാന്ത മാണ്. ഒരു മുൻവിധിയുടെ സ്വഭാവം കൈക്കൊണ്ടിരിക്കുന്ന ഈ സിദ്ധാന്തം ഇന്ന് മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തെ വിപ്ലവവൽക്കരിക്കുന്ന മാർഗ്ഗത്തിൽ ഒരു വലിയ തടസ്സമായി നിലകൊള്ളുന്നു. ഈ സിദ്ധാന്ത ത്തിന് മാരകമായ ഒരു പ്രഹരം ഏൽപ്പിച്ചുവെന്നതാണ് ഒക്ടോബർ വിപ്ലവത്തിന്റെ ഫലങ്ങളിലൊന്ന്.

മുതലാളിത്ത രാജ്യങ്ങളിലെ അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ വിപ്ലവ പ്രസ്ഥാനങ്ങളെ ഒക്ടോബർ വിപ്ലവത്തിന്റെ ഇത്തരത്തിലുള്ള ഉജ്ജ്വല നേട്ടങ്ങൾ സജീവമായി സ്വാധീനിക്കുന്നുവെന്നും അങ്ങനെ ഭവിക്കാതിരിക്കാൻ നിർവ്വാഹമില്ല എന്നും ഇനിയും തെളിയിക്കപ്പെടേണ്ടതുണ്ടോ?...

2. ഒക്ടോബർ വിപ്ലവം സാമ്രാജ്യത്വത്തിന്റെ അധികാര കേന്ദ്രങ്ങളെയും വർഗ്ഗനഗരങ്ങളെയും മാത്രമല്ല പിടിച്ചുകുലുക്കിയിട്ടുള്ളത്. കൊളോണിയൽ രാജ്യങ്ങളിലും ആശ്രിതരാജ്യങ്ങളിലുമുള്ള സാമ്രാജ്യത്വത്തിന്റെ ഭരണത്തിന് ഇളക്കം തട്ടിക്കുക വഴി അത് സാമ്രാജ്യത്വത്തിന്റെ പിൻനിരയ്ക്കും ചുറ്റുപാടിനും കൂടി പ്രഹരമേൽപ്പിച്ചിരിക്കുന്നു.

ഭൂപ്രഭുക്കളെയും മുതലാളിമാരെയും പിടിച്ചുപുറത്താക്കുക വഴി ഒക്ടോബർ വിപ്ലവം ഈ വിസ്തൃത രാജ്യത്തെ മർദ്ദിത ജനങ്ങളെ മുഴുവൻ ദേശീയ കൊളോണിയൽ അടിച്ചമർത്തലിൽനിന്ന് സ്വതന്ത്രരാക്കിയിരിക്കുന്നു. അടിച്ചമർത്തപ്പെട്ടവരെ വിമോചിപ്പിക്കാതെ തൊഴിലാളിവർഗ്ഗത്തിന് സ്വയം വിമോചനം സാദ്ധ്യമല്ല. ഒക്ടോബർ വിപ്ലവത്തിന്റെ സ്വഭാവ ലക്ഷണങ്ങളിലൊന്ന് ഇതാണ്: യു.എസ്.എസ്.ആറിലെ ദേശീയ–കൊളോണിയൽ വിപ്ലവങ്ങൾ നടത്തപ്പെട്ടത് ദേശീയവൈരങ്ങളുടെയോ ദേശങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെയോ കൊടിക്കീഴിലല്ല. പ്രത്യുത യു.എസ്.എസ്.ആറിലെ വിവിധ ജനവിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികളും കർഷകരും തമ്മിലുള്ള പരസ്പര വിശ്വാസവും സാഹോദര്യവുമാണ് അതിനെ നയിച്ചത്; അവയുടെ കാതൽ ദേശീയതയായിരുന്നില്ല, സാർവ്വദേശീയതയായിരുന്നു.

ചുരുക്കത്തിൽ നമ്മുടെ രാജ്യത്തെ ദേശീയ–കോളനികളുടെ വിപ്ലവം തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലും സാർവ്വദേശീയതയുടെ കൊടിക്കീഴിലും നടത്തപ്പെട്ടതുകൊണ്ടാണ് മനുഷ്യചരിത്രത്തിൽ ആദ്യമായി സമൂഹഭ്രഷ്ടരും അടിമകളും യഥാർത്ഥത്തിൽ സ്വതന്ത്രരും മറ്റുള്ളവരോട് സമന്മാരുമായി ത്തീരുകയും അങ്ങനെ ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെട്ട രാജ്യങ്ങൾക്ക് ഒരു സാംക്രമിക മാതൃകയായിത്തീരുകയും ചെയ്തത്.

ഇതിന്റെ അർത്ഥം ഒക്ടോബർ വിപ്ലവം ഒരു പുതിയ കാലഘട്ടത്തെ, അടിച്ചമർത്തപ്പെട്ട രാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗവുമായുള്ള ഐക്യത്തോടും തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലും നടത്തപ്പെടുന്ന കോളനികളുടെ വിപ്ലവങ്ങളുടെ കാലഘട്ടത്തെ, വിളംബരം ചെയ്തുവെന്നാണ്.

അനാദികാലം മുതൽ തന്നെ ലോകജനത താണവർ– ഉയർന്നവർ, കറുത്തവർ–വെളുത്തവർ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്നുവെന്നും ആദ്യത്തെ കൂട്ടർ സംസ്കാരത്തിന് അനുയോജ്യരല്ല, ചൂഷണം ചെയ്യപ്പെടേണ്ടവരാണെന്നും രണ്ടാമത്തെ കൂട്ടർ മാത്രമാണ് സംസ്കാരത്തിന്റെ ദീപം വഹിക്കുന്നവർ; അവരുടെ ജീവിതോദ്ദേശ്യംതന്നെ ആദ്യത്തെ കൂട്ടരെ ചൂഷണം ചെയ്യലാണെന്നുമുള്ള ഒരു അംഗീകൃത ധാരണ മുമ്പ് നിലവിലുണ്ടായിരുന്നു.

ആ കെട്ടുകഥ തകർക്കപ്പെട്ടുകഴിഞ്ഞു, പരിത്യജിക്കപ്പെട്ടുകഴിഞ്ഞു. സോവിയറ്റ് നിർമ്മാണത്തിന്റെ മഹായത്നത്തിൽ ഭാഗഭാക്കായ, സ്വതന്ത്രരായ യൂറോപ്യരല്ലാത്ത ജനത യഥാർത്ഥത്തിൽ പുരോഗമനപരമായ സംസ്കാരം വളർത്തുന്നതിൽ യൂറോപ്യരേക്കാൾ കടുകിടപോലും പിറകിലല്ല എന്ന് പ്രായോഗികമായി തെളിയിച്ചു. അങ്ങനെ മേൽപ്പറഞ്ഞ കെട്ടുകഥയ്ക്ക് മാരകമായ പ്രഹരമേറ്റുവെന്നതാണ് ഒക്ടോബർ വിപ്ലവത്തിന്റെ ഫലങ്ങളിലൊന്ന്.

അടിച്ചമർത്തപ്പെട്ട ജനതയെ വിമോചിപ്പിക്കാനുള്ള ഏകമാർഗ്ഗം ബൂർഷ്വാദേശീയതയുടെ മാർഗ്ഗം — രാഷ്ട്രങ്ങളെ പരസ്പരം അകറ്റുന്നതും അനൈക്യം സൃഷ്ടിക്കുന്നതും രാഷ്ട്രങ്ങൾ തമ്മിലും വിവിധ രാഷ്ട്രങ്ങളിലെ അദ്ധ്വാനിക്കുന്നവർ തമ്മിലും സ്പർദ്ധ വളർത്തുന്നതുമായ മാർഗ്ഗം — ആണെന്നായിരുന്നു പഴയ അംഗീകൃത ധാരണ.

ഈ കെട്ടുകഥ വിലപ്പോകാത്തതായി ഇനി കണക്കാക്കാം. അടിച്ചമർത്തപ്പെട്ട ജനതയെ ഏറ്റവും വേഗത്തിൽ വിമോചിപ്പിക്കാനുള്ള ശരിയായ ഏകമാർഗ്ഗം തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ മാർഗ്ഗമാണെന്ന് പ്രായോഗികമായി കാണിച്ചുതരികവഴി ഈ കെട്ടുകഥയ്ക്ക് മാരകമായ പ്രഹരമേൽപ്പിച്ചുവെന്നതാണ് ഒക്ടോബർ വിപ്ലവത്തിന്റെ ഫലങ്ങളിൽ മറ്റൊന്ന്; ത്യാഗം, സാർവ്വദേശീയത എന്നീ പ്രമാണങ്ങളിൽ അധിഷ്ഠിതമാക്കിയ, വളരെയധികം വ്യത്യസ്തമായ രാജ്യങ്ങളിലെ തൊഴിലാളികളുടെയും കർഷകരുടെയും ഐക്യത്തിലൂടെയും സാഹോദര്യത്തിലൂടെയും ഇത് സാധ്യമാണെന്ന് പ്രായോഗികമായി തെളിയിക്കപ്പെട്ടു.

എല്ലാ രാജ്യങ്ങളിലുമുള്ള അദ്ധ്വാനിക്കുന്ന ജനതകൾ ഭാവിയിൽ ഏക സമ്പദ്‌വ്യസ്ഥയിൻകീഴിൽ ഏകീകരിക്കപ്പെടുന്നതിന്റെ രൂപമാതൃക എന്ന നിലയ്ക്ക് സോവിയറ്റ് യൂണിയൻ നിലനിൽക്കുന്നുവെന്നത് ഇതിനുള്ള ദൃഷ്ടാന്തമല്ലാതെ മറ്റൊന്നുമല്ല.

കോളനിരാജ്യങ്ങളിലെയും ആശ്രിതരാജ്യങ്ങളിലെയും വിപ്ലവപ്രസ്ഥാനങ്ങളിൽ ഒക്ടോബർ വിപ്ലവത്തിന്റെ ഈദൃശ ഫലങ്ങൾ ഒരു പ്രധാന സ്വാധീനം ചെലുത്താതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല എന്ന് എടുത്തുപറയേണ്ടതില്ല. ചൈന, ഇൻഡോനേഷ്യ, ഇൻഡ്യ എന്നിവിടങ്ങളിലെ മർദ്ദിത ജനതകളുടെ വിപ്ലവപ്രസ്ഥാനങ്ങളുടെ വളർച്ചയും അവർ യുഎസ്എസ്ആറിനോട് കാണിക്കുന്ന അനുഭാവവും ഇതിനുള്ള മതിയായ തെളിവുകളാണ്.

യാതൊരു എതിർപ്പുകളും നേരിടേണ്ടിവരാതെ കോളനി–ആശ്രിത രാജ്യങ്ങളിൽ ചൂഷണവും മർദ്ദനവും നടത്താവുന്ന കാലം ഇനി വരാത്തവണ്ണം അസ്തമിച്ചിരിക്കുന്നു.

കോളനി–ആശ്രിത രാജ്യങ്ങളിലെ വിമോചനസമരങ്ങളുടെ കാലഘട്ടം, ആ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ കാലഘട്ടം, വിപ്ലവങ്ങളിൽ തൊഴിലാളിവർഗ്ഗ നേതൃത്വത്തിന്റെ കാലഘട്ടം ആരംഭിച്ചിരിക്കുന്നു.

3. സാമ്രാജ്യത്വത്തിന് ഇളക്കം തട്ടിച്ചതോടൊപ്പം ഒക്ടോബർ വിപ്ലവം ലോകവിപ്ലവപ്രസ്ഥാനത്തിന് മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള, അതിന് സഹായം കിട്ടുമെന്നുറപ്പുള്ള, ശക്തിമത്തായ തുറന്ന ഒരു താവളം — ആദ്യത്തെ തൊഴിലാളിവർഗ്ഗ ഭരണകൂടത്തിന്റെ രൂപത്തിൽ — സൃഷ്ടിച്ചു. ലോകവിപ്ലവപ്രസ്ഥാനത്തിന് ശക്തമായ തുറന്ന ഒരു കേന്ദ്രം അത് സൃഷ്ടിച്ചു — സാമ്രാജ്യത്വത്തിനെതിരായി ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിനും മർദ്ദിത ജനതകൾക്കും അണിനിരക്കാവുന്ന ഒരു വിപ്ലവ ഐക്യമുന്നണി കേന്ദ്രം.

ഇതിന്റെ അർത്ഥം, ഇനിയൊരിക്കലും ഉണങ്ങാത്ത തരത്തിലുള്ള ഒരു മാരകമായ പ്രഹരം ലോകമുതലാളിത്തത്തിന്റെ മേൽ ഒക്ടോബർ ഏൽപ്പിച്ചുവെന്നതാണ്. അതേ

*(ശേഷം 9–ാം പേജിൽ)*

# പൊക്കാളി: കൃതജ്ഞതാ സായാഹ്നവും കണക്ക്പ്രകാശനവും

**കാ**ൽനൂറ്റാണ്ടിലേറെയായി നിരന്തര ഓരുജല ചെമ്മീൻവാറ്റ് മാത്രം നടന്ന 156 ഏക്കർ വിസ്തൃതിയുള്ള പുത്തൻകരിയിൽ 2013 – ൽ ജനങ്ങൾ വിജയകരമായി നടപ്പിലാക്കിയ നെൽക്കൃഷിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർക്കും സാമ്പത്തിക സഹായവും മറ്റു സഹകരണങ്ങളും ചെയ്തവർക്കും കൃതജ്ഞത അർപ്പിച്ചുകൊണ്ട് നീണ്ടകരയിൽ പൊക്കാളി സംരക്ഷണ സമിതി സംഘടിപ്പിച്ച കൃതജ്ഞതാ സായാഹ്നം ജില്ലാകളക്ടർ എൻ. പത്മകുമാർ ഉദ്ഘാടനം ചെയ്തു. കൃഷിയുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകളുടെ ഓഡിറ്റ് ചെയ്ത റിപ്പോർട്ടും അദ്ദേഹം പ്രകാശനം ചെയ്തു. നിലമുടമകൾ കേവലം ലാഭത്തിനു വേണ്ടി മാത്രം പൊക്കാളി നിലങ്ങൾ നിരന്തര മത്സ്യവാറ്റു കേന്ദ്രങ്ങളാക്കി മാറ്റരുത് എന്നദ്ദേഹം പറഞ്ഞു. ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഏകമുഖ വിളകളുടെ (മോണോ കോർപ്പ് കൾട്ടിവേഷൻ) ഉത്പാദനം വിനാശത്തിലേക്ക് നയിക്കുമെന്ന് ഇന്ത്യയുടെ നെല്ലറയായ പഞ്ചാബിന്റെ വേദനാകരമായ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് പ്രമുഖ കൃഷി ശാസ്ത്രജ്ഞൻ ഡോ.കെ.ജി.പത്മകുമാർ ചൂണ്ടിക്കാണിച്ചു. നെൽക്കൃഷിയിലേർപ്പെട്ടിട്ടുള്ള കർഷകർ സാമ്പത്തിക പരാധീനത നേരിടുന്നുണ്ടെങ്കിൽ അത് പരിഹരിക്കേണ്ട ഉത്തരവാദിത്വം സർക്കാരിന്റേതു മാത്രമാണെന്ന് ജസ്റ്റിസ്.കെ.സുകുമാരൻ നിരീക്ഷിച്ചു. ഫാ. പ്രശാന്ത് പാലക്കാപ്പിള്ളി, കരിനില വികസന ഏജൻസി വൈസ്ചെയർമാൻ ജി. ശശിധരപണിക്കർ, ഫാ.സെബാസ്റ്റൻ പുത്തൻപുരയ്ക്കൽ,അഡ്വ. ഹോർമിസ് തരകൻ, എൻ.കെ.ശശികുമാർ, രുഗ്മിണി ബോബൻ, കെ.പ്രതാപൻ, എൻ.ജെ.സുബി, ഫ്രാൻസിസ് പി.ജെ, ജോസഫ് കളത്തിൽ, ബാബുപള്ളിപ്പറമ്പിൽ, വർഗ്ഗീസ്കുട്ടിമുണ്ടുപറമ്പിൽ, ഷൈൻപരിമളത്ത്, എസ്.പി.ഷാലി, കെ.കെ.തിലകൻ, റോജി എന്നിവരും പ്രസംഗിച്ചു. കെ.എൽ.ബെന്നി സ്വാഗതവും കെ.കെ.വിക്രമൻ കൃതജ്ഞയും പറഞ്ഞു. പൊക്കാളിക്കൃഷി ഫലപ്രദമായി നടപ്പിലാക്കുവാൻ യത്നിച്ചിട്ടുള്ള എഴുപുന്ന കൃഷി ഓഫീസർ കെ.എസ്. മേരി മാർഗരറ്റ്, ശാന്തിഗിരി ആശ്രമം സെക്രട്ടറി സ്വാമി ഗുരുമിത്രൻ, പട്ടണക്കാട് സെന്റ് ജോസഫ് കോൺവെന്റിലെ സിസ്റ്റർ ആൽസ് മറിയ, പ്രശസ്ത ശില്പി കെ.രഘുനാഥൻ എന്നിവരെ ആദരിക്കുകയും പൊക്കാളി സംരക്ഷണ സമിതിയുടെ ഉപഹാരം നൽകുകയും ചെയ്തു.

സബ്സിഡി ഇനത്തിൽ ലഭിച്ച 22 ലക്ഷം രൂപകൊണ്ട് നെൽക്കൃഷി ഫലപ്രദമായി നടപ്പിലാക്കി, 30 ടൺ നെല്ല് വിളവെടുക്കുകയുണ്ടായി. 3000 തൊഴിൽ ദിനങ്ങളിലൂടെ 8 ലക്ഷം രൂപ പ്രതിഫലമായി നൽകി. പാടത്ത് പണികളിലേർപ്പെട്ടിരുന്ന മുഴുവൻ തൊഴിലാളികൾക്കും പത്ത് കിലോ നെല്ല് വീതം സൗജന്യമായി നൽകി. ജില്ലാ കളക്ടറും പത്രപ്രവർത്തകരുമുൾപ്പെടെയുള്ളവർക്കും 5 കിലോ അരി വീതം വിളവെടുപ്പുസമയത്ത് സൗജന്യമായി നൽകിയിരുന്നു. നെൽക്കൃഷി പുനഃസ്ഥാപിക്കുവാൻവേണ്ടി സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭണങ്ങൾക്കും അനുബന്ധ പരിപാടികൾക്കും ആവശ്യമായ സാമ്പത്തികവും ഈ വരുമാനത്തിൽ നിന്നു തന്നെയാണ് കണ്ടെത്തിയത്. എല്ലാ ചെലവുകൾക്കുശേഷവും 5,15,000 രൂപ സമിതിയുടെ നേതൃത്വത്തിൽ കൃഷിഭവനിൽ കർഷകരായി രജിസ്റ്റർ ചെയ്ത 28 വ്യക്തികളുടെ അക്കൗണ്ടുകളിൽ ശേഷിക്കുന്നുണ്ട്.

നെൽക്കൃഷി പേരിന് മാത്രം നടത്തി സർക്കാരിന്റെ സബ്സിഡികൾ അടിച്ചു മാറ്റുവാനും പൊക്കാളി നിലങ്ങളിൽ നെൽക്കൃഷി ആദായകരമല്ലെന്ന് വിളിച്ചുകൂവാനും ഒരുമ്പെടുന്ന ഓരുജലമത്സ്യവാറ്റുകാരുടെ കള്ളി വെളിച്ചത്തുകൊണ്ടുവരുവാൻവേണ്ടിക്കൂടിയാണ് വരവ് ചിലവ് കണക്കിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. മേൽ തിട്ടപ്പെടുത്തിയ ആദായങ്ങൾ കൂടാതെ പച്ചക്കറി വിളവുകളിലൂടെ ജനങ്ങൾക്ക് കിട്ടിയ വരുമാനവും, കർഷക മത്സ്യതൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ള തൊഴിലവസരങ്ങളും മറ്റ് അനേകം ഘടകങ്ങൾകൂടി പരിശോധിച്ചാൽ സർക്കാർ നയമായ 'ഒരു നെൽ ഒരു മീൻ' പൊക്കാളി നിലങ്ങളിൽ കർശനമായി നടപ്പിലാക്കിയാൽ സമൂഹത്തിന് ഏറെ ഗുണം ചെയ്യുമെന്നും പ്രമുഖർ പറഞ്ഞു. ■



കൃതജ്ഞതാ സയാഹ്നം ആലപ്പുഴ ജില്ലാ കളക്ടർ എൻ.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ഡോ.കെ.ജി.പത്മകുമാർ, ജസ്റ്റിസ് കെ.സുകുമാരൻ, ഫ്രാൻസിസ് കളത്തുങ്കൽ, സ്വാമി ഗുരുമിത്ര, ഫാ.പ്രശാന്ത് പാലക്കപ്പിള്ളി, കെ.എസ്.മേരി മാർഗരറ്റ്, സിസ്റ്റർ ആൽസ് മരിയ, അഡ്വ. ഹോർമിസ് തരകൻ, കെ.രഘുനാഥൻ തുടങ്ങിയവർ വേദിയിൽ

## അട്ടപ്പാടിയിലെ നവജാതശിശുമരണപരമ്പര: അധികൃതരുടെ കുറ്റകരമായ അനാസ്ഥ

**അ**ട്ടപ്പാടിയിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്ന നവജാതശിശുമരണത്തിന് കാരണം അധികൃതരുടെ കുറ്റകരമായ അനാസ്ഥയാണെന്ന് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാലക്കാട് ജില്ലാകമ്മിറ്റിയോഗം കുറ്റപ്പെടുത്തി. സർക്കാരിന്റെ അടിയന്തരമായ ഇടപെടൽ ആവശ്യമായ സാഹചര്യത്തിലും നിലവിലുള്ള ആരോഗ്യപരിപാലനസംവിധാനങ്ങൾ പോലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന വാർത്ത ഞെട്ടലുളവാക്കുന്നതാണ്. ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരോ മുഴുവൻ സമയം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനമോ ഇല്ലാത്ത സാഹചര്യമാണ്. കഴിഞ്ഞദിവസം പട്ടികജാതിവിഭാഗത്തിൽപ്പെട്ട ദമ്പതിമാരുടെ നവജാതശിശുമരിച്ചത് സംബന്ധിച്ച് പുറത്തുവന്ന വാർത്തയിൽ പറയുന്നത് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ രാത്രി ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതിനാൽ തമിഴ്നാട്ടിലെ സ്വകാര്യ ആസ്പത്രിയെ ആശ്രയിക്കേണ്ടി വന്നു എന്നാണ്. ആദിവാസികളായ ഗർഭിണികളിലും അമ്മമാരിലും വ്യാപകമായി കാണുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുവാനും ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. പല പ്രഖ്യാപനങ്ങളും അധികൃതരിൽ നിന്നുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി നടക്കുന്നില്ല എന്നാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. പ്രശ്നപരിഹാരത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുക്കണമെന്നും, ഇതിനകം സംഭവിച്ചിരിക്കുന്ന ദുരന്തത്തിന് ഉത്തരവാദികളായവർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നും യോഗം സർക്കാരിനോടാവശ്യപ്പെട്ടു. ജില്ലാസെക്രട്ടറി കെ.അബ്ദുൾ അസീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.എം.ബീവി, ആർ.രാജേഷ്, എ.റജീന, കെ.പ്രദീപ് തുടങ്ങിയവർ പ്രസംഗിച്ചു. ■

# ഒക്ടോബർ വിപ്ലവത്തിന്റെ സാർവ്വദേശീയ സ്വഭാവം

*(8–ാം പേജിൽ നിന്ന്)*

കാരണംകൊണ്ടുതന്നെ മുതലാളിത്തത്തിന് ഇനിയൊരിക്കലും ഒക്ടോബറിനു മുമ്പുണ്ടായിരുന്ന സന്തുലിതാവസ്ഥയോ സ്ഥിരതയോ കൈവരിക്കാൻ കഴിയില്ല.

**മുതലാളിത്തം ഒരുപക്ഷെ ഭാഗികമായ സ്ഥിരത നേടുകയും ഉൽപ്പാദന പുനഃസംഘടന കൈവരിക്കുകയും രാജ്യഭരണം ഫാസിസത്തിന് ഏൽപ്പിച്ചുകൊടുക്കുകയും താൽക്കാലികമായി അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ അടിച്ചമർത്തുകയും ചെയ്തേക്കാം;** എന്നാൽ അത് ഇനിയൊരിക്കലും പഴയപോലെ എതിർപ്പില്ലാത്ത ഉറപ്പ് ഉളവാക്കുന്ന സ്ഥിതിയിലെത്തിച്ചേരുകയോ സമതുലനാവസ്ഥയും സ്ഥിരതയും കൈവരിക്കുകയോ ചെയ്യില്ല; എന്തുകൊണ്ടെന്നാൽ ലോകമുതലാളിത്ത പ്രതിസന്ധിയുടെ ഇന്നത്തെ വികാസദശയിൽ വിപ്ലവത്തിന്റെ തീനാമ്പുകൾ തലപൊക്കാതെ വയ്യ — സാമ്രാജ്യത്വത്തിന്റെ കേന്ദ്രങ്ങളിലാണിപ്പോഴെങ്കിൽ കുറച്ചുകഴിഞ്ഞാലത് പിൻനിരയിലായിരിക്കും. അങ്ങനെ ദിനംപ്രതി മുതലാളിത്തത്തിന്റെ ഓരോ വിള്ളലുകളിലുമിത് ആഞ്ഞടിച്ച് അവസാനം മുതലാളിത്തത്തെ തന്നെ നശിപ്പിക്കും. പ്രസിദ്ധമായ ആ പഴങ്കഥയിലെപ്പോലെ —ജന്തു അതിന്റെ വാൽ ചെളിയിൽനിന്ന് ഊരിയെടുത്തപ്പോൾ മൂക്ക് ചെളിയിൽ പൂണ്ടു; മൂക്ക് ഊരിയെടുത്തപ്പോൾ വാൽ പൂണ്ടു .

രണ്ടാമതായി ഇതിന്റെ അർത്ഥം ഇതാണ്: ഒക്ടോബർ വിപ്ലവം ലോകത്താകമാനമുള്ള അടിച്ചമർത്തപ്പെട്ട ജനതയുടെ ശക്തിയും പ്രാധാന്യവും ധൈര്യവും സമരസന്നദ്ധതയും ഉയർത്തിക്കൊണ്ടുവന്ന്, ഭരണവർഗ്ഗങ്ങൾക്ക് നേരിടേണ്ട പുതിയ, പ്രധാനപ്പെട്ട ഒരു വസ്തുതയാക്കിമാറ്റി. ലോകത്താകമാനമുള്ള അദ്ധ്വാനിക്കുന്നവർ യാതൊരു ഭാവിയുമില്ലാത്ത, തപ്പിത്തപ്പി നടക്കുന്ന, അന്ധരുടെ സംഘം എന്ന നിലയിൽനിന്ന് മാറിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഒക്ടോബർ വിപ്ലവമെന്ന ദീപശിഖ അവരുടെ പാതയെ പ്രഭാപൂരിതമാക്കുകയും പുതിയ വാഗ്ദാനങ്ങൾ അവരുടെ മുമ്പിൽ വയ്ക്കുകയും ചെയ്തു.

മുമ്പ് അവരുടെ ആഗ്രഹങ്ങൾക്കും ശ്രമങ്ങൾക്കും ക്രിയാത്മകമായ വിശദീകരണവും രൂപവും നൽകാൻ ഒരു സാർവ്വദേശീയ വേദിയുണ്ടായിരുന്നില്ല. ഇന്ന് ആദ്യത്തെ തൊഴിലാളിവർഗ്ഗ ഭരണകൂടത്തിന്റെ രൂപത്തിൽ അത് നിലനിൽക്കുന്നു.

**ഈ വേദി തകർക്കപ്പെട്ടാൽ വികസിത രാജ്യങ്ങളിലെ സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് കറുത്ത ശക്തികളുടെ കടിഞ്ഞാണില്ലാത്ത പ്രവർത്തനംമൂലമുള്ള തമസ്സ് ദീർഘകാലം നിലനിൽക്കുമെന്ന കാര്യത്തിൽ ലവലേശം സംശയമില്ല.** ബോൾഷെവിക് ഭരണകൂടത്തിന്റെ നിലനിൽപ്പ് പിന്തിരിപ്പന്മാരുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുന്നുവെന്നും അങ്ങനെ മർദ്ദിത ജനതകളുടെ വിമോചന സമരത്തിന് സഹായഹസ്തം ലഭിക്കുന്നുവെന്നും നിഷേധിക്കാനാവില്ല. എല്ലാ രാജ്യങ്ങളിലുമുള്ള ചൂഷകർ ബോൾഷെവിക്കുകളോട് പുലർത്തിപ്പോരുന്ന കാട്ടാളത്തപരമായ വെറുപ്പിനുള്ള കാരണവും ഇതുതന്നെ.

... ബൂർഷ്വാ വ്യവസ്ഥയുടെ അക്ഷയമായ ശക്തി എന്ന കെട്ടുകഥ മുതലാളിത്തത്തിന്റെ സ്ഥിരതയുടെ കാലഘട്ടം അവസാനിച്ചതോടെ തകർന്നിരിക്കുന്നു. മുതലാളിത്തത്തിന്റെ തകർച്ചയുടെ കാലഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

4. സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ ബന്ധങ്ങളിലുള്ള ഒരു വിപ്ലവം മാത്രമായി ഒക്ടോബർ വിപ്ലവത്തെ കണക്കാക്കിക്കൂട. അവയോടൊപ്പം അത് തൊഴിലാളിവർഗ്ഗത്തിന്റെ മനസ്സിലുള്ള, പ്രത്യയശാസ്ത്രത്തിലുള്ള, ഒരു വിപ്ലവം കൂടിയായിരുന്നു. ഒക്ടോബർ വിപ്ലവം ജനിച്ചതും ശക്തിപ്രാപിച്ചതും മാർക്സിസത്തിന്റെ കൊടിക്കീഴിലും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ കൊടിക്കീഴിലും സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവങ്ങളുടെയും കാലഘട്ടത്തിലെ മാർക്സിസമായ ലെനിനിസത്തിന്റെ കൊടിക്കീഴിലുമായിരുന്നു. അതുകൊണ്ട് അത് പരിഷ്കരണ വാദത്തിന്മേൽ മാർക്സിസത്തിന്റേയും സോഷ്യൽ ഡെമോക്രാറ്റിസത്തിന്മേൽ ലെനിനിസത്തിന്റേയും രണ്ടാം ഇന്റർനാഷണലിന്റെ മേൽ മൂന്നാം ഇന്റർനാഷണലിന്റേയും വിജയത്തിന്റെ ചിഹ്നമാണ്.

ഒക്ടോബർ വിപ്ലവത്തോടെ, മാർക്സിസവും സോഷ്യൽ ഡെമോക്രാറ്റിസവും തമ്മിലും, ലെനിനിസ്റ്റ് പരിപാടിയും സോഷ്യൽ ഡെമോക്രാറ്റിക് പരിപാടിയും തമ്മിലും അഗാധമായ ഒരു വിടവ് നിലവിൽവന്നിരിക്കുന്നു. മുമ്പ്... സോഷ്യൽ ഡെമോക്രസി മാർക്സിസമായി മിക്കവാറും അംഗീകരിക്കപ്പെട്ടിരുന്നു.

ഇപ്പോൾ, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം വിജയിച്ചുകഴിഞ്ഞപ്പോൾ, മാർക്സിസം എന്തിലേക്ക് നയിക്കുന്നുവെന്നും അതിന്റെ വിജയം എന്തിനെ ദ്യോതിപ്പിക്കുന്നുവെന്നും എല്ലാവരും സ്വയം കണ്ടുകഴിഞ്ഞപ്പോൾ, സോഷ്യൽ ഡെമോക്രസിക്ക് മാർക്സിസത്തിന്റെ കൊടി ഉയർത്തിപ്പിടിക്കാൻ കഴിയാതായിരിക്കുന്നു; മുതലാളിത്തത്തിന് ദ്രോഹം വരുത്താതെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന ആശയത്തോട് പ്രേമനാട്യം കാണിക്കാൻ കഴിയാതായിരിക്കുന്നു; പണ്ടുതന്നെ മാർക്സിസത്തിന്റെ സത്തയോട് വിടപറഞ്ഞ അതിന് ഇപ്പോൾ മാർക്സിസത്തിന്റെ കൊടിയും വലിച്ചെറിയേണ്ടിവന്നിരിക്കുന്നു; അത് തുറന്നും യാതൊരു വളച്ചുകെട്ടലുകളുമില്ലാതെയും മാർക്സിസത്തിന്റെ വളർച്ചയ്ക്കെതിരായും ഒക്ടോബർ വിപ്ലവത്തിനെതിരായും ലോകത്തിലെ ആദ്യത്തെ തൊഴിലാളി വർഗ്ഗ സർവ്വാധിപത്യ ഭരണകൂടത്തിനെതിരായും ഉള്ള നിലപാടെടുത്തിരിക്കുന്നു.

... ഇന്നത്തെ നിലയിലുള്ള സോഷ്യൽ ഡെമോക്രാറ്റിസം മുതലാളിത്തത്തിനുള്ള പ്രത്യയശാസ്ത്രപരമായ ഒരു താങ്ങാണ്. ഈ കാലഘട്ടത്തിലെ സോഷ്യൽ ഡെമോക്രാറ്റിക് രാഷ്ട്രീയക്കാർ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിലെ യഥാർത്ഥ ബൂർഷ്വാ ഏജന്റുമാരും മുതലാളിവർഗ്ഗത്തിന്റെ തൊഴിലാളി ലഫ്റ്റനന്റുമാരും ആണെന്ന് ലെനിൻ പറഞ്ഞത് ആയിരംവട്ടം ശരിയാണ്.

**തൊഴിലാളി പ്രസ്ഥാനത്തിലെ സോഷ്യൽ ഡെമോക്രാറ്റിസത്തിന് അന്ത്യം കുറിക്കാതെ മുതലാളിത്തത്തിന് അന്ത്യംകുറിക്കാൻ സാദ്ധ്യമേ അല്ല.** ■

ജമ്മു – കാശ്മീർ പ്രളയം

# ദുരിതാശ്വാസ പ്രവർത്തനത്തിന്റെ രാഷ്ട്രീയ പാഠങ്ങൾ

– എം.കെ.ഷഹസാദ്

**2014 സെപ്തംബർ 6ന് ആരംഭിച്ച തോരാത്ത മഴയും തുടർന്ന് കാശ്മീരിന്റെ ചരിത്രത്തിൽ ഉണ്ടായ ഏറ്റവും ഭയാനകമായ വെള്ളപ്പൊക്കവും ദുരിതത്തിലാഴ്ത്തിയ നിസ്സഹായരായ ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്ന പ്രവർത്തനത്തിനായി കേരളത്തിൽ നിന്ന് നിയോഗിക്കപ്പെട്ട സംഘത്തിലെ ഒരംഗമെന്ന നിലയിൽ ഉണ്ടായ അനുഭവങ്ങളും നിരീക്ഷണങ്ങളുമാണ് താഴെ കുറിക്കുന്നത്.**



ഡോ.കെ.ഹരിപ്രസാദ് ക്യാമ്പിലെത്തിയ കുട്ടിയെ പരിശോധിക്കുന്നു

**മെ**ഡിക്കൽ സർവ്വീസ് സെന്റർ എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ ദുരിതാശ്വാസപ്രവർത്തനം നടത്തുന്നതിനായി സംഘടനയുടെ കേരളാ ഘടകം കോ-ഓർഡിനേറ്റർ ഡോ.കെ.ഹരിപ്രസാദ് നയിച്ച സംഘത്തിൽ എന്നോടൊപ്പം തൃശ്ശൂർ മെഡിക്കൽ കോളജിലെ ഹൗസ് സർജനായ ജോബി ജോസഫും ഉണ്ടായിരുന്നു. ഒക്ടോബർ 8 മുതൽ 15 വരെയാണ് ഞങ്ങൾ അവിടെ പ്രവർത്തിച്ചത്. കാശ്മീരിന്റെ ദുരിതത്തിൽ വേദനിക്കുന്ന രാജ്യത്തെ ആകെ ജനങ്ങളെയും പ്രതിനിധാനം ചെയ്തുകൊണ്ട് മെഡിക്കൽ സർവീസ് സെന്ററിന്റെ കേന്ദ്രനേതൃത്വത്തിൻ കീഴിൽ സെപ്റ്റംബർ 21 മുതൽ കൊൽക്കത്തയിൽ നിന്നും ഡൽഹിയിൽ നിന്നുമായി നിരവധി ഡോക്ടർമാർ ഉൾപ്പടെ ഇരുപതിനും മുപ്പതിനുമിടയിൽ സന്നദ്ധ പ്രവർത്തകരുടെ ഒരു സംഘം ശ്രീനഗർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരികയായിരുന്നു. അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതിനാണ് കേരളത്തിൽ നിന്നും ഞങ്ങൾ കാശ്മീരിലെത്തിയത്. കേരളത്തിലെ നല്ലവരായ ജനങ്ങൾ ശേഖരിച്ചുതന്ന ഏതാണ്ട് 6 ലക്ഷം രുപയുടെ വിലയുള്ള മരുന്നുകളും കുറച്ച് പണവും ഞങ്ങൾ കരുതിയിരുന്നു.

കേരളസംഘം ശ്രീനഗറിലെത്തുമ്പോൾ, മെഡിക്കൽ സർവ്വീസ് സെന്ററിന്റെ സന്നദ്ധ ഭടന്മാർ മെഡിക്കൽ സഹായം എത്തിക്കുന്നതിനായി ഒരു പ്രവർത്തന സംവിധാനം അവിടെ രൂപപ്പെടുത്തിയിരുന്നു. ഒരു പരിസ്ഥിതി സംഘടനയുടെ ഉദാരമതികളായ പ്രവർത്തകർ എം.എസ്.സിയുടെ സമർപ്പിതമായ പ്രവർത്തനം ദർശിച്ചിട്ട് അവരുടെ ഒരു ഓഫീസ് നമ്മുടെ ക്യാമ്പിനുവേണ്ടി സൗജന്യമായി വിട്ടുതന്നു. ശ്രീനഗറിന്റെ സമീപസ്ഥമായ ഗ്രാമങ്ങളിൽ മെഡിക്കൽ സഹായം നൽകുക എന്നതായിരുന്ന ഞങ്ങളുടെ പ്രധാനപ്രവർത്തനം. ഓരോ ക്യാമ്പിലും ശരാശരി 150 പേർ ചികിൽസ തേടി ഞങ്ങളുടെ പക്കലെത്തിയിരുന്നു. അത്തരത്തിലുള്ള 250ഓളം ക്യാമ്പുകൾ ഇതിനോടകം ശ്രീനഗറിന്റെ സമീപസ്ഥലങ്ങളിലും മറ്റുമായി സംഘടിപ്പിച്ചുകഴിഞ്ഞു. പ്രളയം സൃഷ്ടിച്ച ആരോഗ്യപ്രശ്നങ്ങളിൽ ഏറ്റവും ഗൗരവമുള്ളത് ദുരന്തം ജനങ്ങളിലേൽപ്പിച്ച മാനസ്സികാഘാതമായിരുന്നു. മാനസ്സിക സമനിലയിലേക്ക് ജനങ്ങളെ തിരികെയെത്തിക്കുക എന്ന ലക്ഷ്യത്തോടെ സമാശ്വാസ - സാന്ത്വന- ബോധവൽക്കരണ പ്രവർത്തനങ്ങൾ എം.എസ്.സി സാധ്യമാകുന്ന അളവിൽ സംഘടിപ്പിച്ചുവരികയാണ്. ഞങ്ങൾ ശ്രീനഗറിൽ നിന്ന് മടങ്ങിയതിനുശേഷവും കൂടുതൽ കാര്യക്ഷമതയോടെ അവിടെ തുടരുന്ന ദരിതാശ്വാസ പ്രവർത്തനത്തിൽ ഏറ്റവും പ്രധാന പ്രവർത്തനവും ഇതാണ്.

**കാശ്മീരിലെ പ്രളയദുരന്തം എന്തുകൊണ്ട്?**

വ്യത്യസ്തമായ മൂന്ന് ഭൂപ്രദേശങ്ങളുടെ രാഷ്ട്രീയവും സാംസ്കരികവും സാമ്പത്തികവുമായ ഒരു കൂട്ടായ്മയാണ് ജമ്മു കാശ്മീർ. വടക്ക് ലഡാക്കും തെക്ക് ജമ്മു താഴ്വരയും രണ്ടിനുമിടയിൽ മൂന്ന് ഭാഗവും മലനിരകളാൽ ചുറ്റപ്പെട്ട കാശ്മീർ താഴ്വരയും. അതായത് കാശ്മീർ താഴ്വര ഒരു സ്പൂൺ പോലെയാണെന്ന് പറയാം. അവിടേക്കാണ് മൂന്നുവശങ്ങളിലുമുള്ള മലനിരകളിൽ നിന്ന് പേമാരിയുടെ വെള്ളം വന്ന് നിറഞ്ഞത്. അവിശ്വസനീയമായ നിലയിൽ സെപ്റ്റംബർ 7നു പുലർച്ചെ 3 മണിക്ക് താഴ്വരയിൽ ഏതാണ്ട് 40 അടിയോളം ഉയരത്തിൽ വെള്ളം നിറഞ്ഞു. പ്രാണരക്ഷാർത്ഥം ജനങ്ങൾ നാലുപാടേക്കും കൈയിൽലഭിച്ചത് വാരിക്കെട്ടി ഓടിരക്ഷപ്പെടാൻ ശ്രമിച്ചു. 300ഓളം പേർ മരിച്ചു. കാശ്മീർ താഴ്വരയിലെ സംസ്ഥാന തലസ്ഥാനമുൾപ്പടെ ശ്രീനഗർ, ബഡ്ഗാം, അനന്ത്നാഗ് എന്നീ ജില്ലകൾ മറ്റ് പ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു.

ശക്തമായ മഴ ദീർഘകാലമായുള്ള ഒരു പ്രതിഭാസമാണെങ്കിലും ഈ വിധത്തിൽ ഒരു പ്രളയം കാശ്മീർ ദർശിച്ചിട്ടില്ല. മറ്റെവിടെയുമെന്നതുപോലെ നീതീകരിക്കാനാവാത്ത പ്രകൃതി ചൂഷണത്തിന്റെ സ്വാഭാവിക പരിണതി മാത്രമാണ് ഇത്ര ഭയാനകമായ വെള്ളപ്പൊക്കമെന്ന് കാശ്മീർ സർവകലാശാലയിലെ വിദഗ്ധർ വിലയിരുത്തുകയുണ്ടായി. അത്തരം വിലയിരുത്തലുകളും ശാസ്ത്രീയമായ നിഗമനങ്ങളും കാശ്മീരിലെ മാധ്യമങ്ങളിൽ ഞങ്ങൾ കണ്ടു. കുത്തി ഒലിക്കുന്ന മഴവെള്ളം ഒഴുകിയിരുന്ന ചാനലായിരുന്ന ദൂത് -ഗംഗ, കൈയ്യേറ്റങ്ങളും നിർമാണങ്ങളും മൂലം മൂന്നിലൊന്നായി മെലിഞ്ഞുപോയിരിക്കുന്നു. താഴ്വരയിലെ പ്രകൃതിസന്തുലനം നിലനിർത്തുന്നതിൽ പ്രധാന പങ്ക്വഹിച്ചിരുന്ന നീർത്തടങ്ങളും അധികമായിവരുന്ന ജലം വലിച്ചെടുക്കുകയും വരൾച്ചയിൽ ജലം പുറത്തേക്ക് തള്ളുകയും ചെയ്തിരുന്ന ചതുപ്പുകളും വൻതോതിൽ നികത്തപ്പെട്ടത് ജലനിരപ്പ് ഉയരാൻ പ്രധാന കാരണമായി. അനിയന്ത്രിതമായ വനനശീകരണം ഒഴുക്കിവിടുന്ന മണ്ണ് അടിഞ്ഞ്കൂടി ആഴം കുറഞ്ഞ, വെള്ളം ഉൾകൊള്ളാനുള്ള ശേഷി നഷ്ടപ്പെട്ട ഝലം നദിയിൽ മേഘവിസ്ഫോടനങ്ങളിലൂടെ ഉണ്ടായ വെള്ളം ആകാശംമുട്ടെ ഉയർന്നു. വ്യക്തികളുടെ ലാഭത്തെ ലക്ഷ്യമാക്കി നടത്തുന്ന പ്രകൃതി ചൂഷണം, നാടിനെ എവിടെ എത്തിക്കുമെന്നതിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ് കഴിഞ്ഞവർഷത്തെ ഉത്തരാഖണ്ഡ് ദുരന്തവും ഈ വർഷത്തെ കാശ്മീർ പ്രളയവും.

**സർക്കാരും സൈന്യവും ജനങ്ങളെ രക്ഷിച്ചില്ല**

സാധാരണക്കാരായ കാശ്മീരി ജനതയുടെ അധ്വാനത്തിന്റെ ഫലങ്ങളായ നെല്ലും ആപ്പിളും, മനോഹര കരവിരുതിന്റെ ഉൽപന്നങ്ങളായിരുന്ന പട്ടും കമ്പിളിയും, കടകമ്പോളങ്ങളും ആവാസകേന്ദ്രങ്ങളും, നിത്യോപയോഗ സാമഗ്രികളും നിലകളോളം ഉയർന്ന വെള്ളത്തിന്റെ അപാരതയിൽ പൊടുന്നനെ ഇല്ലാതായപ്പോൾ അനുഭവിച്ച നിസ്സഹായതയും ഭയവും ജനങ്ങളെ തകർത്തുകളഞ്ഞു. പ്രത്യേകിച്ചും കുഞ്ഞുങ്ങളും സ്ത്രീകളുമായിരുന്നു ഈ ദുരിതാവസ്ഥയുടെ പ്രത്യക്ഷ ഇരകൾ. ദിവസങ്ങളോളം ആരും സഹായത്തിനെത്താത്തതിനാൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരു ജനതയുടെ മാനസ്സികാവസ്ഥയിലേക്ക് അവർ എടുത്തെറിയപ്പെട്ടു. സർക്കാരിന്റേയോ പട്ടാളത്തിന്റേയോ സഹായം ഈ അപ്രതീക്ഷിത ദുരന്തത്തിൽ നിന്നും കരകയറുന്നതിനായി ലഭിച്ചതായി, ഞങ്ങൾ മെഡിക്കൽ ക്യാമ്പ് നടത്തിയ ഒരു സ്ഥലത്തുപോലും ആരും സാക്ഷ്യപ്പെടുത്തിയില്ല. പട്ടാളവും ഭരണകൂടവും വെള്ളപ്പൊക്കം വന്നയുടൻ ജനങ്ങൾക്കിടയിൽ രക്ഷകരായി പ്രത്യക്ഷപ്പെട്ടു എന്നാണ് പല ദേശീയ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തത്. ശ്രീനഗർ മെഡിക്കൽ കേളേജിലെ പ്രൊഫസർ ഞങ്ങളോട് കയർത്തത് ഇക്കാര്യം പറഞ്ഞുകൊണ്ടായിരുന്നു. കാശ്മീരി ജനതയുടെമേൽ എൻ.ഡി.ടി.വി അവതാരക ബർഗാദത്ത ടിറ്ററിലുടെ ചൊരിഞ്ഞ അവഹേളനങ്ങളിലും പട്ടാളത്തിന് മാധ്യമങ്ങൾ നൽകിയ വസ്തുതാവിരുദ്ധമായ പരസ്യത്തിലും അദ്ദേഹം പ്രതിഷേധവും നിരാശയും പങ്കിട്ടു. ഒരേ ക്ലിപ്പിങ്ങ് തന്നെ പല ആവർത്തി പ്രദർശിപ്പിച്ചാണ് ഇത് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. പട്ടാളം ഉയർന്ന ഉദ്യോഗസ്ഥരേയും മറ്റും മാത്രമാണ് ഞങ്ങളെയല്ല രക്ഷിച്ചത് എന്ന് നാട്ടുകാർ ഒരേ സ്വരത്തിൽ ഞങ്ങളോട് പറഞ്ഞു. പ്രളയസമയത്ത് ജനങ്ങൾ, പരസ്പര സഹായത്തോടെ സ്വയം സുരക്ഷിതസ്ഥാനങ്ങളിൽ എങ്ങനെയൊക്കെയോ എത്തിപ്പെടുകയായിരുന്നു. അതിന് കഴിയാത്തവർ മരിക്കുകയുമാണ് ഉണ്ടായതെന്ന് അനുമാനിക്കാവുന്ന കാഴ്ചകളാണ് ഞങ്ങളവിടെ കണ്ടത്. പിന്നീട് ഈ അനുമാനം ശരിയായിരുന്നു എന്ന് ജനങ്ങളോട് ചർച്ച ചെയ്തതിൽ നിന്നു മനസ്സിലായി. സൈനികരുടെയും സൈന്യത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന സിവിലിയന്മാരുടെയും ലിസ്റ്റുമായി എത്തി അവരെ തെരഞ്ഞു പിടിച്ച് രക്ഷിക്കുകയാണ് പട്ടാളം ചെയ്തത്. അതിന്റെ വീഡിയോ ചിത്രങ്ങൾ പകർത്തി, രാജ്യമെമ്പാടും അത് തുടർച്ചയായി പ്രക്ഷേപണം ചെയ്ത് സൈന്യത്തെ പ്രകീർത്തിക്കുന്നതിൽ മാധ്യമങ്ങൾ മുഴുകി. താഴ്വരയിലെ ജനങ്ങളുടെ യഥാർത്ഥ ദുരിതങ്ങൾ ആരും റിപ്പോർട്ട് ചെയ്തില്ല.

സെപറ്റംബർ 21ന്റെ മലയാള മനോരമയിൽ ജോൺ സാമുവൽ എന്ന പത്രപ്രവർത്തകൻ ശ്രീനഗറിലെ തന്റെ പ്രളയദുരിതാനുഭവങ്ങൾ വിവരിച്ചത് നൂറുശതമാനവും ശരിയാണെന്ന് ഞങ്ങൾക്ക് ജനങ്ങളുടെ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. റിട്ടയേർഡ് സൈനികോദ്യഗസ്ഥരും ജഡ്ജിമാരും പ്രമുഖരായ ഡോക്ടർമാരുമടങ്ങുന്ന കേരളത്തിൽ നിന്നുള്ള ഒരു സംഘം ശ്രീനഗറിലെ ഫൈവ് സ്റ്റാർ ഹോട്ടലിൽ കുടുങ്ങി 6 ദിവസം നരകിച്ചിട്ട് സൈന്യമോ സർക്കാരോ തങ്ങളെ തിരിഞ്ഞുനോക്കിയില്ല എന്ന് പ്രസ്തുത ലേഖനം സാക്ഷ്യപ്പെടുത്തുന്നു. തലയ്ക്കുമുകളിലൂടെ പറന്നുപോകുന്ന സൈനികഹെലികോപ്റ്ററുകൾ ഒരു രക്ഷാദൗത്യവും നടത്തിയില്ല. ഒടുവിൽ കാശ്മീരിയായ ഹോട്ടൽ ഉടമയുടെ മഹാമനസ്കതയിൽ അദ്ദേഹം ക്രമീകരിച്ച ഷിക്കാരയിൽ കയറി രക്ഷപ്പെട്ട ജോൺ സാമുവൽ, കാശ്മീരിലെ ആരും തിരിഞ്ഞുനോക്കാനില്ലാത്ത ജനങ്ങളെപ്രതി നെടുവീർപ്പെട്ടുകൊണ്ടാണ് മടങ്ങുന്നത്. സമൂഹത്തിലെ വലിയ സ്വാധീനമുള്ള ആളുകൾക്ക് ഇതായിരുന്നു ഗതിയെങ്കിൽ കാശ്മീരിലെ സാധാരണക്കാരന്റെ സ്ഥിതി എന്തെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

**ദുരിതനിവാരണത്തിനായും സർക്കാർ ഒന്നും ചെയ്യുന്നില്ല.**

ശ്രീനഗർ മെഡിക്കൽ കോളേജിലെ സൂപ്രണ്ടിനെ നേരിൽ സന്ദർശിക്കാനെത്തിയപ്പോൾ കണ്ട കാഴ്ച പ്രളയാനന്തരം നടന്ന മെഡിക്കൽ സഹായത്തിന്റെ ചിത്രം വെളിവാക്കുന്ന ഒന്നായിരുന്നു. പ്രളയം നടന്നിട്ട് ഒരു മാസവും 6 ദിവസവും കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും മെഡിക്കൽ കോളേജ് ആശുപത്രി പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല! കിടക്കകളും ഉപകരണങ്ങളും ആശുപത്രിക്ക് പുറത്ത് കൂട്ടിയിട്ടിരിക്കുന്നു. തലസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രി കഴുകി വൃത്തിയാക്കുന്നതേയുള്ളൂ. ഉത്തരവാദിത്തബോധമുള്ള ഒരു സർക്കാർ, വെള്ളമിറങ്ങിയപ്പോൾ ആദ്യം ചെയ്യേണ്ടിയിരുന്ന നടപടി ഈ ആശുപത്രി പ്രവർത്തനക്ഷമമാക്കുക എന്നതായിരുന്നു. അത് ചെയ്തിട്ടില്ല എന്നതിൽനിന്നും കാശ്മീരിൽ സർക്കാരും സൈന്യവും നടത്തിയ ദുരിതാശ്വാസപ്രവർത്തനത്തിന്റെ നിലവാരം അളക്കാൻ കഴിയും. ഈ പശ്ചാത്തലത്തിലാണ് അടിയന്തിരപ്രാധാന്യത്തോടെ ചികിൽസ ലഭ്യമാക്കേണ്ട ഗ്രാമങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഞങ്ങൾ പ്രധാനമായും തീരുമാനിച്ചത്.

അത്തരം ക്യാമ്പുകളിൽ എത്തിയ നൂറുകണക്കിന് ആളുകൾ ഞങ്ങളോട് അഭ്യർത്ഥിച്ചത്, അവരുടെ തകർന്ന കിടപ്പാടങ്ങൾ പണിതുനൽകാമോ എന്നാണ്. മഴവെള്ളത്തിൽ അവരുടെ കമ്പിളിവസ്ത്രങ്ങൾ മുഴുവൻ ഒലിച്ചുപോയി. ഉടൻ വന്നുചേരുന്ന ഡിസംബറിന്റെ കൊടുംശൈത്യത്തെ നേരിടാൻ കമ്പിളിവസ്ത്രങ്ങൾ നൽകാനാവുമോ എന്നവർ കേണു. തലയ്ക്കുമുകളിൽ കൂരയില്ല. ഡിസംബറിനുമുമ്പ് അത് പണിയാൻ അവരുടെ കൈവശം പണവുമില്ല. കൃഷി മുഴുവൻ ഒലിച്ചുപോയതോടെ അവരുടെ സമ്പാദ്യങ്ങളും ശൂന്യമായി. അടുത്ത കൃഷിക്കും മാർഗ്ഗമില്ല. കൊടുംശൈത്യത്തെ എങ്ങിനെ നേരിടുമെന്ന് അവർക്കറിയില്ല. അനിശ്ചിതത്വവും അശരണത്വവും അവരെ വല്ലാതെ തളർത്തിയിരിക്കുന്നു. അവരുടെ കണ്ണുകളിലെ ദൈന്യതയും നിസ്സഹായതയും ആരേയും ഈറനണിയിപ്പിക്കുമായിരുന്നു. ഞങ്ങൾ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച, വെള്ളപ്പൊക്കത്തിന്റെ ആഘാതം അതിന്റെ പാരമ്യത്തിൽ അനുഭവപ്പെട്ട, സാധാരണക്കാരൻ ജീവിക്കുന്ന ഒരിടങ്ങളിലും, ഹസൻ പുരയിലോ ബിജ്ബെഹ്രയിലോ ദാൽതടാകത്തിന്റെ മറുകരയിലെ ചേരിപ്രദേശത്തോ, എവിടേയും ഒറ്റ ദുരിതാശ്വാസ ക്യാമ്പും കാണുകയുണ്ടായില്ല. ചിലയിടങ്ങളിൽ ഒരൗദാര്യമെന്ന നിലക്ക് സംസ്ഥാന സർക്കാർ വാടകക്ക് നൽകിയ ടെന്റുകളിൽ താമസിക്കുന്നവരുണ്ട്. ആറുമാസത്തെ ഉപയോഗത്തിന് ശേഷം ഇവ തിരിച്ച് നൽകണമത്രേ! ആ ടെന്റിന് കൃത്യമായി വാടക നൽകാൻപോലും ശേഷിയില്ലാത്ത എല്ലാം നഷ്ടപ്പെട്ട മഹാഭൂരിപക്ഷം അന്നന്നത്തെ അന്നം കണ്ടെത്തുകപോലും ദുഷ്കരമായിരിക്കുമ്പോൾ, വരാനിരിക്കുന്ന കൊടുംതണുപ്പിന്റെ നാളുകളിൽ ജനങ്ങൾ സ്വമേധയാ ജീവസന്ധാരണ ഉപാധികൾ വികസിപ്പിക്കുമെന്നും അങ്ങനെ ജനങ്ങൾ സ്വന്തം ജീവിതം കരുപിടിപ്പിക്കുമെന്നും പകൽകിനാവ് കാണുകയാണ് സർക്കാരെന്ന് ഏതൊരാൾക്കും തോന്നിപ്പോകുന്നത്രയും അലംഭാവത്തോടെയാണ്

(ശേഷം 11-ാം പേജിൽ)

## ജമ്മു – കാശ്മീർ പ്രളയം

# സർക്കാരും സൈന്യവും ജനങ്ങളെ രക്ഷിച്ചില്ല

(10-ാം പേജിൽ നിന്ന്)

സർക്കാർ ജനങ്ങളേയും അവരുടെ പ്രശ്നങ്ങളേയും നോക്കികാണുന്നത്. ജനങ്ങളുടെ കൂട്ടായ്മകൾ വെള്ളപ്പൊക്കത്തിൽ വൃത്തിഹീനമായ തെരുവുകൾ വൃത്തിയാക്കുന്നത് എവിടുത്തെയും കാഴ്ചയായിരുന്നു.

**ദുരന്തനാളുകളിൽ സൗമനസ്യത്തിന്റെയും സാഹോദര്യത്തിന്റെയും സഹിഷ്ണുതയോടെയും ഉൽകൃഷ്ടവുമായ ജനാധിപത്യസമീപനം കേന്ദ്രസർക്കാരിൽനിന്നുണ്ടായില്ല.**

നിസ്സഹായരും ആലംബഹീനരുമായ സാധാരണ ജനങ്ങൾ ആരെ ആശ്രയിക്കും, കേന്ദ്ര സർക്കാരിനെയോ? പട്ടാളത്തെയോ? ജമ്മു കാശ്മീർ ഉൾപ്പടെ, ചരിത്രപരവും സാംസ്കാരികവുമായ വ്യതിരിക്തതകൾ പരിഗണിച്ച് നമ്മുടെ രാജ്യത്തിന്റെ ദേശീയതയുമായി, സാംസ്കാരികവും സാമ്പത്തികവുമായ ഉദ്ഗ്രഥനം ലക്ഷ്യമാക്കികൊണ്ട് സ്വയംഭരണപദവി നൽകപ്പെട്ട വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുൾപ്പടെയുള്ള പ്രദേശങ്ങളിൽ പട്ടാളമാണ് കേന്ദ്രഭരണത്തെ പ്രതിനിധാനം ചെയ്യുന്നത്. സായുധസേന (പ്രത്യേകാവകാശ) നിയമമാണ് സേനയുടെ പിൻബലം. ജനങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിച്ച വസ്തുത, അടിച്ചമർത്താനുള്ള ഒരു ഉപാധിയായി ഈ നിയമം പ്രയോഗിക്കപ്പെടുന്നു എന്നതാണ്. ഈ വരികൾ കുറിക്കുമ്പോൾ കാശ്മീരിൽ നിന്നും കേൾക്കുന്ന വാർത്ത, നിരപരാധികളായ രണ്ട് പേരെ പട്ടാളം വെടിവച്ചുകൊന്നു എന്നാണ്. അതിന്റെ പേരിൽ പട്ടാളം ക്ഷമ ചോദിച്ചതായും വാർത്തിയിലുണ്ട്) സായുധസേന വിഭാഗങ്ങൾ ജനജീവിതത്തിൽ നിരന്തരം ഇടപ്പെട്ടുകൊണ്ട് എവിടേയും ഉണ്ടായിരുന്നു. അവർക്ക് അതിനുള്ള അവകാശവുമുണ്ട്. വാറണ്ട് കൂടാതെ സംശയം തോന്നി എന്ന ഒറ്റ ന്യായം പറഞ്ഞ് എവിടേയും കയറിച്ചെല്ലാനും ആരേയും അറസ്റ്റ് ചെയ്യാനും സേനയ്ക്കധികാരമുണ്ട്. പട്ടാളത്തിന്റെ തോക്കിൻമുനയിൽ ഭർത്താക്കൻമാരും മക്കളും നഷ്ടപ്പെട്ടവർ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിക്കുന്നത് ഇൻഡ്യയിൽ എവിടെ ഉണ്ടാകും. കാശ്മീരിൽ പ്രവർത്തിക്കുന്ന അസോസിയേഷൻ ഓഫ് പാരന്റ്സ് ഓഫ് ഡിസ്സപ്പ്യേർഡ് (എപിഡിപി) എന്ന ഈ സംഘടനയുടെ കണക്കനുസരിച്ച് കഴിഞ്ഞ 24 വർഷങ്ങൾക്കകം കാണാതായ കാശ്മീരികൾ എണ്ണായിരമാണ്. (കൊലചെയ്യപ്പെട്ടവരുടെയല്ല)

ഞങ്ങൾ സ്നേഹപൂർവം ബഷീർ ഭായിയെന്ന് വിളിച്ചിരുന്ന, ഞങ്ങളെ ദുരിതാശ്വാസ പ്രവർത്തനത്തിന് സഹായിച്ചിരുന്ന (അദ്ദേഹത്തിന്റെ സ്ഥാപനമായിരുന്നു ഞങ്ങളുടെ വാസസ്ഥലം) വ്യക്തിയോട് സേനയുടെ സാന്നിദ്ധ്യത്തെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദഹം പറഞ്ഞ മറുപടി 'ആഗ്രഹമില്ലെങ്കിലും ആരും സ്വാതന്ത്ര്യം ആവശ്യപ്പെട്ടുപോകും' എന്നായിരുന്നു. എവിടെ ഈ ചോദ്യമുന്നയിച്ചാലും ഏവരും പറഞ്ഞ മറുപടിക്ക് ഇതിനോട് സമാനതയുണ്ടായിരുന്നു. 1991ൽ കുനാൻ പൊഷ്പോറയിൽ 53 സ്ത്രീകളെ ഒരു രാത്രിയിൽ സേന ബലാൽസംഗത്തിന് ഇരയാക്കിയിട്ടുണ്ട്. 1993ൽ ബിജ്ബെഹ്രയിൽ അതിർത്തി രക്ഷാ സേന വെടിവെച്ച്കൊന്നത് 51 സാധാരണക്കാരെയാണ്. 2009ലെ ഷോപിയാൻ സംഭവം നമ്മുടെ മനസ്സുകളിൽപോലും ഇന്നും മായാതെകിടപ്പുണ്ട്. ഇതെല്ലാം ഇൻഡ്യക്കും ഇൻഡ്യൻ ഭരണകൂടത്തിനുമെതിരെയുള്ള വികാരത്തെ ആളിക്കത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. അടിച്ചമർത്തപ്പെട്ടവന്റെ വൈകാരിക വിക്ഷോഭങ്ങളാണ് അവരുടെ സംഭാഷണങ്ങളിൽ മിന്നിമറഞ്ഞത്. ബ്രിട്ടീഷ് മേൽകോയ്മക്കും രാജവാഴ്ചക്കുമെതിരെ സന്ധിരഹിതമായി പോരാടിയ ഒരു തലമുറയുടെ സമരവീര്യം സന്നിവേശിക്കപ്പെട്ട ഒരു പിൻതലമുറയെ ഞങ്ങൾ അവരിൽകണ്ടു. ഒരു മതേതര രാഷ്ട്രമായ സ്വതന്ത്ര ഇൻഡ്യയുടെ ഭാഗമാകാൻ അഭിലഷിച്ച ജനതയുടെ നൈരാശ്യവും അവർ പ്രകടിപ്പിച്ചിരുന്നു.

ഒരു ജനാധിപത്യ രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങളിൽ ഏറ്റവും പ്രാഥമികമാണ് ഭയരഹിതമായ ജീവിക്കാനുള്ള അവകാശം. ജനാധിപത്യം ഉദയംചെയ്ത കാലം മുതൽ ഒരവകാശമായി കരുതപ്പെട്ടിരുന്ന ഈയൊന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിലൂടെ ഒന്ന് കൂടി ഊട്ടിഉറപ്പിക്കപ്പെട്ടു. പ്രസ്തുത അവകാശം നിലനിൽക്കുന്ന ഇടങ്ങളിൽ മാത്രമേ സമൂഹത്തിന്റെ മറ്റവകാശങ്ങളെ കുറിച്ച് ബോധവാൻമാരാവാനും ആ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കാനും സാധിക്കൂ. നിർഭയമായി ജീവിക്കാനുള്ള അവകാശം കാശ്മീർ ജനതയ്ക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു എന്നത് അവിടെ കഴിച്ചുകൂട്ടിയ ഓരോ നിമിഷവും ഞങ്ങൾക്ക് അനുഭവപ്പെട്ടുകൊണ്ടിരുന്നു.

ശ്രീനഗർ മെഡിക്കൽ കോളജിലേക്കുള്ള വഴിമധ്യേ ഞങ്ങൾ സഞ്ചരിച്ചിരുന്ന ഓട്ടോ പൊടുന്നനെ നിർത്തിയത് എന്തിനായിരുന്നു എന്ന് ഞങ്ങൾക്കാദ്യം മനസിലായില്ല. ഒരു വശത്ത് പത്ത് പന്ത്രണ്ട് വയസ്സുവരുന്നവരുടെ ഒരു സംഘം രൂപപ്പെട്ടുവരുന്നതും അവരുടെ കൈയിലെ കല്ലുകൾ, റോഡിന് മറുവശത്ത് കിടന്നിരുന്ന സായുധ സേന വാഹനങ്ങളിൽ പതിക്കുന്നതും ഞങ്ങൾകണ്ടു (ലക്ഷ്യം തെറ്റിയ ഒരു കല്ല് ഞങ്ങളുടെ ഓട്ടോയിലും പതിച്ചു). ഇസ്രായേലിന്റെ അത്യാധുനിക ടാങ്കുകൾക്കെതിരെ ഉന്നംപിടിച്ചു നിൽക്കുന്ന പലസ്തീനി ബാലൻമാരുടെ ചിത്രം പത്രത്തിൽ കണ്ടതാണ് അപ്പോൾ എന്റെ ഓർമയിൽവന്നത്. എന്തുകൊണ്ട് ഇപ്രകാരം ഒരു സാഹചര്യം വന്നുഭവിച്ചു എന്ന് നാം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് ഞങ്ങൾക്ക് ശക്തമായി തോന്നി. നിരന്തരം കർഫ്യു പ്രഖ്യാപിക്കപ്പെടുന്ന കാശ്മീരിൽ, പട്ടാളവും അവരുടെ തോക്കും സർവാധികാരങ്ങളോടെയും വാഴുന്ന കാശ്മീരിൽ ഉറഞ്ഞുകൂടുന്നത് ഇൻഡ്യാവിരുദ്ധ വികാരമാണ്.



ലേഖകനും(ഇടതുനിന്ന് രണ്ടാമത്) കേരളത്തിൽ നിന്നുള്ള ടീം അംഗങ്ങളായ ഡോ.ഹരിപ്രസാദ്, ഡോ.ജോബി ജോസഫ് എന്നിവരും ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ എംഎസ്സി പ്രവർത്തകർക്കൊപ്പം.

അത്തരമൊരു സാഹചര്യത്തിലേക്ക് അവരെ തള്ളിവിടുകയായിരുന്നുവെന്ന് നമ്മുടെ രാജ്യത്തെ പലപ്രമുഖരും വിലയിരുത്തിയത് ശരിയാണെന്ന് പ്രളയവും പ്രളയാനന്തര സാഹചര്യവും കൂടുതൽ വ്യക്തമാക്കി.

ഈ പ്രവർത്തനത്തിനിടയിൽ മനസ്സിനെ ഏറ്റവും ശക്തമായി സ്വാധീനിച്ച ഘടകം കാശ്മീരിലെ ജനങ്ങളുടെ ഹൃദ്യവും ഊഷ്മളവുമായ പെരുമാറ്റമാണ്. ഇത്രയും നിർമ്മലമായ പെരുമാറ്റത്തിന്നുടമകളായ ജനങ്ങളെയാണല്ലോ ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെ ജനങ്ങൾക്കിടയിൽ തെറ്റായി ചിത്രീകരിക്കപ്പെടുന്നത് എന്നോർത്തപ്പോൾ കഠിനമായ ഒരു വേദന അനുഭവപ്പെട്ടു. ടെന്റുകളിലും നിലം പൊത്തിയ വീടുകളിലും തണുപ്പിനെ പ്രതിരോധിക്കാൻ ആവശ്യത്തിന് കമ്പിളി പോലുമില്ലാതെ എങ്ങനെയൊക്കയോ കഴിഞ്ഞുകൂടുന്ന ജനങ്ങളുടെ ഇച്ഛാശക്തി ആരെയും അത്ഭുതപ്പെടുത്തുന്ന ഒന്നായിരുന്നു. ഓരോ ഗ്രാമത്തിലെയും ക്യാമ്പുകൾ കഴിയുമ്പോൾ ഞങ്ങളോടൊപ്പം സന്നദ്ധപ്രവർത്തനത്തിന് വരാൻ തയ്യാറുള്ളവർ കൈയുയർത്താൻ അഭ്യർത്ഥിക്കുമ്പോൾ പ്രസരിപ്പും ആത്മവിശ്വാസവും തുളുമ്പുന്ന മുഖത്തോടെ നിരവധി പെൺകുട്ടികൾ മുന്നോട്ട് വന്ന് സന്നദ്ധത അറിയിക്കും. തുടർന്നുള്ള ക്യാമ്പുകളിൽ അവരും ഞങ്ങളോടൊപ്പം ചേർന്നു. കാശ്മീരി ജനതയെ അവരുടെ വേദനകളിൽ നിന്നും ആശങ്കകളിൽ നിന്നും മോചിപ്പിക്കാൻ, അവരെ ഇൻഡ്യാവിരുദ്ധരല്ലാതാക്കാൻ വേണ്ടത് സ്നേഹാദരങ്ങളോടെയുള്ള പെരുമാറ്റമാണെന്ന് ദുരിതാശ്വാസപ്രവർത്തനം ഞങ്ങളെ പഠിപ്പിച്ചു.

വിവേകപൂർവ്വം പ്രവർത്തിച്ചുകൊണ്ട്, ദുരന്തം സൃഷ്ടിച്ച ഒറ്റപ്പെടലിന്റെ നാളുകളിൽ അവരോടൊപ്പം അടിയുറച്ചുനിലകൊള്ളാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞിരുന്നുവെങ്കിൽ, അന്യതാബോധം അനുഭവിക്കുന്ന ഒരു ജനതയുടെ വ്രണങ്ങളെ ഉണക്കാൻ ചെറുതായിട്ടെങ്കിലും അത് സഹായിക്കുമായിരുന്നു. സൗമനസ്യത്തിന്റെയും സാഹോദര്യത്തിന്റെയും സഹിഷ്ണുതയുടെയും ഉൽകൃഷ്ഠമായ ജനാധിപത്യസമീപനം കാട്ടാൻ ദുരന്തനാളുകളിൽപ്പോലും സാർക്കാരിന് കഴിഞ്ഞില്ല. ഒന്നര മാസം അവിടെ ദുരിതാശ്വാസപ്രവർത്തനം നടത്തിയ ഞങ്ങളുടെ സഹപ്രവർത്തകർക്കും 8 ദിവസം പ്രവർത്തിച്ച ഞങ്ങൾക്കും അനുഭവപ്പെട്ട യാഥാർത്ഥ്യം അതാണെന്ന് ഒരു മുൻവിധിയുമില്ലാതെ പറയട്ടെ. ■

# വിളപ്പിൽശാല ഗവ.ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ഭീമഹർജിയിലേക്ക് ഒപ്പുശേഖരണയജ്ഞം

വിളപ്പിൽശാല ഗവ.ആശുപത്രിയിൽ സാമൂഹികാരോഗ്യ കേന്ദ്രമെന്ന നിലയിൽ അവശ്യംവേണ്ടുന്ന എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ഭീമഹർജിയിലേക്കുള്ള ഒപ്പുശേഖരണ യജ്ഞം ആരംഭിച്ചു.

2008 നവംബർ 6-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവും (568/08 എച്ച്&എഫ്ഡബ്ല്യുഡി), ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡും (ഐപിഎച്ച്എസ്) സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അവശ്യം വേണ്ടുന്ന സൗകര്യങ്ങളെന്തൊക്കെയെന്ന് കൃത്യമായി നിഷ്ക്കർഷിക്കുന്നുണ്ട്.

അതനുസരിച്ച് 24 മണിക്കൂർ സേവനം, ജനറൽ മെഡിസിൻ-ജനറൽ സർജറി-പീഡിയാട്രിക്സ്-ഗൈനക്കോളജി-അനസ്തേഷ്യ സ്പെഷ്യലിസ്റ്റുകളുൾപ്പെടെ കുറഞ്ഞത് 7 സ്ഥിരം ഡോക്ടർമാർ, 12 സ്റ്റാഫ് നഴ്സുമാർ, ഇതര വിഭാഗങ്ങളിലായി മുപ്പതോളം സ്ഥിരം ജീവനക്കാർ, ലബോറട്ടറി, എക്സ്-റേ, ഇ.സി.ജി, അൾട്രാസൗണ്ട് സ്കാൻ, ഓപ്പറേഷൻ തിയറ്റർ, പ്രസവശുശ്രൂഷ, സിസേറിയൻ, നവജാതശിശുപരിചരണം, ആംബുലൻസ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് ഭീമഹർജി തയ്യാറാക്കിയിരിക്കുന്നത്.

മാലിന്യവിപത്തിനെതിരെ വിളപ്പിൽശാലയിൽ ഐതിഹാസികമായ ചെറുത്തുനിൽപ്പ് സമരം പടുത്തുയർത്തിയ ജനകീയ സമിതിയുടെ രക്ഷാകർതൃത്വത്തിലാണ് ആശുപത്രി സംരക്ഷണ സമരസമിതി രൂപംകൊണ്ടത്. ആരോഗ്യവകുപ്പ് മന്ത്രിക്കും മറ്റ് അധികാരികൾക്കും നിവേദനങ്ങൾ സമർപ്പിച്ചു. ഒക്ടോബർ 8-ന് സംഘടിപ്പിക്കപ്പെട്ട ജനകീയ കൂട്ടായ്മ വിളപ്പിൽശാല സമരനായകൻ ശ്രീ. എസ്. ബുർഹാൻ ഉദ്ഘാടനം ചെയ്തു.

അതേത്തുടർന്ന് അധികാരികൾ, കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും തിടുക്കത്തിൽ ലബോറട്ടറി സ്ഥാപിക്കുകയും ചെയ്തു. എന്നാൽ, താൽക്കാലിക ഏർപ്പാടുകളല്ല, സ്ഥിരം സംവിധാനങ്ങളാണ് വേണ്ടത് എന്ന നിലപാടിൽ പ്രക്ഷോഭ പരിപാടി ശക്തിപ്പെടുത്താനാണ് സമര സമിതി തീരുമാനിച്ചിരിക്കുന്നത്.

അതിന്റെ ഭാഗമായാണ് മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ഭീമഹർജിയിലേക്കുള്ള ഒപ്പുശേഖരണം നവംബർ 10 മുതൽ 30 വരെ നീണ്ടുനിൽക്കുന്ന വിപുലമായ ഒരു സമരപ്രവർത്തനമായി സമിതി ഏറ്റെടുത്തിരിക്കുന്നത്.

നവംബർ 10-ാം തീയതി ആശുപത്രിക്ക് മുന്നിൽ പേയാട് റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ.ജി.ജയിംസ് ഒപ്പുശേഖരണ പരിപാടി ഉദ്ഘാടനം ചെയ്തു.

വിളപ്പിൽശാല ആശുപത്രി സംരക്ഷണ സമര സമിതി പ്രസിഡന്റ് സി.ജ്ഞാനദാസ്, സെക്രട്ടറി ജി.ശിവാനന്ദൻ, ജനകീയ സമര നേതാക്കളായ എസ്.ബുർഹാൻ, ജി.ആർ.സുഭാഷ്, എൽ.ഹരിറാം, എസ്.മിനി, സദാനന്ദൻ, പ്രഭാകരൻ, എസ്.ജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

എസ്.ശ്രീകുമാർ, നൂർ മുഹമ്മദ്, മധു മുളയറ, കൃഷ്ണൻ നായർ, എസ്.റസിയ, എം.ആമിനാ ബീവി, എം.പീരുക്കണ്ണ്, കമലമ്മ, പൊന്നമ്മ, ശകുന്തള, എ.ജെ.സജിത തുടങ്ങിയവർ ഒപ്പുശേഖരണ പരിപാടിക്ക് നേതൃത്വം നൽകി.

രോഗികളും കൂട്ടിരിപ്പുകാരുമുൾപ്പെടെ ആയിരത്തോളമാളുകൾ ആദ്യദിനം തന്നെ പേരും മേൽവിലാസവുമെഴുതി ഭീമഹർജിയിൽ ഒപ്പിട്ടു. വരുംദിവസങ്ങളിൽ വിവിധ പ്രദേശങ്ങളിൽ പ്രത്യേക ബൂത്തുകൾ സ്ഥാപിച്ചുകൊണ്ട് ഒപ്പുശേഖരണ യജ്ഞം തുടരും. ഡിസംബർ ആദ്യവാരം മുഖ്യമന്ത്രിക്ക് ഭീമഹർജി സമർപ്പിക്കും. ■




ഒപ്പുശേഖരണ പരിപാടി ശ്രീ. കെ.ജി.ജയിംസ് ഉദ്ഘാടനം ചെയ്യുന്നു.

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing November 1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.7
Price : Rs 5.00
November 2014

## അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫ് ഓർഗനൈസേഷൻ (കെയുഎസ്എസ്ഒ)
# സംസ്ഥാന കൺവൻഷൻ പാലക്കാട്ട്




കെയുഎസ്റ്റിഒ സംസ്ഥാനപ്രസിഡന്റ് ജയ്സൺ ജോസഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വി.കെ.സദാനന്ദൻ, എസ്.സീതിലാൽ, കെ. അബ്ദുൾ അസീസ് തുടങ്ങിയവർ മുൻനിരയിൽ

**കേ**രളത്തിലെ അൺ എയ്ഡഡ് മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് അനദ്ധ്യാപകജീവനക്കാരുടെമേൽ നടക്കുന്ന കടുത്ത ചൂഷണവും തൊഴിലവകാശനിഷേധവും അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു കേരള അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫ് ഓർഗനൈസേഷൻ (കെയുഎസ്എസ്ഒ) സംസ്ഥാന കൺവൻഷൻ പാലക്കാട് വച്ച് നടന്നു. നവംബർ 8ന് എൻ.എം.ആർ ഹാളിൽ നടന്ന കൺവൻഷൻ കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ (കെയുഎസ്റ്റിഒ) സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് ഉൽഘാടനം ചെയ്തു. സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾ ബോധപൂർവ്വം അവലംബിച്ച മൗനമാണ് ഈ മേഖലയിലെ ജീവനക്കാർ പതിറ്റാണ്ടുകളായി അനുഭവിച്ചുവരുന്ന തൊഴിലവകാശലംഘനത്തിനും അവമതിക്കും കാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അൺ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് ഒത്താശ ചെയ്തു കൊടുക്കുന്ന സമീപനമാണ് മാറി മാറി അധികാരത്തിലേറിയ സർക്കാരുകളും അവയെ പിന്തുണയ്ക്കുന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും അനുവർത്തിച്ചുവന്നത്. സർക്കാർ സർവ്വീസിലേതിന് തുല്യമായ സേവന-വേതന വ്യവസ്ഥകൾ അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാർക്കും നൽകണമെന്ന് ശുപാർശ ചെയ്ത സുകുമാരപിള്ള-എ.എ.ബേബി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാതിരുന്നത് ഇക്കാരണത്താലാണ്. സത്യസന്ധതയും തൊഴിലാളിവർഗ്ഗ കൂറുമുള്ള തൊഴിലാളി പ്രസ്ഥാനത്തിനുകീഴിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ജീവനക്കാർ ഒന്നിച്ച് നിന്ന് പൊരുതിയാൽ മാത്രമേ ഇതിന് മാറ്റമുണ്ടാകുകയുള്ളുവെന്നും ജയ്സൺ ജോസഫ് തുടർന്ന് പറഞ്ഞു.

കേരള അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫ് ഓർഗനൈസേഷൻ (കെയുഎസ്എസ്ഒ) സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ കൺവൻഷനിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ, കെയുഎസ്ടിഒ സംസ്ഥാന സെക്രട്ടറി വിദ്യ ആർ.ശേഖർ, പി.വി.പ്രേമരാജൻ(കണ്ണൂർ), ബിജോ ജയിംസ്(എറണാകുളം), നിക്സൺ.സി.വി(തൃശ്ശൂർ), ആർ.മണി(പാലക്കാട്), ഇ.വി.പ്രകാശ്(കോട്ടയം), കെ.എം.ബീവി, സി.കെ.ശിവദാസൻ, അനൂപ് ജോൺ തുടങ്ങിയവർ കൺവൻഷനിൽ പ്രസംഗിച്ചു.

അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുക, അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് സർക്കാർ സർവ്വീസിലേതിന് തുല്യമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുക, നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഈ മേഖലയിൽ കർശനമായി നടപ്പാക്കുക, അൺ എയ്ഡഡ് മേഖലയ്ക്ക് പ്രത്യേകമായി നിയമനിർമ്മാണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ നടപ്പാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കൺവൻഷൻ ഐക്യകണ്ഠേന പാസ്സാക്കി.

വിദ്യാഭ്യാസ വിചക്ഷണയും പ്രമുഖ എഴുത്തുകാരിയുമായ പ്രൊഫ. ബി.ഹൃദയകുമാരിയുടെ നിര്യാണത്തിൽ കൺവൻഷൻ അനുശോചനം രേഖപ്പെടുത്തി. അൺ എയ്ഡഡ് ജീവനക്കാർ സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ പ്രക്ഷോഭത്തിന് എതിർപ്പുകളെ വകവയ്ക്കാതെ അകമഴിഞ്ഞ പിന്തുണയും സാമീപ്യവും ഹൃദയകുമാരിടീച്ചർ നൽകിയത് കൺവൻഷൻ സ്മരിക്കുകയുണ്ടായി.

വി.കെ.സദാനന്ദൻ(പ്രസിഡന്റ്), കെ.അബ്ദുൾ അസീസ്, പി.വി.പ്രേമരാജൻ, നിക്സൺ.സി.വി(വൈ.പ്രസിഡന്റുമാർ), എസ്.സീതിലാൽ (ജനറൽ സെക്രട്ടറി), ബിജോ.ജെയിംസ്, സി.കെ.ശിവദാസൻ, അനൂപ് ജോൺ, ഇ.വി.പ്രകാശ് (സെക്രട്ടറിമാർ), ആർ.മണി (ട്രഷറർ) എന്നിവർ ഭാരവാഹികളായി 31 അംഗ സംസ്ഥാന കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു.

2015 ജനുവരി 20 തൊഴിലവകാശദിനമായി സംസ്ഥാനമൊട്ടാകെ ആചരിക്കാനും കൺവൻഷൻ തീരുമാനിച്ചു. ■

# സ്ത്രീ സുരക്ഷാ സമിതി തിരുവനന്തപുരം ജില്ലാ കൺവൻഷൻ




വിമലാമേനോൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ എസ്.ബുർഹാൻ, എൽ.ഹരിറാം, എസ്.മിനി, ഡോ.വിൻസന്റ് മാളിയേക്കൽ, ബോബി അലോഷ്യസ്, ഷൈല കെ.ജോൺ, വിനു എബ്രഹാം, മിനി.കെ.ഫിലിപ്പ്, ജി.എസ്.പത്മകുമാർ, സി. ശ്രീനിവാസദാസ് തുടങ്ങിയവർ

**സ്**ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സംഘടിക്കുവാനും അതിനിരകളാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വൈദ്യസഹായവും നിയമസഹായവും നൽകുന്നതിനുമായി രൂപീകരിക്കപ്പെട്ടിരിക്കുന്ന സംസ്ഥാന സ്ത്രീ സുരക്ഷാസമിതിയുടെ തിരുവനന്തപുരം ജില്ലാ ഘടകം രൂപീകരിച്ചു. ജോയിന്റ് കൗൺസിൽ ഹാളിൽ നടന്ന കൺവൻഷൻ വിമലാമേനോൻ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ വ്യക്തിത്വമുള്ളവരായി മാറണമെന്നും അവരെ പൊതുസമൂഹം വ്യക്തികളായി അംഗീകരിക്കണമെന്നും വിമലാ മേനോൻ അഭിപ്രായപ്പെട്ടു. കുറ്റവാളികൾ മിക്കപ്പോഴും ശിക്ഷിക്കപ്പെടുന്നില്ലെന്നും നിയമം പലപ്പോഴും യഥാസമയം പ്രവർത്തിക്കാറില്ലെന്നും അവർ അഭിപ്രായപ്പെട്ടു. ജീവിതത്തിലെ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും അതിജീവിക്കാനുള്ള പരിശീലനം പൊതു സമൂഹം പുതുതലമുറയ്ക്ക് നൽകണമെന്ന് ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ച ബോബി അലോഷ്യസ് അഭിപ്രായപ്പെട്ടു.

സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ, ജനറൽ സെക്രട്ടറി മിനി.കെ. ഫിലിപ്പ്, ജി.എസ്. പത്മകുമാർ, സി.ശ്രീനിവാസദാസ്, എസ്.ബുർഹാൻ, എൽ.ഹരിറാം, ആർ.ബിജു, ബി.ഗോപി, വിദ്യാ.ആർ.ശേഖർ, എ.ഷൈജു എന്നിവർ സംസാരിച്ചു. എൽ.ഹരിറാം പ്രസിഡന്റും എസ്.മിനി സെക്രട്ടറിയും എ.സബൂറ ട്രഷററുമായി 41 അംഗ ജില്ലാ കമ്മിറ്റിക്ക് കൺവൻഷൻ രൂപം നൽകി.

ജനകീയ സമരത്തെത്തുടർന്ന് പ്രഖ്യാപിക്കപ്പെട്ട മദ്യനയം നടപ്പിലാക്കണമെന്നും സർക്കാരിന്റെ നിർഭയ കേന്ദ്രങ്ങളിൽ പെൺകുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സർക്കാർ അടിയന്തിരമായി കൈക്കൊള്ളണമെന്നുമുള്ള പ്രമേയങ്ങളും കൺവൻഷൻ അംഗീകരിച്ചു. എല്ലാ പഞ്ചായത്തിലും സ്ത്രീ സുരക്ഷാ സമിതിയുടെ യൂണിറ്റുകൾ ആരംഭിക്കുവാനും ഡിമാന്റുകളടങ്ങിയ ഭീമഹർജി മുഖ്യമന്ത്രിക്ക് സമർപ്പിക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും കൺവൻഷൻ തീരുമാനിച്ചു. ■

# സ്ത്രീ സുരക്ഷാ സമിതിയുടെ കോഴിക്കോട് സെമിനാർ

**സ്**ത്രീസുരക്ഷാ സമിതി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്ത്രീ സുരക്ഷാ നിയമങ്ങളും പ്രയോഗവും എന്ന വിഷയത്തിൽ നടന്ന സെമിനാർ സ്പോർട്സ് കൗൺസിൽ ഹാളിൽ ജില്ലാ അഡീഷണൽ സബ് ജഡ്ജി ആർ.എൽ.ബൈജു വിഷയം അവതരിപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. പ്രൊഫ. സി.വി.കുമാരൻ അദ്ധ്യക്ഷതവഹിച്ചു. ഡോ. സ്നേഹപ്രഭ, സി.എം.കുട്ടപ്പൻ, മോഹൻദാസ് കായക്കൊടി, മൊയ്തു കണ്ണൻകോട്, സി.ഷീബടീച്ചർ, ആശടീച്ചർ, അഡ്വ. ടി.ജെ.ഡിക്സൺ, എരവെട്ടൂർ ബാലകൃഷ്ണൻ, എ.ശേഖർ എന്നിവർ സെമിനാറിൽ പങ്കെടുത്തു. കെ.പി.സുബൈദ സ്വാഗതം പറഞ്ഞു. ■




സെമിനാർ കോഴിക്കോട് ജില്ലാ അഡീഷണൽ സബ് ജഡ്ജി ആർ.എൽ.ബൈജു ഉദ്ഘാടനം ചെയ്യുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.